
ദേവപ്രഭാ

മദ്ധ്യസ്ഥൻ.



പുസ്തകം.൨) 1930 ഏപ്രിൽ. മേയ്. (ലക്കം 10, 11

License No 153.



വിഷയവിവരണിക

1. കുശികപ്പെട്ട മശിഹാ.
എൻ. എക്സ് കുയ്ൻ ബി. ഏ. ബി. എൽ
2. മഹാത്മാവായ മാർ യൌസേപ്പിന്റെ ജീവചരിത്രം.
ഡി. വ. ദി. ശ്രീ. ഇ. മെത്രാനച്ചൻതിരുമനസ്സുകൊണ്ട്.
3. ശുദ്ധമുള്ള രൂഹായും മലങ്കരയും. റവ. ഫാദർ ഫ്ലാസിഡ്
സി. ഡി. പി എച്ച് ഡി. ഡി. ഡി. ഡി. സി. എൽ.
4. യജമാനന്റെ വഴി. റവ. ഫാദർ തോമ്മസ് അയ്യങ്കാ
നാൽ പ്രഫസർ, വൃത്തൻ പള്ളി സെമ്മിനാരി.
5. സുവിശേഷവായന. റവ. ഫാദർ എ. സി. ഈപ്പൻ
ബി. ഏ. പി. എച്ച്. ഡി.
6. പീഡാനുഭവവും, വേദപ്രചാരണവും. ക. നി. മ, സ.
മാണിക്കത്തനാർ.
7. ദിവ്യകാരുണ്യദീവം. ഫാദർ എജിദിയോസ് സി. ഡി.
8. ലോകത്തിൽ കത്തോലിക്കമതത്തിനുള്ള സ്ഥാനം.
9. പരിശുദ്ധ അ, കന്യകയുടെ അതിസഖ്യം. ഡയറക്ടർ.
10. കഷ്ടാനുഭവമാഹാത്മ്യം. റവ. ഫാദർകരുവിളകല്ലറയ്ക്കൽ.
11. ഉപന്യാസമത്സരം.
12. കാർഡിനൽ പച്ചെല്ലി- റവ. ഫാദർ തോമ്മസ് കളം.
13. ഈയാണ്ടത്തെ ക്രിസ്തുമസ് പിരിവ്.
റവ. ഫാദർ ഡൊമിനിക്ക് തോട്ടാശേരി എം. ഏ.
14. "ലോകരക്ഷിതാവേ! രക്ഷയേ രക്ഷിക്കേണമേ".
റവ. ഡോക്ടർ സിറിയക്ക് കാപ്പിൽ പി. എച്ച്. ഡി.
15. പത്രാധിപക്കുറിപ്പുകൾ.
16. ക്രിസ്തുനമ്മോട്ട്. ഗാഥ. റവ. ഫാദർഫിലിപ്പുക ണ്ടങ്കരി.
17. കത്തോലിക്ക് സാഹിത്യം. പത്രാധിപർ.
18. ജപമാലസ്തോത്രസഖ്യം. റവ. ഫാദർ മാത്യു അലക്കളം.
19. വർത്തമാനക്കുറിപ്പുകൾ.
20. ഉപകാരസ്മരണകൾ.
21. ചരമവാർത്ത.
22. കത്തോരിക്കാർഷം.

മദ്ധ്യസ്ഥൻ.

പുസ്തകം ൨൰) ൧൯൰൨ം ഏപ്രിൽ, മെയ്. (ലക്കം ൧൦, ൧൧.

* ക്രൂശിക്കപ്പെട്ട

മിശിഹാ.

എൻ. എക്സ്. കുര്യൻ ബി. ഏ. ബി. എൽ.

(കഴത്തിൽ വീഴന്തമാലൈ എന്നമട്ട്)

൧ അരുമയാംദേഹംഇരുകള്ളർനടുവിൽ
അരുതറച്ചീകുരിശിന്മേൽ?
തിരുമുടിജടയിതിലരുണമാംരുധിരം,
പുരളുവാനെന്തൊരുകാരണവും?

൨ തങ്കംതാഴ്ന്നംഗമശേഷം,
അങ്കിതമായിഹമുറിവുകളാൽ;
ശങ്കംകൂതിയഴുന്തിഹരക്തം,
സങ്കുലമായിതുമുറിവുകളാൽ

൩ ആണികൾമൂന്നിൽപ്രാണൻവെടിവാൻ
കാരണമാരിന്നുളവാക്കീ
ശോണിതമായിപ്രേതംതുങ്ങി
ക്കാണുവാനെന്തൊരുകാരണവും?

൪ രേ, രേ, ദുഷ്ടന്മാരാംനരരേ,
നോക്കുക! നിങ്ങൾമൂലന്താൻ
അഖിലേശൻതൻസുതനാമീശൻ
അവമാനത്തിൽമരിച്ചീവം.

---

* ഉടൻപ്രസിദ്ധപ്പെടുത്തുവാനിരിക്കുന്ന 'കീർത്തനമഞ്ജരി'യിൽനിന്നു്.

മഹാത്മാവായ മാർ യൗസേപ്പിന്റെ ജീവചരിത്രം.

അദ്ധ്യായം ൧൦.

മാതാപിതാക്കന്മാരുടെ മരണം.

൧. പിതാവിനെ ആശ്വസിപ്പിക്കുന്നു:—അമ്മയുടെ മരണശേഷം തന്റെ വൃദ്ധനായ പിതാവിനെ ആശ്വസിപ്പിക്കുന്നതിനു നമ്മുടെ വിശുദ്ധബാലൻ ബദ്ധശ്രദ്ധനായി കാണപ്പെട്ടു. പിതാവിന്റെ അശ്രുധാര ശമിച്ചപ്പോൾ പുത്രൻ മറയത്തുമാറിനിന്നു കരയുവാൻ തുടങ്ങി. "എനിക്കു ഏറ്റവും സ്നേഹമുള്ള എന്റെ ദൈവമെ! എനിക്കു നേരിട്ടിരിക്കുന്ന ഈ മഹാദുഃഖത്തിൽ എന്നെ നീ ആശ്വസിപ്പിക്കേണമെ" എന്നും മറ്റും ആയിരുന്നു യൗസേപ്പിന്റെ പ്രലാപം. അവന്റെ അമ്മ നിത്യശാന്തി അനുഭവിക്കുന്നുവെന്നു ദൈവം യൗസേപ്പിനെ വേഗം മനസ്സിലാക്കി. അപ്പോൾ നമ്മുടെ വിശുദ്ധന്നു വലിയ ഹൃദയസമാധാനം ഉണ്ടാകുകയും, തൽക്ഷണം സ്വപിതാവിന്റെ വക്കൽ വീണ്ടും പോയി സാന്ത്വനവചനങ്ങൾ വീണ്ടും പറഞ്ഞു തനിക്കു നൽകിയ സമാധാനത്തിന്റെ ഒരംശം വൃദ്ധനായ യാക്കോബിനും പകർന്നുകൊടുത്തു.

൨. പിതാവിനും സുഖക്കേട്ട്:—ഏറെ താമസിയാതെ യാക്കോബു രോഗശയ്യയെ അവലംബിക്കേണ്ടതായി വന്നുകൂടി. ദിനംവിഷമസ്ഥിതി ആയപ്പോൾ നമ്മുടെ യൗസേപ്പിന്റെ ഹൃദയം ദുഃഖംകൊണ്ടു നിറഞ്ഞു. അമ്മയെ രണ്ടുമൂന്നുമാസം ഉറക്കിളച്ചു ശുശ്രൂഷിച്ചതിന്റെ ക്ഷീണം ശമിക്കുന്നതിന്റെ മുമ്പാണു അപ്പനേയും യൗസേപ്പു പരിചരിക്കേണ്ടിവന്നതു്. എങ്കിലും ദൈവം തന്നെ സഹായിക്കുമെന്ന ശരണപ്പെട്ടുകൊണ്ടു സ്വസുഖത്തെ അഗണ്യമാക്കി രാപകൽ പിതാവിനു ശുശ്രൂഷചെയ്തു. എന്നാൽ യാക്കോബിനു രോഗക്ലേശത്തെക്കാൾ അധികം സ്നേഹം മകന്റെ കഷ്ടപ്പാടു കാണുന്നതിനായിരുന്നു. ഇതു് യൗസേപ്പു മനസ്സിലാക്കിക്കൊണ്ടു് "അപ്പാ! എന്നെക്കുറിച്ചു് ഒന്നും അങ്ങു ദുഃഖിക്കേണ്ട. എന്റെ കാര്യം ഒക്കെ ദൈവം ശരിയാക്കികൊള്ളും. ഇപ്പോൾ അങ്ങു് അനുഭവിക്കുന്ന സമസ്സങ്കടങ്ങളും ദൈവസ്തുതിക്കായും, ആത്മാക്കളുടെ രക്ഷയ്ക്കായും. കാത്തുവയ്ക്കണമെന്നു മാത്രമെ

എനിക്കപേക്ഷയുള്ളൂ" എന്നു് എന്തുകൊണ്ടും അളവറ്റ സ്നേഹത്തോടുകൂടി പിതാവിനെ ധരിപ്പിച്ചു. യൗസേപ്പിന്റെ ഈ വാക്കുകൾ കേട്ടു യാക്കോബു വളരെ തൃപ്തിയോടും ധൈര്യത്തോടുംകൂടി താഴെ വരുംപ്രകാരം തന്റെ വാത്സല്യപുത്രനോടു് അന്ത്യശാസനമെന്നവണ്ണം പറയുകയുണ്ടായി. "എന്റെ മകനെ ഞാൻ മരിക്കുന്നതു് അത്യന്തം സമാധാനത്തോടുകൂടിയാകുന്നു. എന്തെന്നാൽ നീ പുണ്യത്തിൽ ശീലിച്ചിരിക്കുന്നതായും ദൈവഭയവും ദൈവസ്നേഹവും നിന്നിൽ വളർന്നു വരുന്നതായും ഞാൻ ഗ്രഹിച്ചിരിക്കുന്നു. മാത്രമല്ല നിന്റെ സ്ഥിതിക്കൊത്തവണ്ണം ജീവിക്കുന്നതിനും നിന്റെ ഹിതംപോലെ ധർമ്മം ചെയ്യുന്നതിനും ആവശ്യമുള്ള ലോകവസ്തുക്കൾ നിനക്കു തരുന്നതിനും എനിക്കു ഭാഗ്യമുണ്ടായി. എന്റെ ആത്മാവിനെ നിന്റെ പ്രാർത്ഥനയ്ക്കു ഞാൻ കൈയ്യേൽപിച്ചിരിക്കുന്നു. ദൈവം എന്റെ പാപങ്ങളൊക്കെയും ക്ഷമിച്ചു് രക്ഷയുടെ സ്ഥലത്തു് എന്നെ ചേർക്കുന്നതിനു നീ സദാ അപേക്ഷിക്കണം. നിന്റെ പ്രിയമാതാവിനെയും എന്നെയും നീ മറക്കരുതു്. നിന്നെ ഞങ്ങൾ എത്രയോ സ്നേഹിച്ചിരുന്നുവെന്നു നിനക്കറിയാമല്ലൊ. ഇനി ശേഷിച്ചിരിക്കുന്നതു് എന്റെ പിതാവിനുള്ള അനുഗ്രഹാശീർവാദം നിനക്കു നൽകുകയെന്നതും ദൈവം തന്റെ അനുഗ്രഹങ്ങൾ കൊണ്ടു് അതു സ്വീകരിക്കുകയെന്നതുമാണു്." ഉടനെ നമ്മുടെ യൗസേപ്പു മുട്ടുകുത്തി പിതാവിന്റെ അനുഗ്രഹാശീർവാദങ്ങൾ. അതിന്റെ ശേഷം തനിക്കു ചെയ്തിട്ടുള്ള നിരവധി നന്മകൾക്കായിട്ടും പ്രത്യേകമായി തനിക്കു നൽകിയ സന്മാർഗ്ഗപരിശീലനം, സുദൃഷ്ടാന്തം എന്നിതുകൾക്കായിട്ടും യൗസേപ്പു തന്റെ പ്രിയ പിതാവിനു് ഉപകാരം പറയുകയും തന്റെ കുറ്റങ്ങൾക്കെല്ലാം ക്ഷമയാചിക്കുകയും ചെയ്തു. അവൻ യാതൊരു പ്രകാരത്തിലും താനനുസരിപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടു ക്ഷമായാചനത്തിനു് ആവശ്യമില്ലെന്നു് പിതാവു് ഉത്തരംകൊടുത്തുവെങ്കിലും മകന്റെ നിർബന്ധംകൊണ്ടു് അവനെ സന്തോഷിപ്പിക്കുന്നായി മാത്രം "ഞാൻ നിന്നോടു സകലതും പൊറുത്തിരിക്കുന്നു" എന്നു യാക്കോബു പുഞ്ചിരിയോടെ പറഞ്ഞു. പിന്നെയും നമ്മുടെ യൗസേപ്പു തന്റെ അവകാശവസ്തുക്കൾ മുഴുവനും വിറ്റു പള്ളിക്കും പാവപ്പെട്ടവർക്കും ദാനം ചെയ്യുന്നതിനുള്ള അനുവാദം ചോദിച്ചു. "ദൈവതിരുമനസ്സു് അപ്രകാരമെന്നു നീ വിചാരിക്കുന്നുവെങ്കിൽ അങ്ങനെ നീ ചെയ്തുകൊൾക" എന്നു യാക്കോബു സമ്മതിച്ചു. ഇതു നമ്മുടെ യൗസേപ്പിനെ അത്യധികം സന്തോഷിപ്പിച്ചു.

"ശുദ്ധമുള്ളൂഹായും" മലങ്കരയും.

(റവ. ഫാദർ പ്ലാസിഡ് സി. ഡി. പിഎച്ച്. ഡി. ഡി. ഡി. ഡി. സി. എൽ.)

"മലങ്കരയെയുള്ള കത്തോലിക്കാസുറിയാനിക്കാർ ഉദയമ്പേരൂർ സൂനഹദോസിൽവച്ചോ അതിനുശേഷമോ വിശ്വാസംമാറുകയാലാണ് അവരിപ്പോൾ, റൂഹാപുത്രനിൽനിന്നും പുറപ്പെടുന്നുഎന്നു വിശ്വസിച്ചുവരുന്നത്: ഉദയമ്പേരൂർ സൂനഹദോസിനുമുമ്പു മലങ്കര സുറിയാനിക്കാരിൽ ആരും ഇങ്ങനെ വിശ്വസിച്ചിരുന്നില്ല. അതിനാലത്രെ മലങ്കരയാക്കോബായസഭ റൂഹാ പിതാവിൽനിന്നുമാത്രമെ പുറപ്പെടുന്നുള്ളു എന്നുപറയുന്നത്. മലങ്കരയുടെ ഈ വിശ്വാസംതന്നെയാണ് ശീമയിലുള്ള യാക്കോബായവിശ്വാസവും," എന്നിപ്രകാരം മലങ്കരയാക്കോബായ നേതാക്കന്മാരിൽ ചിലർ ഇപ്പോൾവാദിച്ചുതുടങ്ങിയിരിക്കുന്നതുശരിയല്ല.

മൂന്നാംക്രൂടിയാലോചനയിൽ ൧൮-ാം നിയമത്തിൽ ഉദയമ്പേരൂർ സൂനഹദോസ് ഇപ്രകാരംപറയുന്നു:—"കർബാനയിൽ പാടപ്പെടുന്നതും വിശുദ്ധ ശ്ലീഹന്മാരാൽ ഉണ്ടാക്കപ്പെട്ടതും, സാവ്ത്രികങ്ങളായ വിശുദ്ധ സൂനഹദോസുകളിൽ വ്യാഖ്യാനിക്കപ്പെട്ടതും ആയ വിശ്വാസപ്രമാണത്തിൽ അഥവാ "ക്രേദോ"യിൽ പ്രധാനാംശസ്യങ്ങളും നമ്മുടെ വിശ്വാസതത്വങ്ങളും അടങ്ങിയിരിക്കെകൊണ്ട് അതിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും കൂട്ടുകയൊ കുറയ്ക്കുകയൊ ചെയ്യുകശരിയല്ല; പിന്നയൊ പള്ളിമുഴുവനിലും ലോകംമുഴുവനിലും പാടപ്പെടുന്നതുപോലെതന്നെ ഈ പള്ളിയിലും ഈ ഇടവകയിലും യാതൊരുന്യായത്താലും കൂട്ടാതെയും കുറയ്ക്കാതെയുംപാടപ്പെടണം; ആകയാൽ അതിൽ ഇല്ലാത്തവാക്കുകൾ കൂട്ടിച്ചേർക്കണമെന്നു സൂനഹദോസുകല്പിക്കുന്നു; അതിനാൽ "എല്ലായുഗങ്ങൾക്കുംമുമ്പു പിതാവിൽനിന്നു ജനിച്ചവൻ" എന്നു കത്താവായമിശിഹായെ ഉദ്ദേശിച്ചുപറഞ്ഞിരിക്കുന്നടത്തു "ദൈ

വത്തിൽനിന്നുള്ള ദൈവം വെളിച്ചത്തിൽനിന്നുള്ള വെളിച്ചം, സത്യദൈവത്തിൽനിന്നുള്ള സത്യദൈവം "എന്നവാക്കുകൾ കൂടിചേർക്കണം. കൂടാതെയും "പിതാവിന്റെസത്യം തന്നെയുള്ളവൻ"ൻ[Consubstntialis Patri] എന്നവാക്കുകൾകൂടിചേർക്കണം; കൂട്ടിച്ചേർക്കപ്പെട്ട "പിതാവിന്റെ സത്വത്തിന്റെപുത്രൻ" [Filius Essentiae Patris] എന്നവമായിക്കപ്പെടണം. ഇപ്രകാരം ഈ ഇടവകയിൽ ആഘോഷമായ കർബാനകളിൽ പാടപ്പെട്ടുന്ന വിശ്വാസപ്രമാണം, കത്തോലിക്കാസഭമുഴുവനിലും പാടപ്പെടാവുള്ള വിശ്വാസപ്രമാണത്തോട് പൂർണ്ണമായിയോജിക്കുന്നതായിതീരും." Actio III. Decretum II.

മലങ്കരയുടെ അന്നത്തെ വിശ്വാസപ്രമാണത്തിൽ ഇല്ലാതിരുന്നവയോ മാറേണ്ടവയോ ആയി സൂനഹദോസു എടുത്തുകാണിക്കുന്നഭാഗങ്ങൾ നീക്കിയാൽ മറുഭാഗങ്ങൾ കത്തോലിക്കാസഭ ഒട്ടുക്ക് അന്നുപയോഗിച്ചിരുന്ന വിശ്വാസപ്രമാണത്തോട് പൂർണ്ണമായി യോജിക്കുമെന്നു സൂനഹദോസു സമ്മതിക്കുന്നു. കത്തോലിക്കാസഭയിൽ പാടപ്പെട്ടുന്ന വിശ്വാസപ്രമാണമെന്നു പറയുകയിൽ സൂനഹദോസുദ്ദേശിക്കുന്നതു് റോമാ തക്സായിൽ അന്നുണ്ടായിരുന്ന വിശ്വാസപ്രമാണമാണെന്നു സൂനഹദോസിന്റെ അഞ്ചാം ക്രൂടിയാലോചനയുടെ ഒന്നാം നിയമത്തിൽനിന്നു തെളിയുന്നു. ഈ വിഷയംസംബന്ധിച്ചു അവിടെ ഇങ്ങനെ പറയുന്നു.

"അപ്രകാരം തന്നെ ആഘോഷമായ കർബാനകളിൽ പാടപ്പെട്ടുന്ന വിശ്വാസപ്രമാണത്തിൽ പല വാക്കുകൾ ഇല്ലാതിരിക്കുന്നു. അവ പ്രധാനപ്പെട്ടവയും മനഃപൂർവമായ വഞ്ചനകൊണ്ടല്ലാതെ നീക്കപ്പെട്ടവയും അല്ല. എന്തെന്നാൽ "എല്ലായുഗങ്ങൾക്കും മുമ്പു പിതാവിൽ നിന്നും ജനിച്ചവൻ എന്നു കത്താവായ മിശിഹായെപ്പറ്റി പറയുകയിൽ, ദൈവത്തിൽ നിന്നുള്ള ദൈവം, വെളിച്ചത്തിൽ നിന്നുള്ള വെളിച്ചം സത്യദൈവത്തിൽനിന്നുള്ള സത്യദൈവം "എന്നുള്ളവ കാണപ്പെട്ടുന്നില്ല. ഇവ കൂട്ടിചേർക്കപ്പെടണം. ഇതുപോലെതന്നെ "പിതാവിന്റെ സത്വം തന്നെയുള്ളവൻ" (consubstantialem Patri) എന്നവയുടെ സ്ഥാനത്തു "പിതാവിന്റെ സത്വത്തിന്റെ പുത്രൻ" (Filius Essentiae Patris) എന്നു സുറിയാനിയിൽ കാണുന്നു. അവമായിക്കപ്പെടുകയും വകരം "പിതാവിന്റെ സത്വംതന്നെയുള്ളവൻ" എന്നതുചേർക്കപ്പെടുകയും ചെയ്യണം. ഇപ്രകാരം പള്ളിമുഴുവനിലും റോമാ തക്സായിലും ഉള്ളതോതോ അതുതന്നെ (ഈ) വിശ്വാസപ്രമാണവും ആയിത്തീരും" (Actio V. de sacrificis missae Decr 1)

റോമാ തക്സായിൽ അന്നു് റൂഹാ പുത്രനിൽ നിന്നും പുറപ്പെടുന്നു എന്നുണ്ടായിരുന്നു. ആകയാൽ അതു് മലങ്കരയുടെ വിശ്വാസപ്രമാണത്തിലുമുണ്ടായിരുന്നു. കുർബാനയിൽ പരസ്യമായി പ്രഖ്യാപനം ചെയ്യിരുന്ന ഈ സത്യം മലങ്കരസഭ വിശ്വസിച്ചിരുന്നില്ലെന്നു എങ്ങനെ സമർത്ഥിക്കും?

ഇതു തന്നെ റോളിൻ 307-ാം പക്ഷത്തിലും Subsidium ad Bullarium Patronatus Portugalliae എന്ന പുസ്തകത്തിന്റെ 27-ാം പക്ഷത്തിലും കാണാവുന്നതാണ്. മലങ്കരയുടെവിശ്വാസപ്രമാണത്തിൽ ഇല്ലാതിരുന്നവയായി സൂനഹദോസു പറയുന്ന ഭാഗങ്ങൾ പല പുരാതന വിശ്വാസപ്രമാണങ്ങളിലും ഇല്ലായിരുന്നു.

പുത്രനിൽ നിന്നും റൂഹാ പുറപ്പെടുന്നുഎന്ന മലങ്കരയുടെ വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർത്തതു് ലത്തീങ്കാരായിരുന്നെങ്കിൽ ഇല്ലാതിരുന്നവയായി സൂനഹദോസു പറയുന്ന ഭാഗങ്ങളും അവർ കൂട്ടിച്ചേർക്കുമായിരുന്നു.

"പിതാവിന്റെ സത്വത്തിന്റെ പുത്രൻ" എന്നതിന്റെ സുറിയാനി "ബർക്യാനേ ദാബാ"എന്നാകുന്നു. ഇതു് തെറ്റല്ല. ബർ എന്ന പദത്തിന്റെ പ്രയോഗം മനസ്സിലാക്കാൻ പാശ്ചാത്യർക്കു് സാധിക്കാഞ്ഞതിനാലത്രെ അവർ അതു മാറ്റിക്കളഞ്ഞതു്. കത്തോലിക്കരായ കൽദായക്കാർ ഇന്നും "ബർക്യാനേ ദാബാ" എന്നു് വിശ്വാസപ്രമാണത്തിൽ ചൊല്ലിവരുന്നു.

ഉദയമ്പേരൂർ സൂനഹദോസിനു മുമ്പു് റൂഹാ പിതാവിൽ നിന്നു മാത്രമെ പുറപ്പെടുന്നുള്ളു എന്നു് മലങ്കരസഭ വല്ല കാലത്തും വിശ്വസിച്ചിരുന്നെങ്കിൽ അതു് പുരാതന വിശ്വാസത്തിൽ നിന്നു് വ്യതിചലിച്ചതുകൊണ്ടാകുവാനെ പാടുള്ളു. എന്തെന്നാൽ പുരാതന കാലത്തു് മലങ്കര ബാബേൽസഭയെ ആശ്രയിച്ചു നിന്നിരുന്നു. ആ സഭ 410-ൽ കൂടിയ ഒരു സൂനഹദോസിൽ അതിന്റെ വിശ്വാസം രേഖപ്പെടുത്തിയതു് ഇങ്ങനെയാണു്. "പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന ജീവനുള്ളവനും പരിശുദ്ധനുമായ അരൂപി" (Lamy Le concile tenu a Seleucie- Ctesiphon Bruxelles 1895. 2 section p. 267 sq.) പരിശുദ്ധാരൂപി അവരിൽനിന്നു് (പിതാവിൽ നിന്നും പുത്രനിൽനിന്നും) പുറപ്പെടുന്ന എന്ന ബാബേൽ സഭയുടെ കാനോൻ ജപത്തിൽ ഒരു ഭാഗത്തുണ്ടായിരിക്കുന്നു. ബാബേൽ സഭ ഇടയ്ക്കു് നെസ്റ്റോറിയൻ വിശ്വാസം സ്വീകരിച്ചെങ്കിലും റൂഹായുടെ പുറപ്പാടു ബ

സ്ഥിച്ചുള്ള പുരാതന വിശ്വാസം ത്യജിച്ചില്ലെന്നുള്ളതിന്നു താഴെ പോരുന്ന കൃതികളിൽ ധാരാളം തെളിവുകളുണ്ടു്.

The Nestorian Explanation of the symbol (Badgar "The Nestorians" London 1852, II. 79; Cureton, "Ancient Syriac Documents Relative to the Earliest Establishment of Christianity in Edessa" London, 1864, 43; "The Doctrine of Addai, the Apostle" ed. Philips, London 1876.)

ശീമയിലുള്ള യാക്കോബായ സഭയുടെ വിശ്വാസം മറിച്ചാണെങ്കിൽ അതാണു് സാക്ഷാൽ വിശ്വാസ മാറ്റം. എന്തെന്നാൽ 16-ാം ശതാബ്ദത്തിൽ യാക്കോബായ സഭാഭരണം നടത്തിയിരുന്ന മൂന്നാം ദിവന്നിയാസിയൂസ് പാത്രിയക്കീസ് മെത്രാന്മാരുടെ ഒരു സൂനഹദോസു കൂട്ടുകയും അ സൂനഹദോസിന്റേതായിട്ടു് എജീപ്തിലെ ഏകസഭാവാദി പാത്രിയക്കീസായിരുന്ന മെന്നാസിനു് ഇങ്ങനെ എഴുതുകയും ചെയ്തു. "പിതാവു് ആരിൽനിന്നുമല്ല. ജനിപ്പിക്കപ്പെടാത്തവനാകുന്നു. പുത്രനാകട്ടെ നിത്യതയും മുതൽ പിതാവിൽനിന്നു ജനിക്കുന്നു. റൂഹാ ദക്കുദ്ശായോ എന്നാൽ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു." (Assemani. B. O. T. II. P. 131. 132.) റൂഹാ "പുത്രനിൽനിന്നും പിതാവായ ദൈവത്തിൽനിന്നും പുറപ്പെടുന്നു" എന്നപ്രസ്താവിച്ചിരുന്നു. വി. ക്രിസോസ്തോമിന്റെ ഒരുമേ ഖനംഅപ്പോസ്തോലസ്സു് സൂനഹദോസു് അംഗീകരിച്ചു. യാക്കോബായക്കാർ അപ്പോസ്തോലസ സൂനഹദോസു സ്വീകരിക്കുന്നില്ലയോ? ക്രിസോസ്തോമിനെ വിശുദ്ധനായി വണങ്ങുന്നില്ലയോ?

മലങ്കരയാക്കോബായസഭയുടെ വിശ്വാസവും ഈ അടുത്തകാലം വരെ ഇതിൽനിന്നു വ്യത്യസ്തമല്ലായിരുന്നു. വട്ടശേരിൽമാർ ഗീവറുഗീസുദിവന്നാസിയൂസു് മെത്രാച്ചൻ മലയാളത്തിൽ എഴുതിയ "മതോപദേശസാരങ്ങൾ" എന്നപുസ്തകം 9-ാം സംഗതിയിൽ പറയുന്നതു് ഇങ്ങനെയാണു് "ശുദ്ധമുള്ളൂഹായായ ദൈവം...പിതാവിൽനിന്നുപുറപ്പെടുന്നവനും പുത്രനിൽനിന്നു് എടുക്കുന്നവനും ആകുന്നു." ഇതുതന്നെയാണു് കത്തോലിക്കരുടെ വിശ്വാസം. ദൈവിക അളുകൾതമ്മിൽ എടുക്കുക കൊടുക്കുക എന്നവസ്തു പകരം പറയുന്ന പദമാണു് "പുറപ്പെടുക" എന്നതു്. പ്രസ്തുതപുസ്തകം അന്നത്തെ മലങ്കരയാക്കോബായ മെത്രാന്മാരെല്ലാവരുടെയും അംഗീകരണത്തോടെയാണു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. അന്നുള്ളപ്പോഴത്തെ ബാവാമെത്രാൻകക്ഷികൾ ഇല്ലായിരുന്നുഎന്നതും പ്രസ്താവ്യമാണു്.

ന്യൂനവിശ്വാസം സൃഷ്ടിച്ചവരെന്നു കത്തോലിക്കാസുറിയാനിക്കാരെ ആക്ഷേപിക്കുന്ന യാക്കോബായ നേതാക്കന്മാരും അവരെ അനുഗമിക്കുന്നവരും മലങ്കരയുടെ ചരിത്രം കൂടി പഠിക്കണമെന്ന് ഒരു അപേക്ഷയുണ്ട്.

യജമാനന്റെ വഴി.

(അയ്യങ്കനാൽ കൊച്ചുതോമ്മാ കത്തനാർ,
പ്രഥമർ, പുത്തൻപള്ളി സെമ്മിനാരി.)

ഒരു രാജാവിന്റെ വേലക്കാരൻ ആടിപ്പാടി ചിരിച്ചു കളിച്ചുല്ലസിച്ചിരുന്നു. അതേ സമയം തന്നെ രാജാവിന്റെ കച്ചേരിയിൽ അവന്റെ കൊല വിധി പ്രസ്താവിച്ചും കഴിഞ്ഞിരുന്നു. സാധു ഈ വർത്തമാനം അറിഞ്ഞേ ഇല്ല. എന്നാൽ യുവരാജൻ, അവന്റെ മേലുള്ള അലിവു നിമിത്തം തന്റെ കിരീടവും രാജകീയാഡംബരങ്ങളും നീക്കിക്കൊണ്ട് ദാസവേഷം ധരിഞ്ഞു് ദൈന്യനായി കരച്ചിലോടും നിലവിളിയോടും കൂടെ കച്ചേരിയിൽ ചെന്ന് വേലക്കാരന്റെ മേലുള്ള വിധിത്തീർപ്പ് തന്റെ മേൽതന്നെ അപേക്ഷിച്ചു വാങ്ങിച്ചു. കളിച്ചുകൊണ്ടിരുന്ന വേലക്കാരൻ തന്റെ കൊച്ചു യജമാനൻ മേൽ പറഞ്ഞ വികൃത വേഷത്തിൽ പോകുന്നതു് കാണുകയും കാരണം എങ്ങനെയോ മനസ്സിലാക്കുകയും ചെയ്തു. അപ്പോൾ അവൻ എന്തു ചെയ്തിരിക്കുമെന്നാണ് ഊഹിക്കേണ്ടതു്. നിശ്ചയമായും അവൻ അവന്റെ കളി നിറുത്തി എന്തുകൊണ്ടും വലിയ ഉപകാരിയായ രാജകുമാരനോടു് അനുകമ്പ തോന്നി അദ്ദേഹത്തെ അനുഗമിച്ചു് അവനു ചെയ്യാൻ പാടുള്ളതെല്ലാം ചെയ്തിരിക്കണം. മാറിച്ചു് അവന്റെ ഉല്ലാസം തുടർന്നുകൊണ്ടിരിക്കയാണ് ചെയ്തിരുന്നതെങ്കിൽ അവൻ ഒരു നന്ദിയില്ലാത്ത മൂർഖനെന്നു വിളിക്കപ്പെട്ടതന്നെ വേണം. എന്നാൽ ഇതു ബെല്ലാർദ് പുണ്യവാന്റെ ഒരു ഉപമ മാത്രമാണ്. രാജകുമാരന്റെ ഭാഗം നമ്മുടെ കർത്താവ് യഥാർത്ഥമായി നിർവഹിച്ചു കഴിഞ്ഞിരിക്കുന്നു. വേലക്കാരന്റെ സ്ഥാനം നാമോരോരുത്തരിലും സ്ഥിതി ചെയ്യുകയും ചെയ്യുന്നു. ആകയാൽ നാം

ചെയ്യേണ്ടതു് എന്താണെന്നു് രീച്ച്പ്പെട്ടത്തേണ്ടതു നമ്മുടെ കടമ തന്നെ. അതു നമ്മുടെ കത്താവിനെ അനുഗമിക്കയല്ലാതെ മറെറാന്നുമല്ല. ഇതെ്രെ നമ്മുടെ യജമാനന്റെ വഴി. ഈ വഴിയിൽ ക്രൂടെ പോയെങ്കിൽ മാത്രമേ സ്വർഗ്ഗീയ പട്ടണമായരാജധാനിയിൽ എത്തുകയുള്ളു. ഈ വഴി തന്റെ കഷ്ടാനുഭങ്ങളാണെന്നു നമ്മുടെ ദിവ്യ യജമാനൻതന്നെ വെളിപ്പെട്ടത്തിട്ടുണ്ടു്. ഈ കഷ്ടാനുഭവങ്ങളെക്കുറിച്ചു് നാമെപ്പോഴും ചിന്തിക്കേണ്ടിയിരിക്കുന്നു. എന്നിരുന്നാലും ഇതുകളെപ്പററി വിശേഷിച്ചു് ചിന്തിക്കേണ്ട അവസരം അനുഭവ നോമ്പിന്റെ കാലമാണു്. നാമിപ്പോൾ അനുഭവിക്കുന്നതു് ആ കാലമാണല്ലോ. ആകയാൽ ഇവയെക്കുറിച്ചു് ചിന്തിക്കേണ്ടതു എന്തുകൊണ്ടെന്നും, അതുകൊണ്ടുള്ള പ്രയോജനമെന്തെന്നും മാത്രം ചുരുക്കമായിപ്പറയാം.

വളരെ ഉപകാരം!

—:*:—

മദ്ധ്യസ്ഥൻ വരിപ്പണം പിരിച്ചയച്ച തന്ന പല ബ. വൈദികർക്കും ഞങ്ങൾക്കും ഹാർദ്ദവമായി നന്ദിപറഞ്ഞു കൊള്ളുന്നു. വരിപ്പണം പിരിവിൽ ശേഷമുള്ളവരിൽ നിന്നും ഞങ്ങൾ പ്രതീക്ഷിക്കുന്ന സഹായത്തിനു് ഇപ്പോഴേ ഉപകാരം പറഞ്ഞു കൊള്ളട്ടെ! വേ. മ. മാ.

നമ്മുടെ കത്താവിന്റെ അവതാരം മുതൽ കുരിശു മരണം വരെയുള്ള ജീവിതം ഒരു കഷ്ടാനുഭവം തന്നെ ആയിരുന്നു. അവിടുത്തെ മനുഷ്യ സാധാരണമായ പല പ്രവൃത്തികളെക്കുറിച്ചും സുവിശേഷങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടു് എന്നാൽ അവിടുന്നു ചിരിച്ചതായി ഒരിടത്തും കാണുന്നില്ല. അതു താൻ അനുഭവിക്കേണ്ടിയിരുന്നാവീഡകളെന്നുമ്മ സഭാ തന്നിൽ കൂടി കൊണ്ടിരുന്നതു കൊണ്ടാണെന്നു ചില ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. സംക്ഷേപിച്ചു പറഞ്ഞാൽ എല്ലാവരെക്കാളും ഉന്നതൻ എല്ലാവരെക്കാളും താഴ്ത്തപ്പെട്ടതും, ശ്രേഷ്ഠൻ അവമാനിക്കപ്പെട്ടതും മഹിമയുള്ളവൻവിരുപവാനാക്കപ്പെട്ടതും ജ്ഞാനിപരിഹസിക്കപ്പെട്ടതും, ശക്തൻ ബന്ധിക്കപ്പെട്ടതും, നിർദ്ദോഷി അടിക്കപ്പെട്ടതും, വരിശുദ്ധൻ മൽമുടിധരിപ്പിക്കപ്പെട്ടതും, ശാന്തൻ ഇടിക്കപ്പെട്ടതും, ധനികൻ ദരിദ്രനാക്കപ്പെട്ടതും, ഔദാര്യവാൻ യാതൊന്നും

ഇല്ലാത്തവനാക്കപ്പെട്ടതും, വിരക്തൻ നഗ്നനാക്കപ്പെട്ടതും, പൂജ്യൻ ദൂഷിക്കപ്പെട്ടതും, ഉത്തമൻ കുറവു മുമ്പത്തപ്പെട്ടതും, ബുദ്ധിമാൻ ഭ്രാന്തനാക്കപ്പെട്ടതും, സത്യവാൻ കള്ളനാക്കപ്പെട്ടതും, മാധുര്യവാൻ കൈപ്പു കുടിപ്പിക്കപ്പെട്ടതും, സൂതിക്കത്തക്കവൻ ശപിക്കപ്പെട്ടതും, നീതിമാൻ ദ്രോഹിക്കപ്പെട്ടതും, വിനീതൻ അക്രമിയാക്കപ്പെട്ടതും, കഷ്ടാനുഭവം അല്ലാതെ പിന്നെയെന്താണു? സകല പുണ്യവാന്മാരും പുണ്യവതികളും സഹിച്ചതിനേക്കാളും, സഹിപ്പാനിരിക്കുന്നതിനേക്കാളും കൂടുതൽ പീഡകൾ ആത്മാവിലും ശരീരത്തിലും അനുഭവിച്ച അവിടുത്തെ, ഇവയെല്ലാം സഹിക്കണമല്ലോ എന്ന വിചാരം തന്നെ തോട്ടത്തിൽവച്ചു ചോര വിയർക്കത്തക്കവണ്ണം ദുഃഖിപ്പിച്ചുവെങ്കിൽ വാസ്തവത്തിൽ അനുഭവിച്ചപ്പോളുണ്ടായ കഷ്ടാനുഭവങ്ങളെ ആർക്കുഹിക്കുന്നതിനും വർണ്ണിക്കുന്നതിനും സാധിക്കും. തന്റെ കഷ്ടാനുഭവത്തിന്റെ അവസാനഘട്ടത്തിൽ പാറകൾ പിളർക്കുക, കല്ലറതുറക്കുക, തിരശ്ശീല കീറുക, സൂര്യൻ മറയുക, മുതലായ പ്രകൃതി മാറ്റങ്ങൾ കൂടെയുണ്ടായെങ്കിൽ, അതു, അക്കാലത്തു, എന്തിനായിട്ട് എന്നോക്കുന്ന ഏതു മനുഷ്യഹൃദയമാണ് തകരുകയില്ലാത്തതു. ഏതായാലും നാം ഇതുകളെക്കുറിച്ചു പാടുള്ളപ്പോഴൊക്കെയും ചിന്തിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ നാം ചെയ്യാൽ അതായതു് തന്റെ പങ്കുപാടുകളേയും കുരിശു മരണത്തേയും കുറിച്ചു കൂടെക്കൂടെ ചിന്തിച്ചാൽ, തന്റെ തിരുമുഖം തുടപ്പാൻ സാല്വനേരത്തേക്കുപയോഗിച്ച വേറോനിക്കായുടെ തൂവാലയിൽ തന്റെ തിരുമുഖത്തിന്റെ ചായ പതിപ്പാൻ തിരുമനസ്സായവനും, മുന്നമണിക്കുറനേരത്തേക്കു തുങ്ങിക്കിടക്കുമാത്രംകൊണ്ടു് ഒരുകഴുകുമരമായി തന്നെ തുക്കുവാൻ ഉപയോഗിച്ച കുരിശിനെ മറത്തപ്പെട്ടതിയവനുമായ അവിടുന്നു നമ്മുടെ ആത്മാവുകളെ—തന്റെ കഷ്ടാനുഭവങ്ങളുടെ ഓർമ്മ എപ്പോഴും മനസ്സിൽ വച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ആത്മാവുകളെ—എത്രയോ കായ്മയായി വിചാരിക്കയും മഹത്തപ്പെടുത്തുകയും ചെയ്യും.

കൂടാതെയും, ലോകത്തിന്മേലുള്ള ക്രമമറ്റ വികൃഷ്ടങ്ങളിൽനിന്നു നമ്മുടെ ആത്മാവുകളെ അകറ്റുന്നതിനും, ദുരാഗ്രഹങ്ങളെ അമർത്തുന്നതിനും, വൻകുറ്റം കഷ്ടാരിഷ്ടതകളെ ഇമ്പമുള്ളതാക്കുന്നതിനും, പരീക്ഷകളെ എതിർക്കുന്നതിനും, വിശ്വാസങ്ങളെ ഓടിക്കുന്നതിനും, ആത്മാവിനെ ദൈവികാശ്വാസങ്ങൾകൊണ്ടു നിറയ്ക്കുന്നതിനും, ബോധത്തെ പ്രകാശിപ്പിക്കുന്നതിനും, രക്ഷയെപ്പറ്റി ശരണപ്പെടുന്നതിനും, ദൈവനന്മയെ അറിഞ്ഞു പ്രതിസ്നേഹം കാണിക്കുന്നതിനും, സഹായിക്കു

ന്നതായി കത്താവിന്റെ "പങ്കപ്പാ"ടിനേലുള്ള വിചാരംപോലെ വേറൊരു പുണ്യപ്രവൃത്തിയുമില്ലെന്നു പറയേണ്ടിയിരിക്കുന്നു.

ഈ പുണ്യപ്രവൃത്തി നമ്മുടെ കത്താവിനു് ഏറ്റം ഇഷ്ടമുള്ളതാണെന്നു് താഴെ പറയുന്ന ദൃഷ്ടാന്തത്തിൽ നിന്നു മനസ്സിലാക്കാം. വി. മറിയം മഗ്ദലേന കത്താവിന്റെ സ്വർഗ്ഗാരോഹണശേഷം ഒരു ഗുഹയിൽ പോയി മുപ്പത്തിരണ്ടു വർഷം തപസ്സു ചെയ്തിരുന്നു. ദൈവത്തിനിഷ്ടമുള്ള ഏതു പുണ്യപ്രവൃത്തിയിലാണു് താനേർപ്പെട്ടിരിക്കേണ്ടതെന്നു് അറിയിക്കണമെന്നു ദൈവത്തോടപേക്ഷിച്ചുമിരുന്നു. എന്നാൽ ഇതിനുമുപടിയായിട്ടെന്നപോലെ ഒരു മാലാഖയെക്കൊണ്ടു് പുണ്യവതിയുടെ ഗുഹയുടെ വാതുക്കൽ ഒരു കുരിശു നാട്ടിക്കയാണു ചെയ്തതു്. തന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചു നാം എപ്പോഴും ഓർക്കുന്നതു് എന്തും നല്ല ഒരു പുണ്യപ്രവൃത്തിയാണെന്നും അതു തന്റെ ആഗ്രഹമാണെന്നുമുള്ളതിനു് പോരെ തെളിവു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ ഭക്തിയിൽ താൽപര്യം കാണിക്കാത്ത പുണ്യവാനോ പുണ്യവതിയോ ഉണ്ടായിരിക്കുമെന്നില്ല.

അതുകയാൽ നമ്മുടെ കത്താവിനു് ഏറ്റം ഇഷ്ടമുള്ളതും നമുക്കുവളരെ പ്രയോജനമുള്ളതുമായ കത്താവിന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ചധ്യാനിക്കുകയെന്ന ഈ ഭക്തകൃത്യം അനുഷ്ഠിക്കുന്നതിൽ നാം ശ്രദ്ധിക്കാത്തിരുള്ളവരായിരിക്കണം. ഇതിനുപ്രത്യേകിച്ചു നിശ്ചയിച്ചിരിക്കുന്നസമയം അമ്പതുനോയ്മുകാലമാണല്ലോ. അതുകൊണ്ടു് ഈ ദിവസങ്ങളെ നാം വിശേഷ ഭക്തിയോടുകൂടി ആചരിക്കണം. ഏതുജോലിയിലിരുന്നാലും ദിവസത്തിൽ പലപ്രാവശ്യവും കത്താവിന്റെ പീഡാനുഭവത്തെ ഓർക്കുക, സൗകര്യമുള്ളപ്പോഴൊക്കെ പീഡാനുഭവത്തെക്കുറിച്ചു എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ വായിക്കുക, വെള്ളിയാഴ്ചതോറും കുർബാനകാണുക, ക്രൂശുമായിട്ടു വിയോസാക്രു കഴിക്കുക എന്നിതുപോലുള്ള നന്മപ്രവൃത്തികൾ നാം ചെയ്യണം. വായനസംബന്ധിച്ചിടത്തോളം ഇവിടെ അല്പമൊന്ന ഓർപ്പിക്കേണ്ടതായിട്ടുണ്ടു്. ചില വീടുകളിൽ സന്ധ്യാനമസ്സാരങ്ങൾക്കുശേഷം മേൽപറഞ്ഞ മാതിരിയിലുള്ള പുസ്തകങ്ങൾ വായിക്കുന്ന ഒരു പതിവുണ്ടു്. ഇതു വളരെനല്ല ആചാരംതന്നെ. മറ്റെല്ലാ കുടുംബങ്ങളിലും ഇപ്രകാരം തന്നെയാണു് ചെയ്യേണ്ടതു്. രാത്രി നമസ്സാരംകഴിഞ്ഞു് ആരെങ്കിലും ഒരാൾ വായിക്കയും അതിനെ മറ്റുള്ളവർ ശ്രദ്ധയോടും ഭക്തിയോടുംകൂടി കേട്ടു ധ്യാനിക്കയും ചെയ്യണം. ഇതിൽ കുടുംബത്തലവന്മാർ വിശേഷ ജാഗ്രതയുള്ളവരായിരിക്കട്ടെ.

ഇങ്ങനെ സുകൃതവ്യാപാരങ്ങളാൽ നാം കർത്താവിനോടു നന്ദിയും സ്നേഹവും പ്രദർശിപ്പിക്കുമ്പോൾ തൻ സന്തുഷ്ടനായി നമ്മെ വിശേഷവിധത്തിൽ അനുഗ്രഹിക്കയും മരണശേഷം തന്നോടുകൂടി സ്വർഗ്ഗാനന്ദം അനുഭവിക്കുന്നതിനായിട്ട് നമ്മെ കൂട്ടാവകാശികളെന്നപോലെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോകയുംചെയ്യും. ഈ മഹാഭാഗ്യം സിദ്ധിക്കുന്നതിനു നമ്മെ ഏവരേയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

സുവിശേഷപ്രായന

(റവ. ഫാദർ എ. സി. ഈപ്പൻ ബി. എ. പിഎച്ച്, ഡി.)

കത്തോലിക്കാ സഭയും സുവിശേഷവും, അദ്ധ്യാപകനും പാഠപുസ്തകവും പോലെയും, മാതാവും ശിശുവും പോലെയും ബന്ധപ്പെട്ടിരിക്കുന്നു. സുവിശേഷം സഭയുടെ മാറ്റിൽ നിന്നു ജനിക്കയും, സഭയുടെ കരങ്ങളിൽ വെയ്ക്കപ്പെടുകയും ചെയ്തിരിക്കുന്നു. മിശിഹായുടെ മാതാവ് നിത്യപിതാവിന്റെ "വചനത്തെ" ഏതു ഭക്ത്യാദരവോടുകൂടി ഗർഭാലയത്തിൽ നിന്നും സ്വീകരിക്കയും പോറ്റുകയും കാത്തുസൂക്ഷിക്കയും ചെയ്തുവോ, അതുപോലെ സ്നേഹപൂർണ്ണമായ സൂക്ഷ്മത്തോടുകൂടി സഭാമാതാവ് മത്തായിയുടെയും മർക്കോസിന്റെയും ലൂക്കായുടെയും യോഹന്നാന്റെയും നാലുസുവിശേഷങ്ങളെ പരിശുദ്ധാത്മാവിയിൽ നിന്നു കയ്യേൽക്കുകയും, അനേകശതാബ്ദങ്ങളോളത്തോളം അവയെ സ്നേഹപൂർവ്വം കാത്തുസൂക്ഷിക്കയും ചെയ്തു. വി. ഐരേനിയോസ് (ഗാലോ. ക്ര. വ) പറയുന്നപോലെ, "പേരെ സുവിശേഷങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്", എന്നാൽ ദൈവത്തെ വെളിപ്പെടുത്തുന്ന വീഞ്ഞ്, മനുഷ്യകല്പിതകഥകളാകുന്ന മധുരമാക്കപ്പെട്ട വെള്ളത്തോട് കൂട്ടിക്കലർത്തപ്പെട്ടുന്നതിനു സഭ അനുവദിച്ചിട്ടില്ല. സുവിശേഷത്തെ സഭയ്ക്കുള്ളതിരായി വെയ്ക്കുന്നതിനു ശ്രമിക്കയും സുവിശേഷത്തിന്റെ പേരും അക്ഷരങ്ങൾപോലും ദൈവികതയും കല്പിക്കയും ചെയ്ത എത്രയുണ്ടാകാം ഉണ്ടായിട്ടുണ്ട്. എന്നാൽ സഭ വീണ്ടും സുവിശേഷത്തെ രക്ഷിക്കയും ഈ വിധം പ്രഖ്യാപനം ചെയ്കയും ചെയ്തു: "അതു പരിശുദ്ധമായതും വണക്കത്തിനു യോഗ്യമായതും

ആയ ഒരു പുസ്തകം അതെന്നു; എന്നാൽ അതു് ഒരു പുസ്തകം മാത്രമാകുന്നു, അതു് മിശിഹായിലേക്കുള്ള വഴിയാകുന്നു, എന്നാൽ മിശിഹായല്ല; രക്ഷയുടെ ഉപകരണമാകുന്നു, എന്നാൽ രക്ഷിതാവല്ല." മിശിഹാ ഇപ്പോഴും ജീവിച്ചുകൊണ്ടിരിക്കയും, താൻ നമ്മോടുകൂടി വി. കുർബാനയിൽ വസിക്കുകയും ചെയ്യുന്നിടത്തു മാത്രമേ സുവിശേഷം മുഴുവൻ പ്രകാശിക്കുന്നുള്ളു. "ഉന്നത വിമർശനം" എന്നു് തങ്ങളാൽ തന്നെ നാമകരണം ചെയ്യപ്പെട്ട വിമർശന പദ്ധതിവഴിയായി വി. ഗ്രന്ഥത്തിന്റെ കടലാസുകളെ കഷണങ്ങളായി കീറിക്കളയുകയും സുവിശേഷകന്മാരാൽ എഴുതപ്പെട്ട മിശിഹായുടെ യഥാർത്ഥ ചിത്രത്തെ വിരൂപപ്പെടുത്തുകയും ചെയ്തു "സുപ്രേയന്മാരും" ഉണ്ടായിട്ടുണ്ടു്. എന്നാൽ സഭ സുവിശേഷത്തെ രക്ഷിക്കുകയും ദൈവപുത്രൻ എന്ന നിലയിൽ സുവിശേഷത്തിലെ മിശിഹായുള്ള രാജകീയകിരീടത്തെ കാത്തുസൂക്ഷിക്കുകയും ചെയ്തു. "വാക്കു വഴിയായോ അച്ചടിവഴിയായോ വിശുദ്ധ ലിഖിതങ്ങളെ തനതഭിപ്രായം അനുസരിച്ചു് വ്യാഖ്യാനിക്കാൻ യാതൊരുത്തനും അനുവാദമില്ല," എന്നു് ത്രെന്തോസ് സൂനഹദോസിൽ പ്രഖ്യാപനം ചെയ്യപ്പെട്ടു. അതിനാൽ സഭാധികാരികളുടെ അംഗീകരണത്തോടുകൂടി പ്രസിദ്ധപ്പെടുത്തപ്പെടുന്ന പതിപ്പുകളിൽ മാത്രമേ വിശുദ്ധ ലിഖിതങ്ങൾ വായിക്കുന്നതിനു് നമുക്കു് അനുവാദമുള്ളു. ഈ അനേക ശതവർഷങ്ങളിലായി സുവിശേഷത്തെ സൂക്ഷിക്കയും രക്ഷിക്കയും ചെയ്തതിനു് കത്തോലിക്കാ സഭയ്ക്കു് സ്തുതിയുണ്ടായിരിക്കട്ടെ.

അച്ചടി കണ്ടുപിടിച്ചതോടുകൂടി സുവിശേഷങ്ങൾ ധാരാളമായി ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും അവയെ പൊതുജനങ്ങളുടെ ഒരു പുസ്തകമാക്കിത്തീർക്കുന്നതിനും സാദ്ധ്യമായി. ക്രി൦൦-ാം മാണ്ടു് പതിമ്മൂന്നാം ഗ്രെയോൻ മാപ്പാപ്പാ, എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും, എല്ലാ ദിവസവും സുവിശേഷത്തിന്റെ ഒരു ഭാഗം വായിക്കപ്പെടണമെന്നുള്ള ആഗ്രഹത്തെ വെളിപ്പെടുത്തി. അതേ മാപ്പാപ്പാതന്നെ, പുതിയനിയമത്തെ വിലകുറഞ്ഞ പതിപ്പുകൾ വഴിയായി സാധാരണ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനായി വി. ഈറോനീമോസിന്റെ സഖ്യം സ്ഥാപിച്ചു. അതുപോലെതന്നെ ക്രി-ാം ബെനഡിക്തോസ് മാപ്പാപ്പാ, ദിവസത്തോറുമുള്ള വായനവഴിയായി വിശ്വാസികൾ സുവിശേഷത്തിന്റെ അരുവിയാൽ നിറയ്ക്കപ്പെടണമെന്നു് ഉപദേശിച്ചു. ഓരോ ദിവസവും പതിനഞ്ചു മിനിറ്റു നേരത്തേക്കു് സുവിശേഷം വായിക്കുന്നവർക്കു് സഭ ഒരു ദണ്ഡവിമോചനം കൂടി നൽകിയിട്ടുണ്ടു്.

സുവിശേഷങ്ങൾ പരിശുദ്ധാത്മാവിയുടെ തോന്നിപ്പാൽ എഴുതപ്പെട്ടവയാകുന്നു. അതിനാൽ അവ എല്ലാ മാനുഷിക ലിഖിതങ്ങളെയുംകാൾ അളവില്ലാത്ത വിധത്തിൽ ഉയർന്നവയാകുന്നു. ആകാശത്തിലെ നക്ഷത്രങ്ങൾ കടൽത്തീരത്തെ മണൽത്തരികളേക്കാൾ എത്ര ഉയരത്തിൽ സ്ഥിതിചെയ്യുന്നുവോ, അത്രത്തോളം സുവിശേഷങ്ങൾ സാധാരണ സാഹിത്യഗ്രന്ഥങ്ങളേക്കാൾ ഉന്നത പദവിയിൽ സ്ഥിതി ചെയ്യുന്നു. പ്രതിദിനപത്രങ്ങൾ വായിക്കുന്നവൻ പ്രതിദിന സംഭവങ്ങളുടെ ഒഴുക്കുകളാൽ വഹിച്ചുകൊണ്ടു പോകപ്പെടുകയും, മനുഷ്യാഭിപ്രായങ്ങളാകുന്ന തിരമാലകളാൽ അങ്ങോട്ടും ഇങ്ങോട്ടും അടിച്ചുകൊണ്ടു പോകപ്പെടുകയും ചെയ്യുന്നു. എന്നാൽ സുവിശേഷം വായിക്കുന്നവൻ നിത്യത്വത്തിന്റെ തീരത്തു നില്ക്കുകയും അനന്തബോധജ്ഞാനത്തിന്റെ തത്വങ്ങളെയും നിത്യജീവന്റെ നിയമങ്ങളെയും കേൾക്കുകയും ചെയ്യുന്നു. പ്രതിദിന പത്രങ്ങളെ വായിക്കുന്നതിനു നമുക്കു മണിക്കൂറുകൾ ചെലവാക്കാമെങ്കിൽ നിശ്ചയമായും സുവിശേഷത്തിന്റെ നിത്യസ്വരം കേൾക്കുന്നതിനു് ഏതാനും മിനിറ്റുകൾ നാം ചെലവഴിക്കേണ്ടതാകുന്നു.

ലൌകികഗ്രന്ഥങ്ങളും ഗ്രന്ഥങ്ങളുടെ ഗ്രന്ഥമാകുന്ന സുവിശേഷവും തമ്മിൽ അളവില്ലാത്ത വ്യത്യാസമുണ്ടു്. മനുഷ്യരാൽ എഴുതപ്പെട്ട പുസ്തകങ്ങൾ നാം വായിക്കുമ്പോൾ, അവ ജഡത്തിൽനിന്നുത്ഭവിച്ചവയോ അരൂപിയിൽനിന്നുത്ഭവിച്ചവയോ; അവ ഭൂരാശാപാശങ്ങളുടെ പ്രേരണകളെ നിറവേറുന്നതിനു് എഴുതപ്പെട്ടവയോ, അതോ സത്യം, നന്മ, മനോഹരത ഇവയെ പോഷിപ്പിക്കുന്നതിനായി എഴുതപ്പെട്ടവയോ, എന്നു് ആത്മായി പരിശോധിക്കേണ്ടിയിരിക്കുന്നു. എന്നാൽ നാം സുവിശേഷം വായിക്കുമ്പോൾ, ഇവിടെ തെറ്റുകൂടാതെ സത്യമുണ്ടു്; ജഡംകൂടാതെ അരൂപിയുണ്ടു്; പതിരുകൂടാതെ ധാന്യവും നാശമില്ലാത്ത മന്നായുമുണ്ടു്, എന്നു് നമുക്കു മുൻകൂട്ടിഅറിയാം. സുവിശേഷങ്ങൾ നാലും വിശുദ്ധഗ്രന്ഥത്തിന്റെ മറ്റുപുസ്തകങ്ങളേക്കാൾ കൂടിയും ഉന്നതമായ സ്ഥാനത്തെ അർഹിക്കുന്നു. പഴയനിയമത്തിലെ പുസ്തകങ്ങളും, ശ്ലീഹന്മാരുടെ നടവടികളും, വി. പൌലോസിന്റെ ലേഖനങ്ങളും, കത്തോലിക്കലേഖനങ്ങൾ എന്നു വിളിക്കപ്പെടുന്ന ലേഖനങ്ങളും പെളിപാടിന്റെ പുസ്തകവും ഗൂഹാളുകളിശായാൽ തോന്നിക്കപ്പെട്ടവയും സത്യത്തിന്റെ യഥാർത്ഥമായ ഉറവകളും ആകുന്നു എന്നുള്ളതു് നിശ്ചയംതന്നെ. എന്നാൽ സുവിശേഷങ്ങൾ മിശിഹായിൽനിന്നും മിശി

ഹാരയെപ്പറ്റിയും നേരിട്ടുള്ള വെളിപാടുകളാകുന്നു. അതിനാൽ അവ എല്ലാ വിശ്വാസ പുസ്തകങ്ങളുടെയും മകുടമാകുന്നു. അതിനാൽ "പുതിയനിയമത്തിലെ ഏറ്റവും പ്രധാനമായ നാലുപുസ്തകങ്ങൾ സുവിശേഷങ്ങളാകുന്നു."

സുവിശേഷങ്ങൾ നാലാകുന്നു. ആദ്യത്തേത് വി. മത്തായിയുടെതും, രണ്ടാമത്തേത് വി. മർക്കോസിന്റേതും, മൂന്നാമത്തേത് വി. ലൂക്കോയുടേതും, നാലാമത്തേത് വി. യോഹന്നാന്റേതും ആകുന്നു. എന്നാൽ ഇവ നാലും ഒന്നാകുന്നു. നാലു ചിത്രകാരന്മാർ, ഓരോരുത്തരും അവരവരുടെ ഛായങ്ങൾ കൊണ്ട്, മിശിഹായുടെ ചിത്രത്തെ എഴുതിയിട്ടുണ്ട്. എന്നാൽ ചിത്രകാരന്മാർ നാലു പേരാണെങ്കിലും, സുവിശേഷത്തിന്റെയും അതിലെ മിശിഹായുടെ ചിത്രത്തിന്റെയും ഏകത്വം വിശ്വസ്തതയോടെ കാക്കപ്പെട്ടിരിക്കുന്നു. നാലു വൃത്യസ്ത വിവരണങ്ങളും ഏകീകരിച്ച് ഒരു വലത്തെയാണ് ഉളവാക്കുന്നത്. മത്തായി മിശിഹായെ പഴയനിയമത്തിന്റെ പൂർത്തീകരണമായി വിവരിക്കുന്നു; മർക്കോസ്, തന്നെ വലിയ അത്ഭുത പ്രവർത്തകനായി ചിത്രിക്കുന്നു. ലൂക്കാ അളവില്ലാത്തതും രക്ഷാകരവുമായ സ്നേഹത്താൽ നിറഞ്ഞ നല്ല ശമറയക്കാരനെ നമുക്കു കാണിച്ചുതരുന്നു. യോഹന്നാന്റെ ദർശനം വളരെ ഉയരത്തിൽ ചെല്ലുകയും ഒരു കഴുകന്റെ കണ്ണുകൊണ്ട് മിശിഹായെതന്റെപിതാവിന്റെ മഹത്വത്തിൽ പിതാവിന്റെ ഏകജാതനായി കാണുകയും ചെയ്യുന്നു. കൂടാതെ, മിശിഹായുടെ ജീവിതത്തിന്റെയും പ്രവൃത്തികളുടെയും നാലുസാക്ഷികൾ സുവിശേഷത്തിന്റെ യാഥാർത്ഥ്യത്തിനു നാലുമടങ്ങുവിലയും നൽകുന്നു. സുവിശേഷകന്മാരിൽ രണ്ടുപേർ, അതായത്, മത്തായിയും യോഹന്നാനും അവർവിവരിക്കുന്ന സംഭവങ്ങളുടെ ദൃക്സാക്ഷികളാകുന്നു. അവർ ശ്ലീഹന്മാരായിരുന്നതുകൊണ്ട് അവർ രേഖപ്പെടുത്തിയിരിക്കുന്നവയെ അവർ തന്നെ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ശേഷം രണ്ടു പേരും—മർക്കോസും ലൂക്കായും ശ്ലീഹന്മാരുടെശിഷ്യന്മാരെന്ന നിലയിൽ പത്രോസിന്റെയും പൌലോസിന്റെയും പ്രസംഗങ്ങളിൽ നിന്നു ഗ്രഹിച്ചവയെ അങ്ങ് എഴുതിയിട്ടുള്ളതത്രേ. താൻ സംഭവങ്ങളെ ശ്രദ്ധാപൂർവ്വം അന്വേഷിക്കുകയും പഠിക്കുകയും ചെയ്തെന്ന് ലൂക്കാ നമുക്ക് ഉറപ്പുതരുന്നു. (ലൂക്കാ ക. ക. ൧.) അതുകൊണ്ട് സുവിശേഷങ്ങൾ യഥാർത്ഥ സംഭവങ്ങളുടെ ഒരു യഥാർത്ഥ വിവരണമാണെന്നു വായനക്കാർക്ക് ഉറപ്പായി വിശ്വസിക്കാം. "ഞാൻ ആരെ വിശ്വസിച്ചുവെന്നു് എനിക്കറിയാം" (തീമൊ. ൨. ക. ൧൨.)

ഏവൻ ഗേലിയോൻ എന്ന അതിന്റെ നാമം സൂചിപ്പിക്കുന്നതു പോലെ, സുവിശേഷം സന്തോഷകരമായ ഒരു വാർത്തയാകുന്നു. അതു നമ്മുടെ കർത്താവിന്റെയും രക്ഷിതാവിന്റെയും ജീവിതത്തെയും പങ്കാളിത്തത്തെയും, വചനങ്ങളെയും പ്രവൃത്തികളെയും, മരണത്തെയും ഉയിർപ്പിനെയും പറഞ്ഞിരിക്കുന്ന ഒരു വൃത്താന്തമാകുന്നു. സുവിശേഷങ്ങളുടെ ആരംഭവും അവസാനവും, മദ്ധ്യവും ഉയരവും നായകനും രാജാവും മിശിഹായാകുന്നു. എൺപത്തൊൻപതദ്ധ്യായങ്ങളുള്ളവയിൽ ഓരോന്നിന്റെയും തലവാചകത്തിൽ മിശിഹായുടെ നാമം അടങ്ങിയിരിക്കുന്നു. എല്ലാ പുറത്തും തന്റെ രക്തത്തിന്റെ മുദ്ര പതിക്കപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ, മുട്ടിന്മേൽ നിന്നാണ് നാം സുവിശേഷം വായിക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ അതു് മിശിഹായുടെ രക്തം കൊണ്ടാണ് എഴുതപ്പെട്ടിരിക്കുന്നതെന്ന് ഒരു വിധത്തിൽ പറയാവുന്നതാണ്.

നിത്യപിതാവിന്റെ പുത്രൻ എപ്രകാരം ബേത്ലഹമിൽ കന്യകമറിയത്തിൽനിന്ന് ജനിച്ചു എന്നും, മുപ്പതു കൊല്ലത്തോളം താൻ നസറത്തിൽ കുടുംബ ജീവിതത്തെ എങ്ങനെ പരിശുദ്ധമാക്കിയെന്നും, പിന്നത്തെ മൂന്നു കൊല്ലങ്ങളിൽ താൻ ദൈവരാജ്യം പരസ്യമായി പ്രസംഗിച്ചതു് ഏതു പ്രകാരമെന്നും, ശ്ലീഹന്മാരെ താൻ എങ്ങനെ തിരിഞ്ഞെടുത്തു് പഠിപ്പിച്ചു എന്നും, താൻ എപ്രകാരം രോഗികളെ സുഖപ്പെടുത്തുകയും എണ്ണമില്ലാത്ത മറ്റു അത്ഭുതങ്ങൾ പ്രവർത്തിക്കയും സഭയുടെ അടിസ്ഥാനം ഇടുകയും ചെയ്തുവെന്നും സുവിശേഷം നമ്മെ ഗ്രഹിപ്പിക്കുന്നു. തന്റെ നിത്യപിതാവിനെ അനുസരിക്കുന്നതിനും മനുഷ്യരോടുള്ള സ്നേഹം നിമിത്തവും താൻ ഏതു വിധത്തിൽ ഏറ്റം കഠിനമായ വേദനയും മരണവും സ്വീകരിച്ചുവെന്നും, എപ്രകാരം മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർക്കയും, തന്റെ വേലയെ തുടരുന്നതിനായി ശ്ലീഹന്മാരെ ലോകം മുഴുവനിലും അയക്കയും, അവസാനമായി തന്റെ പിതാവിൻ പക്കലേക്ക് തിരിച്ചു പോകുകയും ചെയ്തു എന്നും നാം വായിക്കുന്നു. യഥാർത്ഥത്തിൽ, ഇവ സന്തോഷവാർത്തകളാകുന്നു. "വചനം മാംസമായി, ഞങ്ങളിൽ കുടിയിരുന്നു' ഞങ്ങൾ അയാളുടെ മഹത്വം കണ്ടു" (യോ. ക. ക്രമ.) എന്ന് നമ്മുടെ ആത്മാവു് വിളിച്ചു പറയുകയും ചെയ്യുന്നു. ദിവ്യചൈതന്യാട്ടിൻകുട്ടി ലോകത്തിന്റെ പാപങ്ങളെ ഹനിക്കുകയും (യോ. ക. ൨൯.), ദൈവപുത്രനെന്നു് വിളിക്കപ്പെടുന്നതിനുള്ള വരം നമുക്കു ലഭിച്ചു തരികയും ചെയ്തു.

വി. യോഹന്നാന്റെ സുവിശേഷം, സുവിശേഷങ്ങളുടെ ഉദ്ദേശ്യം

എന്താണെന്ന് നമ്മോട് പറയുന്നു. "ഈശോ ദൈവപുത്രനായ മിശിഹായാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും, തന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകുന്നതിനും ആയിട്ടാകുന്നു ഇവ എഴുതപ്പെട്ടതു്." (യോ. ഫ. നു.) മിശിഹായുടെ ദൈവികത്വത്തിൽ വിശ്വസിക്കാത്തവനു് സുവിശേഷം തുറക്കാൻ പാടില്ലാത്ത ഒരു പുസ്തകം പോലെയാകുന്നു. അവനു് ഈ വിശുദ്ധ ഗ്രന്ഥത്തിലെ ദൈവികസ്വരം കേൾക്കുന്നതിനുള്ള ചെവ്വും ഇല്ലായിരിക്കും. (തുടരും.)

പ്രതിദിനചിന്തകൾ.

"വടി നീ പ്രയോഗിച്ചാൽ (നിത്യ) മരണം അവനെ ബാധിക്കയില്ല." (ഉപ. 23 13.)

"സ്നേഹം വേദനയെ അറിയുന്നില്ല. അറിഞ്ഞാൽ തന്നെയും അതു് സ്നേഹിക്കപ്പെടുന്നു." വി. അഗു)

ദൈവത്തെ കാണ്മാനുള്ള ആശ, ശുദ്ധീകരാഗ്നിയെ വെല്ലുന്നു. "ദൈവസഹായംകൂടാതെ നിന്നാൽത്തന്നെ ഒന്നും സാധിക്കയില്ലെന്നു സമ്മതിക്കണം" (യോ 15. 5.)

എന്നാൽ, "ശക്തിപ്പെടുത്തുന്നവനായ ദൈവത്തോടുകൂടി എല്ലാം കഴിയും" (ഫിലി 4, 13)

"ചോദിപ്പിൻ ലഭിക്കും. മുട്ടുവിൻ തുറക്കപ്പെടും" (മത്താ 7. 7)

പ്രാർത്ഥനയും ക്രിയാശകലം രണ്ടു വിധകളത്രെ.

"പാപം ചെയ്യാതിരുന്നാൽത്തന്നെ പോരാ, പുണ്യം ചെയ്കയുംവേണം" (സങ്കീ 33. 15.)

"ദൈവത്തോന്നിപ്പുകളോടു് എപ്പോഴും സഹകരിക്കണം" (സങ്കീ 94. 8)

പീഡാനുഭവവും വേദപ്രചാരണവും.

ഗാഥ *

ക.നി.മ.സ. മാണിക്കത്തനാർ.



അമ്പതെന്നുള്ളവിശേഷണംചേർന്നതാം
വമ്പഴംനോമ്പിതാവന്നുചേർന്നു.
രക്ഷകൻതന്നുടെപീഡകളെപ്പേർ—
മക്ഷിയാ,ലല്പാത്മശക്തിയാലെ
വീക്ഷിച്ചുകണ്ണീർപൊഴിയ്ക്കാൻതിരുസഭ
കാംക്ഷിച്ചിടുന്നതീനോമ്പിലല്ലോ.
എന്നതുകൊണ്ടതിലേതാനുമെങ്കിലു—
മിന്നുനാംചിന്തിച്ചുകേണിടേണം.
പുത്രനെപ്പോലെവളർത്തിയശിഷ്യനാ—
ശത്രുജനങ്ങളേൽപ്പിച്ചുതന്നേ.
കാരുണ്യമോഹിച്ചവൻതൻഗുരുവായിട്ടു—
മീശോയേയുദ്ധരെച്ചാറിവിറ്റു.
യൂദരും,റോമരുടേയുമെന്നല്ല,
വേദത്തലവരാരുംചായ്കയും.
സേവകവൃന്ദവുമപ്പോളടുത്തെന്റെ
ജീവനാമീശോയെബന്ധനാകി.
ശിഷ്യരുമസ്സമയത്തുഭയപ്പെട്ടു
ശിഷ്യനാമീശോയെവിട്ടകന്നു.
അന്നാരിപുജനമീശോയേക്കൊണ്ടുപോ—
യന്നാസുതൻസമീപത്തിലാക്കി.
സത്യമെന്നായകനോതുകമൂലമായ്
ഭൃത്യരിലേകനടിച്ചുതന്നെ.
കയ്യാപ്പാപക്കല്ലുംകൊണ്ടുപോയിട്ടവർ

---

* ജനോവപവ്വത്തിന്റെറീതിയുംആവാം

പൊയ്പ്പായസാക്ഷ്യങ്ങളോതിപാരം.
ചോദ്യത്തിനുത്തരമീശോപറകയാൽ
മൂർത്യർഹനെന്നവർരീപ്പുചെയ്തു.
സ്വാമിയിലേറ്റവുംഭക്തനാംപത്രോസു
വാമിനീവാക്കുകൾകേൾക്കമൂലം
മൂന്നുഴമീശോയെത്താനറികില്ലെന്ന
ചൊന്നതൻനാഥനെസ്സംത്യജിച്ചു.
"എല്ലാവരുംനിന്നെവിട്ടുകന്നാലുംതൊ—
ന്നെല്ലാപ്പൊഴുംനിൻറെക്രൂടെയുണ്ടാം"
ഇത്തരംവീരവാദങ്ങൾചെയ്തുള്ളവൻ
സത്വരംതന്നെത്യജിയ്ക്കുമൂലം
സർവ്വേശനന്ദനന്നുണ്ടായസങ്കടം
നിർവ്വാച്യമെന്നേപറഞ്ഞിടാവൂ.
പാരാതെയീശോയെക്കൊണ്ടുപോയ് സേവകർ
കാരാഗൃഹത്തിൻറെയുള്ളിലാക്കി.
വന്ദിച്ചിടേണ്ടുന്നദിവ്യനെപ്പാരമായ്
നിന്ദിച്ചുഭത്സനംചെയ്തുകഷ്ടം!
പിന്നീടവരെൻറെനാഥനെക്കൊണ്ടുപോയ്
സെൻഹദ്രീംസംഘത്തിൻമുൻനിറുത്തി.
അപ്രാപ്തരുംജനശ്രേഷ്ഠരുംപിന്നെ—
രാചാരമേറുംജനാവലിയും
താതനാംദൈവത്തിൻപുത്രനുവല്ലാത്ത
പാതകിയെന്നുള്ളനാമമേകി.
പിന്നീടമത്സ്വാമിതന്നെപ്പീലാത്തോസാം
തന്നാട്ടധികാരിതങ്കലാക്കി;
രാജ്യാധികാരംലഭിയ്ക്കാൻകൊതിയ്ക്കുന്ന
ത്യാജ്യനിവനെന്നുകയ് സുമാക്കി.
വേണ്ടപോലന്വേഷണങ്ങളവൻചെയ്തു
കണ്ടതില്ലീശോയിൽപങ്കമേതും.
എന്നല്ലഹേറോദേസ്തൻകീഴിലുള്ളവ—
നെന്നുന്നുപീലാത്തോസ്കാൺകകൊണ്ടു
തദ്രാജസന്നിധാനത്തിലേയ്ക്കായിട്ട
മദ്രാജനീശോയേത്തളിവിട്ടു.
കുറ്റംതെളിഞ്ഞുകാണായ്കയാലീശോയെ
മുറ്റുംപരിഹാസപാത്രമാക്കി,

ആക്ഷേപലക്ഷ്യമാംവസ്തുംധരിപ്പിച്ചു
തൽക്ഷോണിപാലകൻസ്വാമിതന്നെ
പിന്നെയുംദേശാധികാരിയാംപീലാത്തോസ്
തൻസമീപത്തിലേയ്ക്കുങ്ങയച്ചു.
ദുഷ്കൃതിഹേതുവായ് കാരാഗൃഹംതന്നി—
ലക്കാലംബദ്ധനായ് ത്തീർന്നിരുന്ന
ദുഷ്ടനാകുംബറാബായോടുനാഥനെ
കഷ്ടം! അപ്പീലാത്തോസൊപ്പമാക്കി,
"ആരെനിങ്ങൾക്കുഞാൻവിട്ടുതന്നീടണം"
നേരെപറയുവിന്നെന്നുചൊന്നാൻ
അന്നേരമജ്ഞനക്രൂരം "ബറാബായെ—
ത്തന്നെമതി" യെന്നുമുക്തകണ്ഠം
ആർത്തുപറകയാലീശോയെത്തുണ്ടോട്
ചേർത്തടിപ്പിയ്ക്കുവാനാജ്ഞനൽകി.
കൽത്തൂണിൽബന്ധിച്ചിട്ടീശോയെത്തച്ചവർ
മുൾക്കിരീടംതലയ്ക്കുന്നുചാർത്തി,
ഞാങ്ങണച്ചെങ്കോൽകരങ്ങളിൽചേർത്തിട്ടു
വന്ദിച്ചുരാക്ഷേപസൂചകമായ്.
പുഞ്ചനാമിത്തരംവേഷത്തോടീശോയെ
തൽസ്ഥലത്തേയ്ക്കുവൻകൊണ്ടുചെന്നു
ദിവ്യനിൽചിത്താനുകമ്പയുണ്ടാക്കുവാൻ
സവ്യഥംയൂദരോടാശുചൊന്നാൻ;
"കണ്ടുകൊണ്ടീടുവിൻമർത്യനെ"; ച്ചൊന്നവർ
"കൊണ്ടുപോ,കൊണ്ടുപോ ക്രൂശിലേയ്ക്കു"
കായ്മനിനച്ചപോൽസംഭവിയ്ക്കായ്കയാൽ
ധൈര്യംപെടിഞ്ഞുപീലാത്തോസപ്പോൾ
ദിവ്യനെശത്രുഹിതത്തിനായേല്പിച്ചു
സ്ലീവായിൽതൂക്കുവാനാജ്ഞനൽകി
ശിഷ്ടരിൽശിഷ്ടനാമീശോയെയജ്ഞനം
ദുഷ്ടരാംരണ്ടുപോരോടുക്രൂടി
കൽവാരിയിൽകുരിശേറിഹനിയ്ക്കുവാൻ
സ്ലീവാചുമപ്പിച്ചുകൊണ്ടുപോയി;
മീറായുംകൈപ്പുംകലർന്നമദ്യവീക്ഷ—
ണാവസരേകിക്കുടിയ്ക്കുവാനായ്.
പ്രാണേശനായിടുമീശോയെയജ്ഞനം—

മാണിയാൽക്രൂശിൽതറച്ചുയത്തി.
ചോരരായുള്ളിരുപേരേയുംതൂക്കിതൻ
ചാരവേരണ്ടുവശങ്ങളിലും.
പിന്നീടുമത്സ്വാമിതുങ്ങംകുരിശിന്മേ
ലന്നീവിധത്തിലെഴുതിവെച്ചു,
എബ്രായ,ഗ്രീക്ക്,ലത്തീനിലിവികളിൽ:
"നസ്രായനീശോയഹൂദരാജൻ"
സേനാനിര,യൂദവേദാധികാരികൾ,
നാനാപഥികര,ത്തസ്സരങ്ങം
നന്നേദുഷിച്ചുപഴിച്ചുമത്സ്വാമിയെ—
യെന്നാലുമീശോക്ഷമിച്ചതെല്ലാം.
എന്നല്ലവരോടതൊക്കെക്ഷമിയ്ക്കുവാൻ
നന്നായിരന്നതൻതാതനോടായ്.
അമ്മയ്ക്കുതൻസ്നേഹശിഷ്യനെ പുത്രനായ്
തൻശിഷ്യനമ്മയായ് മയ്യേയും
കല്പിച്ചശേഷംപറഞ്ഞു —"ദാഹിയ്ക്കുന്നി—
തല്പമല്ലാതെനി"യ്ക്കെന്നനാഥൻ
പിന്നീട്"സർവ്വം പൂർത്തിയായ്"അതീന്നൊന്നു
ചൊന്നോരുശേഷം പിതാവിനോടായ്:—
"മൽതാത!നിൻകൈയിലേകുന്നുമൽപ്രാണ"—
നിത്ഥംപറഞ്ഞുവെടിഞ്ഞുജീവൻ.
എന്നാലുമെത്രയും ക്രൂരനൊരുഭടൻ
വന്നടുത്തീശോതൻപാശ്വഭാഗം
കുത്തിപ്പിളർന്നിതാ ചോരയുംവെള്ളവും
സത്വരംതാഴ്ത്തുനിർഗ്ഗമിച്ചു
ഇക്കായ്മയെല്ലാം കഥിയ്ക്കുന്നുകണ്ടവ—
നെക്കാലമർത്യരും ചിന്തചെയ്വാൻ.
വിസ്മാരമായ് വേദപുസ്തകത്തിൽകണ്ട-
തെത്രയുംസംഗ്രഹിച്ചോതിതൊന്നും.
വർണ്ണഭേദങ്ങൾകൊട്ടക്കാൻതുനിഞ്ഞില്ല,
വർണ്ണിയ്ക്കുവാനും ശ്രമിച്ചതില്ല.
അത്യന്തഭക്തിയോടേവരും ചിന്തിച്ചു
കർത്തവ്യമേതുചെയ്കൊൾവിൻ
കർത്താവിനുണ്ടായഭാഗ്യമേതെന്നതു—
മുൾത്താരിലോകർ നാമല്പനേരം.

ജീവാത്മമുക്തിയെമാത്രം നിനച്ചാണു
ദൈവാത്മജൻപാടുപെട്ടതെല്ലാം.
ഹാഹന്ത! പാപിക്കു മുക്തി സിദ്ധിപ്പാൻ
ദാഹിച്ചിട്ടന്നതാൻ സർവകാലം.
എന്നാലുമീശോയെപ്പോലുമറിയാത്ത—
വന്നായതങ്ങനെ സിദ്ധമാകും ?
വേദപ്രചാരണത്തിന്നായ് പരിശ്രമം
ഭേദംവിനാനമ്മൾ ചെയ്തിടാഞ്ഞാൽ
വിശ്വാസമുണ്ടാവതെങ്ങനെ ലോകത്തി
നാശ്വാസവും നാഥനെങ്ങുനിന്നു?
ഹാഹാ!സഹോദരന്മാരെമനുഷ്യന്റെ
ദേഹത്തിനന്തമുണ്ടോത്തിടേണം
ദേഹത്തൊടൊന്നിച്ചുനഷ്ടമായീടാത്ത—
ദേഹിയോനിത്യജീവാത്മയുക്തം
ഇന്നാകയാൽനിത്യരക്ഷയിൽതാല്പര്യ—
മൊന്നാകെവെയ്ക്കുണംനമ്മളെല്ലാം.
ആത്മാവിനായിട്ടുവേലചെയ്യാൻദേഹ—
മാത്മാധിനായകൻതന്നിവണ്ണം.
മറ്റുള്ളതെല്ലാമിതിന്നുകീഴാകുന്നു
ചെറുമിതിന്നൊരുഭേദമില്ല.
ആകയാലത്ഥഗാത്രാദിസർവസ്വവു—
മേകമായാത്മരക്ഷാർത്ഥമെന്നും
ചെമ്മേനിയോഗിച്ചുകൊണ്ടാലനന്തമാം
നന്മമേലുണ്ടാംസുരാലയത്തിൽ.
വൈദികന്മാർപ്രസംഗിക്കട്ടെ,വിത്തവാൻ
മോദപൂർവ്വംധനംനൽകിടട്ടെ,
ഈശപരാനുഗ്രഹംകിട്ടുവാനേവരു—
മീശനോടത്ഥനംചെയ്തിടട്ടെ.
വേദപ്രചാരണംസർവ്വപ്രധാനമായ്
ലോകത്തിലെങ്ങുംനടന്നിടട്ടെ.
സത്യവേദംഭുവിലെങ്ങുംപരക്കുവാ—
നത്യന്തതൽപരംതന്നിടട്ടെ
കത്താവുബേത്ലഹേംതന്നിൽപിറന്നപോൽ
മർത്ത്യാശയത്തിൽപിറന്നിടട്ടെ.
ഹേറോദേസക്കലാവോസുംകണക്കുള്ള

വേറേമനുഷ്യരിപ്പോഴുണ്ടാം.
ഹൃത്തടത്തിൽപിറക്കുംജഗന്നാഥനെ
മൃത്യുവിന്നായ് വിധിച്ചെന്നുമാകാം.
അങ്ങനെയുള്ളവർമൂലമെൻനായക—
ന്നെങ്ങുമേഭംഗംഭവിച്ചിടായ്വാൻ
വേദപ്രചാരമദ്ധ്യസ്ഥനാംയൌസേപ്പു
മോദത്തോടെന്നുംതുണച്ചിടട്ടെ.
വേദപ്രചാരമദ്ധ്യസ്ഥനാംമാസികേ!
ഖേദപ്പെടാതെനീദീർഘകാലം
സൽക്രിയ്യബോധംജനത്തിനേകാൻ ജഗദ്—
ദ്ധർക്കായദൈവംതരട്ടെഭവ്യം.



ദിവ്യകാരുണ്യദീപം

(ഫാദർ എജീദിയോസ്. സി. ഡി.)

ആദിമ പാപത്താൽ അധ:പതിച്ച മനുഷ്യകുലത്തെ പരിത്രാണനംചെയ്യുന്നതിന് അവതിർണ്ണനായ മ്ശിഹാതന്റെ മർത്യജീവിതം അവസാനിപ്പിക്കുന്നതിന് മുമ്പായി, അവിടുത്തേ വാത്സല്യസന്താനങ്ങളായ

മനുഷ്യരോടുള്ള അതിരറ്റസ്നേഹത്തെ ഒരു നിത്യസ്മാരകാവലിയായി വെളിപ്പെടുത്തുന്നതിനു തിരുമനസ്സായി. സർവ്വ ചരാചരങ്ങളേയും ഒരേകവചനത്താൽ ഭാവാവസ്ഥയിലേക്ക് ആനയിപ്പിച്ചഅവിടത്തെ ദൈവിക മഹിമയേയും, മർത്യജീവിതത്തിൽ അവിടുന്നു പരിശുദ്ധകന്യകയുടെ തിരുഉദരത്തിൽനിന്നു സ്വീകരിച്ച ആ പരിപാവനശരീരത്തേയും, ഒരു ചെറിയ അപ്പത്തിന്റെരൂപത്തിൽ സംക്ഷേപിക്കുകയും, തദ്വാരാമനുഷ്യന്റെ ദേഹദേഹികളേ ഒരുപോലെ പരിപോഷിപ്പിക്കുകയുമാണ് ചെയ്യുപോകുന്നത്. ഈ ദിവ്യസ്മാരകവിഷയത്തെപ്പറ്റി കേൾക്കാത്തവരും അറിയാത്തവരുമായി ഇന്നു ക്രൈസ്തവലോകത്തിൽ ആരുംതന്നെഉണ്ടെന്നു തോന്നുന്നില്ല. കത്തോലിക്കാസഭയുടെ മൂലക്കല്ല് ഇതാകുന്നു. ഇതിന്മേലാണ് സഭയാകുന്ന ഗോപുരം പണികഴിക്കപ്പെട്ടിരിക്കുന്നത്. ഇതൊരുരഹസ്യംതന്നെയാണ്. ഈ രഹസ്യത്തിൽ നിന്നാണ് വിശുദ്ധന്മാർ തങ്ങളുടെജീവിത സംശുദ്ധിയെ സമ്പാദിച്ചത്. ഇപ്രകാരമൊരു രഹസ്യം ഇല്ലാതിരുന്നെങ്കിൽ ലോകത്തിന്റെ ഇന്നത്തെ സ്ഥിതി ഏറ്റവുംപരിതാപകരമായിരുന്നേനെ. പ്രസ്തുതരഹസ്യംവഴിയായി എത്ര ആയിരം സംഭവങ്ങളാണ് ഇന്നു ലോകത്തിൽനടക്കുന്നതെന്നു വർത്തമാനപത്രങ്ങളും മാസികകളും വേണ്ടതെളിവുകൾ നൽകുന്നുണ്ട്.

വത്തിക്കാനരമനയിൽ സ്ഥാപിതമായിരിക്കുന്ന "വിശുദ്ധകുർബാനയേപ്പറ്റിയുള്ളവാദം" എന്ന് അഭിധാനമുള്ള അതിമനോഹര ചിത്രത്തേപ്പറ്റി കേൾക്കാത്തവർ അധികം പേരുണ്ടാകുമെന്നു തോന്നുന്നില്ല. ഇതിൽ പഴയതും പുതിയതുമായ ഇരുനിയമങ്ങളേയും ആകാശത്തേയും ഭൂമിയേയും, തമ്മിൽ സംഘടിപ്പിച്ചിരിക്കുന്നതായി നമുക്ക് കാണുവാൻ കഴിയും. പ്രധാനഭാഗത്തു് അതിമനോഹരമായും, ഒരേക ദർശനത്താൽ ആരേയും ഹഠാൽ ആകർഷിക്കത്തക്കരീതിയിലും ചിത്രിതമായിരിക്കുന്നവി. കുർബാന ഏതുകഠിനഹൃദയത്തിലും സ്നേഹവികാരങ്ങളെ ഉൽപാദിപ്പിക്കാതിരിക്കുകയില്ല. ഉപരിഭാഗത്തായി ലക്ഷോപലക്ഷം വാനാത്രപികളാലും വിശുദ്ധരാലും ആവൃതനായി രക്ഷയുടെ ഉപകരണമായ സ്ലീവായേ കരത്തിലേന്തി മനുഷ്യകുലോദ്ധാരകനായ മ്ശിഹാസഭിതി ചെയ്യുന്നു. ഇതിനടിയിലായി ബലിപീഠങ്ങളാകുന്ന നമുക്ക് ഗോചരീഭവിക്കുന്നത്. അതുകളിന്മേൽ അനേകംപൊൻപാത്രങ്ങളിൽ, കുളിമ്മയായുള്ളതും തേജോമയങ്ങളുമായ രശ്മികളെവീശിക്കൊണ്ട് നമ്മുടെ ദിവ്യരക്ഷകൻ അപ്പത്തിൻരൂപത്തിൽ കാണപ്പെടുന്നു. ഈ സ്നേഹസമ്പൂർണ്ണമായകാഴ്ച ആരേയാണ് ബലാൽ ആകർഷിക്കാത്തത്? അവി

ടെ ഇരുന്നുകൊണ്ട് ഈ ദിവ്യരക്ഷകൻ നമുക്കുവേണ്ടിസ്വർഗ്ഗ വിതാവി നോട് മാദ്ധ്യസ്ഥംപറയുകയല്ലയോചെയ്യുന്നത്? നമ്മുടെഹൃദയങ്ങളെ അവിടുന്നുസ്നേഹ വാത്സല്ല്യത്തോടേ ഇരക്കുന്നില്ലയോ? ഇവിടെഇരുന്നു കൊണ്ടല്ലേയോ "ബുദ്ധിമുട്ടുന്നവരും ഭാരമുള്ളവുമട്ട് വഹിക്കുന്നവരുമായ നിങ്ങൾഏവരും എന്നെറപക്കൽവരുവിൻ; ഞാൻനിങ്ങളെ സമാശ്വസിപ്പിക്കും." എന്നു അരുളിച്ചെയ്യുന്നത്? ഇതുനാംകേൾക്കുന്നില്ലയോ? ഇപ്രകാരമുള്ളനമ്മുടെ രക്ഷകന്റെ സ്നേഹപ്രവൃത്തികളെ കണ്ടിട്ടും, തൽഫലങ്ങൾ നാം സ്വീകരിച്ചിട്ടും, ഇതു മന്ദന്മാരും അശ്രദ്ധരും, അലസന്മാരുമായി നാം കാണപ്പെട്ടുന്നതിന്റെകാരണംഎന്താകുന്നു.? നമ്മുടെ ആവശ്യങ്ങളും സങ്കടങ്ങളും കേൾക്കുന്നതിനല്ലയോ അവിടുന്നു സ്വർഗ്ഗത്തേവിട്ടുനമ്മുടെ ഇടയിൽ എഴുന്നെള്ളിയിരിക്കുന്നത്? നമ്മെ ആശ്വസിപ്പിക്കുവാനായി വന്നിരിക്കുന്ന ഈ ദിവ്യ വൈദ്യനെ സന്ദർശിക്കുവാൻ വൈമനസ്യം പ്രദർശിപ്പിക്കുന്നതു എത്രയോവലിയ നന്ദികേടാണു! അവിടുന്നു കാണിക്കുന്ന ഈ സ്നേഹപ്രവൃത്തികൾക്ക് പ്രതിനന്ദികാണിക്കുവാൻവേണ്ടി അവിടുന്ന് എഴുന്നെള്ളിയിരിക്കുന്ന അൾത്താരയ്ക്കുസമീപം സദാ നാം സ്ഥലംപിടിക്കേണ്ടതല്ലയോ? ശരീരികളായനമുക്ക്-ലൗകികകാര്യങ്ങളെ നിവ്വഹിക്കേണ്ടവരായ നമുക്ക്-സദാ അവിടെ നില്ക്കുവാൻ സാധിക്കാതെവരുമ്പോൾ നമ്മുടെ ആഗ്രഹങ്ങളേയും വിചാരങ്ങളേയും ആ സക്രാരിയുടെ മുമ്പാകെ സമർപ്പിക്കുവാൻ സാധിക്കുകയില്ലയോ? ചില വിശുദ്ധന്മാർ, തങ്ങൾക്ക് വിശുദ്ധകുർബാനയുടെ സന്നിധിയിൽ അണയുവാൻ സാധിക്കാതെ വന്നിരുന്നഅവസരങ്ങളിൽ തങ്ങളുടെ കാവൽമാലാഖാമാർ വഴിയായി അവരുടെ ആഗ്രഹങ്ങളേയും വിചാരങ്ങളേയും ഈശോയിക്കു സമർപ്പിച്ചിരുന്നു. രാപ്പകൽ വിശുദ്ധകുർബാനയുടെസന്നിധിയിൽ ധ്യാനത്തിലും നമസ്കാരത്തിലുമായി സമയംചെലവഴിച്ചിരുന്ന വിശുദ്ധന്മാരുംഒട്ടുംചുരുക്കമല്ല. എന്നാൽ ഇപ്രകാരമുള്ള സ്നേഹപ്രവൃത്തികളെ നിരന്തരവുവാൻനമുക്ക് സാധിക്കുന്നില്ല എങ്കിൽ ഈശോയുടെസ്നേഹത്തിനു പ്രതിനന്ദികാണിക്കുവാൻ വേറൊരു എളുപ്പവഴി നമുക്കുണ്ട്. നമുക്ക് എത്തുവാൻസാധ്യമല്ലാത്തഇടത്തു ഒരു പ്രതിനിധിയേ മദ്ധ്യസ്ഥനായിനമുക്ക് അയക്കാം. ഈ മദ്ധ്യസ്ഥൻ നമുക്കുവേണ്ടി ഇടവിടാതെ തന്റെജോലിയെ നിവ്വഹിക്കും. മനുഷ്യർ ആശ്വാസത്തിനായി ശയ്യാതലത്തേ അവലംബിക്കുമ്പോഴും, നമ്മുടെമദ്ധ്യസ്ഥൻ സകൃത്യനിവ്വഹണത്തിൽ ബദ്ധശ്രദ്ധനായിരിക്കും. രാവെന്നില്ല, പകലെന്നില്ല, ഉഷ്ണമെന്നില്ല, ശീതമെന്നില്ല, എല്ലാസമയത്തും, അയാൾനമുക്കുവേണ്ടിവേലചെയ്യും. ഈ ഭാഗ്യവാൻ ആരാണു? ദൈവത്തിരുമുമ്പാകെനിന്നു പരിശു

ദ്ധൻ പരിശുദ്ധൻ, എന്നു കീർത്തിക്കുന്ന വാനാരൂപികളോ, കൃത്യാന്തര ബഹുലതയാൽ ആവൃതനായമനുഷ്യനോഅല്ല. പിന്നെ ഈ നമ്മുടെ മദ്ധ്യസ്ഥൻ ആരാണ്? സൽ പ്രസാദസക്കാരിയുടെ അടുത്തുത ന്നെസ്ഥലംപിടിച്ചിരിക്കുന്ന ആ ഇരുദിവ്യസ്നേഹദീപങ്ങളാണ്. ഇവ യാകുന്നു നമ്മുടെദിവ്യരക്ഷകനെ രാപകൽ അകമ്പടിസേവിക്കുന്നത്. തേജോമയമായ ദിവാകരരശ്മികൾഭൂതലത്തെതപിപ്പിച്ചുശേഷംപശ്ചി മാബ്ധിയിൽ ലയിച്ചാലും, മനുഷ്യന്മാർക്കൽ ദിവ്യരക്ഷകന്റെ സന്നി ധിയെ വിസ്മരിച്ചാലും, ഈ സ്നേഹദീപം അണയുന്നതല്ല. എല്ലായ പ്പോഴും കത്തിജ്വലിച്ചുകൊണ്ടുതന്നെഇരിക്കും. സ്നേഹത്താൽ തടവു കാരനായിരിക്കുന്ന മ്ശിഹായുടെ പ്രസന്നതയേ വിളിച്ചറിയിക്കുന്നതും അകമ്പടിക്കാരാകുന്ന പ്രസൂതദീപങ്ങളത്രേ. പാപൽമുഴുവനും, സ്നേഹമ ക്കളായ മനുഷ്യർപന്ന സക്കാരിയിൽമറഞ്ഞിരിക്കുന്ന അങ്ങേതരാധി ക്കുമല്ലോഎന്നോർത്തു തങ്ങളുടെ കണ്ണിരുകളെ ഉജ്ജ്വലത്താക്കുന്നില്ല. എ ന്നാൽ മനുഷ്യർനിദ്രയെ അവലംബിക്കുന്നസമയത്തു ദിവ്യരക്ഷകനെത രാധിക്കുവാൻ ആരുമില്ലല്ലോ എന്നോർത്തു തങ്ങളുടെപ്രഭയെ പൂർവ്വാധി കംശോഭിപ്പിക്കുന്നു. ഇപ്രകാരമുള്ള ഈ അകമ്പടിക്കാരെ നമ്മുടെമ ദ്ധ്യസ്ഥരായിനമുക്ക് തിരഞ്ഞെടുക്കാം. അവർ ഇടവിടാതെ നമുക്കു വേണ്ടി ദിവ്യരക്ഷകന്റെസന്നിധിയിൽ മാദ്ധ്യസ്ഥം നടത്താതിരിക്കു കയില്ല. ഇപ്രകാരമുള്ള ഒരു ദീപം രക്ഷകന്റെ ദിവ്യസന്നിധിയിൽ സ്ഥാപിക്കുന്നതിനു് ആർക്കാണ് സാധിക്കാതിരിക്കുന്നതു്. ഏറെനാ സ്സാരമായ ഈ സ്നേഹദീപത്തെതെളിയിക്കുവാൻ ആർക്കാണ് അസാദ്ധ്യം? നമുക്ക് ഒരോരുത്തർക്കും സാദ്ധ്യമല്ലായെങ്കിൽ ഓരോകുടുബത്തിനെങ്കിലും ഇപ്രകാരമൊരു മദ്ധ്യസ്ഥനുണ്ടാകുമെങ്കിൽ അതു് ഏതൊരു ദിവ്യനായരുങ കായ്മായിരിക്കും. അവർനമ്മുടെ കുടുംബത്തിന്മേൽ ദൈവികാശിർവ്വാദം പൊഴിയുന്നതിനു് ഇടയാക്കാതിരിക്കുകയില്ല. നാം അനാവശ്യമായി എത്രമാത്രം ധനം വ്യയംചെയ്യുന്നുണ്ട്. അതുകൊണ്ടുനമുക്ക് സ്വർഗ്ഗീയഭ ണ്ഡാഗാരങ്ങളെ നിറയ്ക്കുവാൻകഴിയുകയില്ലെന്നുണ്ടോ? ഇപ്രകാരമുള്ള ദീപങ്ങളെ തെളിയിക്കുവാൻസാധിക്കാതെഎത്രയോദേവാലയങ്ങൾ പൂട്ടപെട്ടതായിട്ടും അതിലേക്കുള്ള ഈശോയുടെപ്രവേശനംതടയപ്പെട്ടതാ യിട്ടും നാം കാണുന്നുണ്ട്. അതുകയാൽഇപ്രകാരമുള്ളദേവാലയങ്ങളിലേ ക്ക് നമ്മുടെദിവ്യരക്ഷകനു പ്രവേശനം നൽകുന്നതിനും തദ്വാരാ നാ മ്മുടെമേൽ ദൈവാനുഗ്രഹങ്ങൾ ഉപരിയുപരി പൊഴിയുവാൻ ഇട യാക്കുന്നതിനും അങ്ങേ വാത്സല്യമക്കളായ തിരുഹൃദയഭക്തരോടേവ രോടും അഭ്യർത്ഥിച്ചുകൊള്ളുന്നു.

ലോകത്തിൽ

കത്തോലിക്കുമതത്തിനുള്ള സ്ഥാനം.

	യൂറോപ്പ്	ഏഷ്യാ	ആഫ്രിക്കാ	അമേരിക്കാ	ഓഷ്യാനിയാ	ആകെ.
1. കത്തോലിക്കർ	19·45	1·40	·40	9·00	·25	30·50
2. ശീശ്മക്കാർ	13·05	1·97	·50	·30	—	15·82
3. പ്രോട്ടസ്റ്റണ്ടുകാർ	12·30	·25	·25	8·90	·30	22·00
4. യൂദന്മാർ	·98	·07	·05	·20	—	1·30
5. മഹമ്മദീയർ	·90	17·80	3·30	—	2·00	24·00
6. ഹിന്ദുക്കൾ	—	22·41	—	·7	—	22·48
7. ബുദ്ധമതക്കാർ	—	13·70	—	·10	—	13·80
8. മറ്റുപലവഴിക്കാർ	·21	33·10	7·25	1·99	·17	42·72
ആകെജനസംഖ്യ	46·89	90·70	11·75	20·56	272	172·62

മേൽ കാണിച്ചിട്ടുള്ള സംഖ്യകൾ കോടിക്കണക്കായിട്ടാണ് കാണിച്ചിരിക്കുന്നത്. ഇപ്രകാരം, കത്തോലിക്കർ യൂറോപ്പിൽ ഏൻകോടി പതിലക്ഷവും, ഏഷ്യായിൽ ഏകോടി പതിലക്ഷവും, ആഫ്രിക്കായിൽ പതിലക്ഷവും, അമേരിക്കായിൽ ൻകോടിയും, ഓഷ്യാനിയായിൽ പതിലക്ഷവും വീതം ആകെ നാകോടി പതിലക്ഷമുണ്ട്. ഈ കണക്കിൽനിന്നും നാം ഗ്രഹിക്കേണ്ടതായ പലസംഗതികളുണ്ട്. അതിൽ ആദ്യത്തേത് ലോകത്തിലെ വിവിധ മതങ്ങളെ ഓരോന്നോരോന്നായി നോക്കിയാൽ ജനസംഖ്യകൊണ്ട് പ്രഥമസ്ഥാനത്തു നില്ക്കുന്നത് കത്തോലിക്കാ സഭയാണെന്നുള്ളതു തന്നെ. ഈ സഭയുടെ അംഗങ്ങൾ ഇല്ലാത്ത രാജ്യമോ ഇതിൽ ചേരാത്ത ജാതിയോ ഭൂമുഖത്തില്ലെന്നുകാണുമ്പോൾ വാസ്തവത്തിൽ സാർവ്വത്രിക സഭ ഇതുതന്നെയാണെന്നു പ്രത്യക്ഷത്തിൽ തെളിയുന്നു. രണ്ടാമത്തെ സംഗതി, നാം കോടി പതിലക്ഷമുള്ള ഈ വമ്പിച്ച കത്തോലിക്കാ സഭാംഗങ്ങളിൽ മൂന്നിൽ രണ്ടുഭാഗം യൂറോപ്പിലും, മുപ്പതു ശതമാനം അമേരിക്കയിലും, ശേഷിച്ചിട്ടുള്ള ആറേമുക്കാൽ ശതമാനം മാത്രം മറ്റു മൂന്നു ഭൂഖണ്ഡങ്ങളിലും വസിക്കുന്നുവെന്നുള്ളതാണ്. നമ്മുടെ ഭൂഖണ്ഡമായ ഏഷ്യായിലെ കത്തോലിക്കു

രുടെ ശതമാനം എത്ര തുച്ഛം! ക്രിസ്തീയ വേദപ്രചാരണത്തിൽ കാംക്ഷയുള്ള സകല കത്തോലിക്കരും ഗാഢമായി ചിന്തിക്കേണ്ട ഒരു കാര്യമല്ലേ ഇത്? അതിനാൽ നമ്മുടെ പ്രാർത്ഥനകൊണ്ടും മറ്റു ഓരോ പരിശ്രമങ്ങൾ വഴിയായും ക്രിസ്തുവിന്റെ ഉപദേശത്തെ നമ്മുടെ നാട്ടിൽ പ്രചരിപ്പിച്ചു് നിത്യരക്ഷാമാർഗ്ഗം നമ്മുടെ സഹോദരങ്ങൾക്കു് കാണിച്ചുകൊടുക്കുന്നതിനും. അതിനായുള്ള ഉദ്യമങ്ങളിൽ കഴിയുന്നത്രയും സാഹനങ്ങൾ ചെയ്യുന്നതിനും നമുക്കുള്ള ചുമതലയെ മനസ്സിലാക്കിപ്രവർത്തിക്കാം.

ഡോ. ഡോക്ടർ സിറിയക്കു്

കാപ്പിൽ അവർകളുടെ

തീർത്ഥയാത്രാ

സ്മരണകൾ

വാങ്ങി വായിച്ചാസ്വദിപ്പിൻ!!

ഇതിൽനിന്നുള്ള ആദായം വേദപ്രചാരണത്തിനായിവിട്ടുതന്നിരിക്കുന്നു.

ഈ പുസ്തകം വില വിലയ്ക്കു്

മദ്ധ്യസ്ഥൻ ബുക്കുഡിപ്പോവിൽ കിട്ടും.

ഇതിൽ ചേരാത്തവർ ഇനിയും ഉണ്ടോ?



ഓ! മറിയമെ! പാപികളുടെ
സങ്കേതമെ! ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമെ.

പാപികളുടെ
മാനസാന്തരത്തിനായുള്ള
മറിയത്തിന്റെ
അമലോത്ഭവ
ഹൃദയത്തിൻ

അതിസഖ്യം.

പ്രതിദിനം ഒരു നന്മനിറഞ്ഞമറിയവും ഒരു സുകൃതജപവും മാത്രം! എത്രയുചിതമായ കടമ! ഇതിൽ നിന്നും ലഭിക്കാവുന്ന അനുഗ്രഹങ്ങളും ദണ്ഡവിമോചനങ്ങളും അനവധി! വേദപ്രചാരണത്തിനു് എത്രമഹത്തായ സഹായം! ലക്ഷോപലക്ഷം ഹൃദയങ്ങളിൽനിന്നും ദിവസേന ദൈവസന്നിധിയിൽ ചെല്ലുന്ന ഈ പ്രാർത്ഥന വൃഥായാകയില്ലാ. അതിനാൽ ഈ സഖ്യത്തിൽ ചേർന്നിട്ടുള്ളവർ അവരുടെ കടമയെ ശരിയായി നിറവേറ്റുവിൻ. ചേർന്നിട്ടില്ലാത്തവർ ഉടനേ ചേരുവിൻ.

"അതിസഖ്യംഡയറക്ടർ, പാറേൽപള്ളി, ചങ്ങനാശേരി" എന്ന വിലാസത്തിൽ അപേക്ഷിച്ചാൽ, രജിസ്റ്ററിൽ പേരെഴുതി സഖ്യത്തേസംബന്ധിച്ച സകല വിവരങ്ങളും അടങ്ങിയ സാക്ഷിപത്രം ഉടൻ അയച്ചു തരും.

കഷ്ടാനുഭവ മാഹാത്മ്യം.

(റവ. ഫാദർ കുരുവിള കല്ലറയ്ക്കൽ)

വലിയ നോമ്പിന്റെ ഈയവസരത്തിൽ മിശിഹായുടെ കഷ്ടാനുഭവം നമ്മുടെ ശ്രദ്ധയ്ക്കും ധ്യാനത്തിനും പ്രത്യേകം വിഷയീഭവിക്കേണ്ട ഒന്നാണ്. നോയമ്പു ദിവസങ്ങളിൽ ദിവസേനയെന്നപോലെ, തിരുസ്സഭ ഈ കാര്യത്തെ നമ്മെ അനുസ്മരിപ്പിക്കുന്നു. അതിനാൽ കഷ്ടാനുഭവ ധ്യാനത്തിനു നമ്മെ പ്രേരിപ്പിക്കേണ്ട കാര്യങ്ങളെക്കുറിച്ച് സ്വല്പമൊന്ന് വിചിന്തനം ചെയ്യുന്നതു ഫലപ്രദമായിരിക്കും.

പ്രഥമമായും പ്രധാനമായും മിശിഹായുടെ കഷ്ടാനുഭവത്തിന്റെ അതിരറ്റ മാഹാത്മ്യം തന്നെ നമ്മെ അതിങ്കലേക്കു ആകർഷിയ്ക്കുണം. നമ്മുടെ സ്രഷ്ടന്റെ ജീവിതത്തിലെ ഓരോ വാക്കും ഓരോ പ്രവൃത്തിയും അത്യൽഭുതമായവതന്നെ. എന്നാൽ ഇതിൽ ഏറ്റവും മഹത്തായതു തന്റെ പങ്കുപ്പാടിന്റെ രഹസ്യമത്രെ. മനുഷ്യനായ ദൈവത്തിന്റെ ഇഹലോക ജീവിതത്തിലെ, അവസാന പടിയത്രെ ഇതു്. അദ്ദേഹമായി മിശിഹാ നമുക്ക് സാധാരണ ജീവിതത്തിന്റെ ഒരു മാതൃക തന്നു. അതിന്റെശേഷം സുവിശേഷ പ്രചാരണത്തിൽ, തനിക്കുള്ള അതിരറ്റ തീഷ്ണത എപ്രകാരമെന്ന് നമ്മെ മനസ്സിലാക്കി. ഇതിന്റെ അവസാനമായി, മനുഷ്യ കുലത്തിന്റെ വീണ്ടെടുപ്പ് തന്റെ കഷ്ടപ്പാടും കുരിശുമരണവും കൊണ്ടുതന്നെ പൂർത്തിയാക്കി. മിശിഹായ്ക്ക് തന്റെ പങ്കുപ്പാടും കുരിശുമരണവും തന്റെ മനുഷ്യ ജീവിതത്തിലെ ഒരു പ്രധാന സംഗതിതന്നെ ആയിരുന്നു. അതിനെ താൻ സദാ അനുഗ്രഹിച്ചു പ്രതീക്ഷിച്ചു കൊണ്ടാണിരുന്നതു്. സ്വ ജീവിതത്തിലെ ഏറ്റവും വലിയ കാര്യമായി, അതിനെ താൻ വിചാരിച്ചു. തന്റെ ലൌകിക ജീവിതം ഒരു മുദ്രവെച്ച് അവസാനിപ്പിച്ചതു് ഈ കഷ്ടപ്പെട്ട മരണം വഴിയായിട്ടായിരുന്നു. പിതാവായ സർവ്വേശ്വരൻ തന്നെ ഭരമേല്പിച്ച മഹത്തായ ഉദ്യോഗങ്ങളുടെ പൂർണ്ണ നിർവഹണവും ഈ കഷ്ടപ്പാടിലും മരണത്തിലും അത്രെ അടങ്ങിയിരുന്നതു്. എന്നാൽ തന്റെ കഷ്ടാനുഭവം വഴി നിർവഹിച്ചതായ, കൃത്യങ്ങളെത്തെല്ലാമായിരുന്നു എന്നു വിചിന്തനം ചെയ്യേണ്ടതുണ്ട്.

ആദ്യമായി, നമ്മുടെ രക്ഷകൻ ശരിയായ രാജത്വത്തോടുകൂടിയ ഒരു രാജാവായിരുന്നു. സ്വർഗ്ഗവും ഭൂമിയും കൂടി ഒന്നിച്ചു ചേർത്തു അ



"എന്തു്! ഒരു മണിക്കൂറെങ്കിലും നിങ്ങൾക്കു്
എന്നോടുകൂടി ഉണർന്നിരിപ്പാൻ കഴികയില്ലയോ?"
(മത്തായി 26-ാം. 40.)

തിലുള്ളവരെയെല്ലാം സ്വയാധികാരത്തിലാക്കി, സകലർക്കും തന്റെ രക്ഷയും സമാധാനവും നൽകി, ആത്മികവും ശാരീരികവും ആയ സകല നന്മകളും പ്രദാനം ചെയ്യുവെന്നതായിരുന്നു തന്റെ രാജത്വത്തിന്റെ വലിയ ഉദ്ദേശം. എന്നാൽ മിശിഹായ്ക്കു ഈ രാജ്യത്തെ ബലാൽ പിടിച്ചടക്കേണ്ടതായിട്ടുണ്ടായിരുന്നു. ഇതിൽ തന്റെ എതിരാളിയായി നിന്നിരുന്നതു പിശാചത്രെ. അവന്റെ സഹായികൾ അന്നത്തെ യൂദപ്രമാണികളും അജ്ഞാനത്തിലും അസ്സൂയാമാത്സര്യത്തിലും മുഴുകിക്കിടന്ന വിവിധ രാജ്യഭരണ കർത്താക്കളുമായിരുന്നു. ഇവരെ വശത്താക്കുന്നതിനു തിന്മയും ദുഷ്ടതയും അതിരു കടന്ന ശരീരേച്ഛകളുമത്രെ അവന്റെ ഉപകരണങ്ങളായിരുന്നതു്. ഇപ്രകാരം ലോകത്തിൽ രാജാക്കന്മാരുടെയും ജനപ്രമാണികളുടെയും, ജനസമൂഹത്തിന്റെ തന്നെയും, സ്വാധികാരിയായി സേച്ഛാപ്രഭുത്വം പാലിച്ചു പോന്ന പൈശാചിക മുഷ്കുരത്വത്തെ, പാടെ നശിപ്പിച്ചു പുതിയ ഒരു രാജ്യവും രാജത്വവും സ്ഥാപിക്കുന്നതിനുമത്രെ സാക്ഷാൽ രാജത്വത്തോടു കൂടിത്തന്നെ മിശിഹാവന്നതു്. ഈ പുതിയ സ്ഥാപനത്തിനായി മിശിഹായ്ക്കു പൈശാചികശക്തികളുമായി, ഒരു ദീർഘയുദ്ധം നടത്തി വിജയം നേടേണ്ടതുണ്ടായിരുന്നു. ഈ കൊടിയ യുദ്ധത്തെക്കുറിച്ചത്രെ ഏശയ്യാദീർഘദർശി തന്റെ പുസ്തകത്തിൽ നാല്പ—ാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്തു വിവരിക്കുന്നതു്.

ഈ സമരം ലൗകിക ഉപകരണങ്ങളായ വാളോ, കുന്തമോ കൊണ്ടല്ലായിരുന്നു. മിശിഹായുടെ ഉപകരണങ്ങൾ തന്റെ കഷ്ടാനുഭവവും കുരിശുമരണവും അത്രെ ആയിരുന്നതു്. ഈ യുദ്ധത്തിൽ ലൗകിക ദുഷ്ട്യാ മിശിഹാ തോല്പിക്കപ്പെട്ടു അധഃപതിച്ചു പോകുന്നു. എന്നാൽ ലോകത്തിനു് ദോഷത്വവും മൂഢത്വവുമായി കാണപ്പെട്ട തന്റെ ജീവിത പരിണാമം സാക്ഷാൽ ജീവനും ശക്തിയും വിജയവും ആയിരുന്നു. ഇതുവഴി മിശിഹാതന്റെ സാമ്രാജ്യസ്ഥാപനത്തിനു ശക്തിമത്തായ ഒരു അടിസ്ഥാനമിട്ടു. മനുഷ്യകുലത്തെ പാപത്തിന്റെയും അശാപാശങ്ങളുടെയും അടിമത്വത്തിൽ നിന്നും സ്വതന്ത്രമാക്കി തന്റെ പ്രജകളും പൌരന്മാരും അനുയായികളും എപ്രകാരമുള്ളവരെന്നു താൻ പ്രത്യക്ഷപ്പെടുത്തി. മിശിഹായുടെ ഈ അധഃപതനം പ്രശസ്തിയേറിയ തന്റെ ഉദ്ധാരണത്തിനു കാരണമാക്കി. നിത്യപിതാവായ സർവ്വശക്തന്റെ വലത്തുഭാഗംവരെ താൻ ഉയർത്തപ്പെട്ടു. ഭൂമി, പാതാളം, സ്വർഗ്ഗം, ഈ മൂന്നിനെയും കൂട്ടിബന്ധിപ്പിച്ച ഒരു രാജ്യത്തിന്റെ ഏകാധിപത്യാധിപനിയായി എന്നേക്കുമുള്ള നാഥനും വി

ധികത്താവുമായി ഇതാ മിശിഹാ മഹത്വപ്പെട്ടിരിയ്ക്കുന്നു. ഇപ്രകാരം ലോകത്തേയും, അതിനെ കീഴ്പ്പെട്ടുത്തിയിരുന്ന പൈശാചികപ്രഭുത്വത്തേയും താൻ തകർത്തു. ഇതെല്ലാം മിശിഹായുടെ കഷ്ടാനുഭവും മരണവും വഴിയായിട്ടത്രെ സംഭവിച്ചതു്. ഞാൻ ലോകത്തിൻ മുമ്പാകെ ഉയർത്തപ്പെട്ടുകയാണങ്കിൽ സർവ്വത്തേയും എന്നെറ പക്കലേക്കു ആകർഷിയ്ക്കും എന്നു് തന്നെറ ക്രൂരമരണത്തെ അനുഗ്രഹമാക്കിയുള്ള മിശിഹായുടെ പ്രവചനം എത്ര തെളിവായി നിർവഹിയ്ക്കപ്പെട്ടിരിയ്ക്കുന്നു. മിശിഹായുടെ കഷ്ടാനുഭവമാഹാത്മ്യം അതിരറ്റതു തന്നെ.

കഷ്ടാനുഭവംവഴി മിശിഹാ അനുഷ്ഠിച്ചവേറൊരു, മഹൽകൃത്യം നിത്യപിതാവിനു ഏറ്റവും തൃപ്തികരവും അത്യുൽകൃഷ്ടവും ആയഒരു ബലി സമർപ്പിച്ചുവെന്നതാണ്. താൻ സാക്ഷാൽ രാജാവായിരുന്നതുപോലെ ശരിയായ പൌരോഹിത്യത്തോടുകൂടിവന്ന അത്യുന്നത പുരോഹിതനുംകൂടിആയിരുന്നു. ദൈവസന്നിധിയിൽ ഈ ബലിയെക്കാൾ ക്രുതൽ യോഗ്യതയും വിലയുമുള്ള വേറൊന്നില്ല. തൻസമർപ്പിച്ച ഈ ബലിയെക്കുറിച്ചത്രെ, ദീർഘദർശിമാർ പ്രവചിച്ചിരുന്നതു്. പൂർവ്വപിതാക്കന്മാരുടെ ബലികളെല്ലാം മിശിഹായുടെ ഈ അത്യുത്തമമായ ബലിയുടെ സാദൃശ്യംമാത്രമെ ആയിരുന്നുള്ളൂ. അവയ്ക്കു് ദൈവസന്നിധിയിൽ വല്ല വിലയും ഉണ്ടായിരുന്നെങ്കിൽ അതു മിശിഹായുടെബലിയെ രൂപീകരിച്ചുവെന്നതിൽ നിന്നുമാത്രമുണ്ടായിട്ടുള്ളതായിരുന്നു. ദൈവത്തിന്റെ അത്യുന്നത പുരോഹിതനെന്നനിലയിൽ നിത്യപിതാവിന്റെ ഏകകുമാരനായ മിശിഹായേക്കാൾ സ്നേഹവും പക്ഷവും നിറഞ്ഞ വേറൊരാൾഇല്ല. അതുപോലെതന്നെ ബലിസമർപ്പണത്തിനായിനി

രണ്ടുബൈബിൾവിദഗ്ദ്ധന്മാർ.

പ്രോട്ടസ്റ്റണ്ടുകാരൻ:—എടോ വേദപുസ്തകം സമ്മതിക്കുന്നതായിട്ടു് പ്രോട്ടസ്റ്റണ്ടുസഭമാത്രമേ ഉള്ളു. നിങ്ങളുടെറോമ്മാസഭ പാപ്പാസഭയാണു്. .അതിനുബൈബിളിൽയാതൊരാധാരവുമില്ല.

കത്തോലിക്കൻ:— ഇതാരുപറഞ്ഞു?


പ്രോട്ടസ്റ്റണ്ടുകാരൻ:—ബൈബിളിൽ എന്താറോമ്മാക്കാരെക്കുറിച്ചുള്ളതു്, ഒന്നുകാണട്ടെ.

കത്തോലിക്കൻ:— പൌലോസുശ്ലീഹാ ലേഖനം എഴുതിയതു റോമ്മാക്കാർക്കല്ലേ? പ്രോട്ടസ്റ്റണ്ടുകാർക്കു് എഴുതിയലേഖനം ഒന്നുകണ്ടാൽ കൊള്ളാം.

യോഗിച്ച ഈ ദിവ്യകുഞ്ഞാടിനേക്കാൾ പരിശുദ്ധവും, വില തീരാത്തതുമായ ഒരു ബലിയും ദൈവത്തിന്റെ മുമ്പാകെ കാണപ്പെടുന്നില്ല. അതിനാൽ ഭൂലോകപാപത്തെ നീക്കുന്നതിനായി ആദിമുതൽ ദീർഘദർശനങ്ങൾവഴിയായും മറേറാരൊ അസംപൂർണ്ണബലികൾ വഴിയായും, മുൻകൂട്ടി പ്രതിബിംബിയ്ക്കപ്പെട്ട്, തയ്യാറാക്കികൊണ്ടുവന്ന ഈ പരിശുദ്ധവും പരിപൂർണ്ണവും അത്യുത്തമവും ആയ ബലിയും, മിശിഹായുടെ കഷ്ടാനുഭവത്താൽതന്നെയാണ് പൂർത്തിയാക്കപ്പെട്ടിരിയ്ക്കുന്നതെന്നു ഓർക്കുമ്പോൾ ഈ കഷ്ടാനുഭവ മാഹാത്മ്യത്തെ ആർക്കാണ് പരിഗണിയ്ക്കാവുന്നതു്.

ഇതു മാഹാത്മ്യമേറിയ പീഡാനുഭവം നമ്മുടെ രക്ഷയുടെ അടിസ്ഥാനമായിരിക്കുന്നു. നമ്മുടെ ആത്മാക്കളുടെവില ഈ കഷ്ടാനുഭവത്തിൽ ചൊരിഞ്ഞ ചോരയാകുന്നു. നമ്മുടെ സകലപ്രവൃത്തികൾക്കും ദൈവതിരുമുമ്പിൽ യോഗ്യതയുണ്ടാകുന്നതു് ഈ കഷ്ടാനുഭവത്തിന്റെ യോഗ്യതവഴിയല്ലാതെ മറെറാന്നിനാലുമല്ല. നമ്മുടെ പാപങ്ങൾക്കു തക്കതായ പ്രായശ്ചിത്തവും പൊറുതിയും, മിശിഹായുടെ പങ്കപ്പാടുമൂലം തന്നെയാണ് സിദ്ധിക്കുന്നതു്. ചുരുക്കിപറഞ്ഞാൽ നമുക്കു ദൈവത്തിൽ സമാധാനവും ദൈവിക ജീവനും, ആത്മികശക്തിയും, ധൈര്യവും, ഉറപ്പുമെല്ലാം മിശിഹായുടെ പങ്കപ്പാടിൽനിന്നത്രെവരുന്നതു്. ഇത്രശക്തിമത്തായ കഷ്ടാനുഭവത്തെക്കുറിച്ചുള്ളധ്യാനം, നമുക്കു എത്രയൊആവശ്യവും ഉപകാരപ്രദവുംആണ്? പാപത്തിന്റെ കാഠിന്യം നമുക്കു മനസ്സിലാകണമെങ്കിൽ നാം മിശിഹായുടെ കഷ്ടാനുഭവത്തെഓർത്താൽമതി. പാപത്തിൽനിന്നകന്നിരിയ്ക്കുന്നതിനു് എത്രയും പററിയ ഒരുമാർഗ്ഗവും ഇതുതന്നെ. നിരാശക്കുഴിയിൽനിന്നു് നമ്മെ വലിച്ചുകയററി ആശ്വാസവും ഉറപ്പും തരുന്നതിനു്, കഷ്ടാനുഭവത്തിന്റെ ഓർമ്മയ്ക്കല്ലാതെസാധിയ്ക്കയില്ല. നമ്മുടെ ആശാപാശങ്ങളോടു് ധൈര്യസമേതം പോരാടുന്നതിനു് മിശിഹായുടെ കഷ്ടപ്പാടിന്റെയും മരണത്തിന്റെയും ഓർമ്മയേക്കാൾ, ശക്തിയേറിയ ഉപകരണം മറെറില്ല. ഇത്രമാഹാത്മ്യമേറിയതും, ശക്തിമത്തായതുമായ പീഡാനുഭവധ്യാനം സദാ നമ്മുടെ ആത്മാവിന്റെ ഭോജനമാക്കിത്തീർക്കേണ്ടതുതന്നെ.

ഉപന്യാസമത്സരം.



ഒന്നാം സമ്മാനം!

രൂപാ ൧൦!

രണ്ടാം സമ്മാനം!

രൂപാ ൫!

"വേദപ്രചാരണത്തിൽ യുവജനങ്ങൾക്കുള്ള ഭാഗം"

എന്ന വിഷയത്തെക്കുറിച്ചു മദ്ധ്യസ്ഥൻ മാസികയുടെ മൂന്നു പേജിൽ കുറയാതെയും നാലു പേജിൽ കവിയാതെയുമിരിക്കത്തക്ക വിധം എഴുതി അയക്കുന്ന ഏറ്റവും നല്ല ഉപന്യാസത്തിനു ൧൦ രൂപായും അടുത്ത സ്ഥാനത്തെ അർഹിക്കുന്ന ഉപന്യാസത്തിനു ൫ രൂപായും സമ്മാനം കൊടുക്കുന്നതാണു്. ഉപന്യാസങ്ങൾ അടുത്ത മേയ് മാസം ൧൦-ാം തീയതിക്കു മുൻപു ഇവിടെ കിട്ടത്തക്കവണ്ണം "പത്രാധിപർ, മദ്ധ്യസ്ഥൻ ചങ്ങനാശേരി" എന്ന വിലാസത്തിൽ അയക്കേണ്ടതാകുന്നു.

ഈ കഴിഞ്ഞ സ്ക്കൂൾ വർഷത്തിൽ മലയാളം സ്ക്കൂളുകളിലും ഇംഗ്ലീഷ് സിക്സ്ത്ഫോറംവരെയുള്ള സ്ക്കൂളുകളിലും വിദ്യാർത്ഥികളായിരുന്നിട്ടുള്ളവർക്കെല്ലാം ഈ മത്സരത്തിൽ ചേരാവുന്നതാണു്. വിദ്യാർത്ഥികളാണെന്നുള്ളതിനു ലക്ഷ്യമായി ഹെഡ്മാസ്റ്റർ, സ്ക്കൂൾ മാനേജർ, ഇടവക വികാരി എന്നിവരിൽ ആരുടെ എങ്കിലും സാക്ഷിപത്രം ഉപന്യാസത്തോടൊന്നിച്ചു് അയച്ചിരിക്കണം.

കൂടുതൽവിവരങ്ങൾക്കുപത്രാധിപരോടുഎഴുതിച്ചോദിക്കുക.

കാഡിനൽപച്ചെല്ലി.

(റവ. തോമ്മസ്സ് കളം കാവ്വാലം.)

തിരു സിംഹാസനത്തിന്റെ രാജ്യകാര്യ മന്ത്രിയായിരുന്ന കർട്ടിനാൽ ഗസ്പാരി തിരുമനസ്സുകൊണ്ട് ഉദ്യോഗം രാജി വച്ചതിനെ ഇവിടംകൊണ്ട മദ്ധ്യസ്ഥവായനക്കാർ അറിഞ്ഞു കാണുമല്ലൊ. ഗൗരവമുള്ളതും ഭാരമേറിയതുമായ ഈ ഉദ്യോഗ നിർവ്വഹണത്തിനായി തിരു സിംഹാസനം തെരിഞ്ഞെടുത്തത് 'ഉപവിയുടെയും മതത്തിന്റെയും ശ്ലീഹാ,യായ കർട്ടിനാൽ എജിനിയൊ പച്ചല്ലി എന്ന ദേഹത്തെയാണ്. പരിശുദ്ധ സിംഹാസനത്തിന് മഹൽ കാര്യങ്ങളെ നിർവ്വഹിച്ചു കൊടുത്തിട്ടുള്ള സാമോപായജ്ഞന്മാരിൽ പ്രമുഖനാണിദ്ദേഹമെന്നു പ്രസ്താവിക്കുന്നതിൽ അതിശയോക്തി ലവലേശമില്ല. താൻ യൂറോപ്പിൽ ഗുണസാധകമായ വിവിധ മഹൽ കാര്യങ്ങളെ പല അവസരങ്ങളിലായി അനുഷ്ഠിച്ചു മാലോകരുടെ സ്നേഹബഹുമാനാദികൾക്ക് പാത്രീഭവിച്ചിട്ടുണ്ടെങ്കിലും അവയുടെ എല്ലാറ്റിന്റെയും മകുടമണിയായി പ്രശോഭിക്കുന്നതും പ്രശംസാർഹമായിരിക്കുന്നതും ജർമ്മനിയുമായുള്ള കൊൺകൊർദ്ദാത്താണ് എന്നുള്ളതു പ്രസ്താവയോഗ്യമത്രെ. യുദ്ധാനന്തരം മഹാശക്തികൾ തമ്മിൽ സനാതനമായ സമാധാനത്തെ പുനഃസ്ഥാപിക്കുന്നതിന് അഖില ലോക പൂജ്യന്മാരായ പല മഹാന്മാർ അഹോരാത്രം ചിന്തിച്ചിട്ടും ആശാസ്യമായ ഫലമൊന്നും ഉണ്ടാകാതിരുന്ന വിഷമ ഘട്ടത്തിലാണ് പ്രാൻസും ജർമ്മനിയും തമ്മിൽ ഏകയോഗ ക്ഷേമമായി വർത്തിക്കുന്നതിനുള്ള സന്ധി മൊൺസിഞ്ഞോർ പച്ചല്ലിയുടെ നേതൃത്തിൽ ഭംഗിയായി കഴിഞ്ഞു കൂടിയത്. ഈ സന്തോഷ വാർത്ത ഭൂമുഖത്തു വായുവേഗത്തിൽ പരന്നു കഴിഞ്ഞു.

ലോക മഹാ സമരം നടന്നുകൊണ്ടിരുന്ന ആപൽകാലത്തു് സമാധാന പരിപാലനത്തിനായി പരിശുദ്ധ പിതാവു് ക്ലി=ാം ബനഡിക്തോസ് പാപ്പാ തിരുമനസ്സുകൊണ്ടു ആലോചിച്ച മാർഗ്ഗത്തെ ഇരുഭാഗക്കാരെയും അറിയിക്കുന്നതിനായി പേപ്പൽന്യൂൺസിയോആയി ബവെറിയായിലേക്ക് അയച്ചതു് ഇദ്ദേഹത്തെയാണ്. തന്റെ സദുദ്യമം ആഗ്രഹിച്ചതുപോലെ ഫലപ്രദമായി തീർന്നില്ലെങ്കിലും മഹാ യുദ്ധത്തി

ന്റെ അവസാനം സമീപമായിരിക്കുന്നു എന്ന് മദ്ധ്യാഹ്ന സൂര്യനെപ്പോലെ തന്റെ ഭഗീരഥയത്നംമൂലം അവരെ താൻ പ്രത്യക്ഷമായി മനസ്സിലാക്കി. ഫ്രൻച്-ൽ നൂതനമായി ബവെറിയായിൽ എഴുപ്പെട്ടത്തിയ പ്രജാപ്രഭുത്വഗവർമെൻറിലേക്ക് നിയുക്തനായ പുരുഷകേസരിയും ഇദ്ദേഹം തന്നെ. അവിടെ ഗൗരവതരങ്ങളായ കാര്യാദികളെ ആലോചനാപൂർവ്വം നടത്തിയതുമൂലം രാജ്യകാര്യമന്ത്രിമാരുടെ പക്കൽ തനിക്കുണ്ടായിരുന്ന പ്രഭാവത്തെയും സ്വാതന്ത്ര്യത്തെയും പറ്റി [London Daily] പത്രത്തിൽ താഴെ കാണും വിധം പറഞ്ഞിരിക്കുന്നു:—"സാധാരണ ബ്രിട്ടീഷ് മനിഷ്പത്തിനുമാത്രം ലഭിക്കുന്ന അവകാശവും സ്വാതന്ത്ര്യവും തനിക്ക് ജർമൻ ഗവർമെൻറിലും അവിടത്തെ രാജ്യതന്ത്രജ്ഞന്മാരുടെ മദ്ധ്യേയും സിദ്ധിക്കാതിരുന്നില്ല. ഫ്റാൻസിലെ കുഴപ്പത്തിനുശേഷം അതിന്റെ പ്രാന്തങ്ങളെ സന്ദർശിച്ചതിനാൽപിന്നീട അതിന്റെ അതിരുകളെ നിർണ്ണയിക്കുന്ന വിഷയത്തിൽ തനിക്ക് ഒരു അപ്രധാനമല്ലാത്ത ഭാഗമുണ്ടായിരുന്നു."

മൊൺസിഞ്ഞോർ പച്ചല്ലി 1876 മാർച്ച് 2—ാംനു- "നിത്യനഗര"ത്തിൽ ഭൂജാതനായി. നിയമശാസ്ത്രം ദൈവശാസ്ത്രം എന്നീ വിഷയങ്ങളിൽ ഉന്നതബിരുദ് സമ്പാദിച്ചശേഷം 1899-ൽ വൈദികനായി ഉയർത്തപ്പെട്ടു. 1901-ൽ മാർപാപ്പായുടെ സെക്രട്ടറി എന്ന നിലയിലുള്ള ഏതാനും ജോലികൾ ചെയ്യുന്നതിനു 13—ാം ലെയോൻ പാപ്പാ ഇദ്ദേഹത്തെ നിശ്ചയിച്ചു. 1903-ൽ സാമനീതിശാസ്ത്രത്തിന്റെ പ്രൊഫസർ എന്ന സ്ഥാനം ഇദ്ദേഹത്തിനു നൽകി. ഏതാനും മാസങ്ങളുടെ ശേഷം സിസ്റ്റയിൻ കപ്പേളയിൽ വച്ചു 15—ാം ബെനഡിക്തോസ് പാപ്പാ ഇദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്തിട്ട പേപ്പൽ സ്നൂൺസിയോ എന്ന സ്ഥാനത്തിൽ വീണ്ടും ബവെറിയായിലേക്ക് അയക്കയുണ്ടായി. യുദ്ധകാലത്തും പിന്നീടും താൻ "ഉപവിയുടേയും മതത്തിന്റേയും ശ്ലീഹാ" എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്നതിനാൽ ഭിന്നിച്ച രാജ്യക്കാർ തമ്മിൽ സമാധാനമുണ്ടാക്കുന്നതിനു താൻ ശ്രമിച്ചതു മൂലം യൂറോപ്പിലെ സമാധാന ലീഗിന്റെ ഒരു പ്രധാന ആലോചനക്കാരനും സംരക്ഷകനുമായി ഏല്പാവരും അദ്ദേഹത്തെ പരിഗണിക്കുന്നു. പ്രഭ്വിയായും പരിശുദ്ധ സിംഹാസനവുംതമ്മിലുള്ള കൊൺകൊർദാത്താണ് ഒരുപ്രകാരത്തിൽ പറഞ്ഞാൽ തന്റെ ഇതരരാജ്യതന്ത്രനിപുണതയിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതെന്നും ശാശ്വതമായ ഒരു സ്മാരകമായിട്ട സ്ഥിതിചെയ്യുന്നതെന്നും പ്രത്യേകം സ്മരണീയമത്രെ.

ഈ ഫെബ്രുവരി 12ൻ–ാംനു- കാഡിനൽ പച്ചെല്ലി തന്റെ ജോലിയിൽ ഔദ്യോഗികമായി പ്രവേശിച്ചു. പ. പിതാവുകൊടുത്ത നിയമന പത്രത്തിൽ താഴെകാണുന്നഭാഗം ശ്രദ്ധാർഹമാണ്:—"ഈ നിയമനത്തിൽ നമ്മെ പ്രേരിപ്പിച്ചതും, അങ്ങനെ ചെയ്യുതിൽ നമുക്കേറ്റം ഉറപ്പു തരുന്നതുമായ സംഗതികളിൽ ആദ്യത്തേതു, അങ്ങയിൽ വിളങ്ങി കാണുന്ന അസാധാരണമായ പ്രാർത്ഥനാത്മാവിയും ദൈവിക ഭോജിപ്പുമാണ്. അതിനാൽ അസാധാരണമായ ദൈവ സഹായങ്ങൾ അങ്ങേക്കുണ്ടാകാതിരിക്കയില്ല. രണ്ടാമത്തെ സംഗതി ദൈവ കാരുണ്യത്താൽ അങ്ങേക്കു ലഭിച്ചിട്ടുള്ള വിശേഷ ഗുണങ്ങളും ബുദ്ധിവൈഭവുമത്രെ. ഈ വക ഗുണങ്ങൾ ദൈവ മഹിമക്കും സഭക്കുമായി എത്ര മഹത്തായ വിധത്തിൽ ഉപയോഗിക്കാമെന്നു് അങ്ങേ ഏല്പിച്ച ഓരോ ജോലികളിൽ നിന്നും പ്രത്യേകമായി ബവേറിയായുടേയും ജർമ്മനിയുടേയും സ്പെൻസ്യാ ഉദ്യോഗങ്ങളിൽ നിന്നും പ്രത്യക്ഷമായിട്ടുണ്ട്."

ഈയാണ്ടത്തെ ക്രിസ്തുമസ്സു് പിരിവു.

(ഫാദർ ഡോമനിക്കു തോട്ടാശേരി എം. എ.)

ഈയാണ്ടത്തെ ക്രിസ്തുമസ്സു് അവസരത്തിൽ ഒരുപിരിവു നടത്തി ഭിന്നസഹോദരങ്ങളുടെ ഇടയിലുള്ള വേദപ്രചാരവൃത്തിക്കു, പ്രത്യേകിച്ചു തിരുവല്ലാ പള്ളി പണിക്കുവേണ്ടി, സംഭാവന ചെയ്യണമെന്നു കാണിച്ചു, ഇപ്രകാരം ചെയ്യുന്നവക്കു നമ്മുടെ എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ ആശിസ്സു് നൽകുന്നതായ ഒരു കുറിപ്പോടുകൂടെ ഒരു അഭ്യർത്ഥന എല്ലാ ഇടവകകളിലേക്കും അയച്ചിട്ടുണ്ടായിരുന്നു. ടി. അഭ്യർത്ഥന അനുസരിച്ചു ചിലഇടവകകളിൽനിന്നും ഓരോസംഖ്യഅയച്ചു തന്നിട്ടുണ്ടു്. ചിലസ്ഥലങ്ങളിലെ പിരിവു് ഉടൻ അയച്ചുതരാമെന്നു് അറിയിച്ചിട്ടും ഉണ്ടു്. ലോകരക്ഷക്കായി മനുഷ്യനായിഅവതരിച്ച ക്രിസ്തുനാഥന്റെ പിറന്നാൾമഹം കൊണ്ടാടുന്ന ക്രിസ്തുമസ്സ് അവസരത്തിൽ തന്റെ വേലയെ പൂർത്തീകരിക്കുന്നതായി ചെയ്യുന്ന വേദപ്രചാരധർമ്മത്തേക്കാൾ അർത്ഥവത്തായതും പാവനമായതും അയ വേറൊരു കൃത്യം

നമുക്കു ചെയ്യുവാനില്ല. കർത്താവിന്റെ പിറവിയുടെ ഏകഉദ്ദേശ്യംആത്മരക്ഷയാണ്. വേദപ്രചാരണവേലയുടെയും, ഏകഉദ്ദേശ്യം ആത്മരക്ഷയാണെല്ലൊ. ക്രൂശാതെ കർത്താവു പിറന്നതും ഏറ്റവും ദാരിദ്ര്യത്തിലാണു്. തന്റെ പിറവിയുടെ സാഹചര്യങ്ങൾ നിദ്ധനത്വത്തിന്റെയും പരിത്യാഗത്തിന്റെയും പരിപൂർണ്ണതയായിരുന്നു. ആ സ്ഥിതിക്കു തന്റെ പിറവിയുടെ ഉദ്ദേശ്യനിവൃത്തിക്കുവേണ്ടി ധർമ്മം ചെയ്യണമെന്നുമാത്രമെങ്കിലും നാം ദരിദ്രരായി പരിത്യാഗം അനുഷ്ഠിക്കുന്നതു് എത്രയോ അത്ഭുതകരമായ പ്രവൃത്തിയാണു്! എന്നിരുന്നാലും ഇരുനൂറുകുടുംബത്തിൽപരം വരുന്ന പള്ളികൾ ഉള്ള നമ്മുടെ രൂപതയിൽ ഏതാനും ഇടവകകൾക്കു മാത്രമേ ടി. സൽപ്രവൃത്തി ചെയ്യുന്നതിനു നൽമനസ്സുണ്ടായുള്ളു എന്നു കാണുന്നതു പരിതാപകരമായ ഒരവസ്ഥയാണു്. ആദ്ധ്യാത്മികകാര്യങ്ങൾക്കു, വേദപ്രചാരണത്തിനുപോലും, ധർമ്മം ചെയ്യുന്നതു് ഒരു നഷ്ടമായി ഒരുകൂട്ടം ആളുകൾ വിചാരിക്കുന്നു. നമ്മുടെ ദിവ്യരക്ഷകന്റെ പരസ്യജീവിതകാലത്തെ സദുദ്ദേശ്യരോടു് ഇവരെ ഉപമിക്കാം. ഇവർ തങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നവയല്ലാതെ മറ്റു യാതൊന്നും യഥാർത്ഥമല്ലെന്ന വാക്കുകൊണ്ടല്ലെങ്കിലും പ്രവൃത്തികൊണ്ടു കാണിക്കുന്നു. ഇക്കൂട്ടർ ദൈവത്തിന്റെ അസ്തിക്യത്തേയും മരണാനന്തരമുള്ള ജീവിതത്തേയും ദൈവത്തിന്റെ അദൃശ്യമായ ലോകഭരണത്തേയും വാകൊണ്ടു് ഏറ്റു പറയും. എന്നാൽ ഇവരുടെ ഹൃദയവേദികളിൽ ഈ നിത്യസത്യങ്ങൾക്കു സ്ഥാനമില്ല. വല്ല സ്ഥാനവുമുണ്ടെങ്കിൽ, ടി. നിത്യസത്യങ്ങളിൽ സ്വല്പമെങ്കിലും വിശ്വാസമുണ്ടെങ്കിൽ, പരലോകത്തിൽ സമ്പാദ്യം ഉണ്ടാക്കുന്നതിനുവേണ്ടി, കർത്താവു തന്റെ ജീവരക്തം കടശ്ശീതുള്ളിവരെയും ചിന്തിപ്രവൃത്തിച്ച വേലയെ ഫലപ്രദമാക്കുന്നതിനു ശക്തിക്കനുസരണമായി ധനസഹായം ചെയ്യുന്നതിനു മടി കാണിക്കുമോ? തന്റെ നാമത്തിൽ പാവപ്പെട്ടവനു് ഒരുപാത്രം വെള്ളം കൊടുത്താൽ അതിനു വലുതായ പ്രതിഫലം കൊടുക്കുമെന്നു വാഗ്ദാനം ചെയ്ത സത്യസ്വരൂപിയായ ദൈവത്തിന്റെ സഭാശരീരത്തിന്റെ വളർച്ചയ്ക്കുവേണ്ടി തന്റെ പരിശുദ്ധവേലയെ പുലർത്തുന്നതിനുവേണ്ടി ശക്ത്യനുസരണം ദാനം ചെയ്യുവാൻ മനസ്സില്ലാതെ വരുമോ? ആകാശവും ഭൂമിയും മാറിപ്പോകും. എന്റെ വാക്കുകൾ മാറിപ്പോകയില്ല എന്നു പറഞ്ഞ ക്രിസ്തുനാഥന്റെ വാക്കുകൾ നമ്മുടെ ഹൃദയത്തിൽ ഉണ്ടെങ്കിൽ അമേരിക്കാ യൂറോപ്പു മുതലായ രാജ്യങ്ങളിലെ ആളുകൾ ചെയ്യുന്നതുപോലെയുള്ള ദാനങ്ങൾ നമ്മുടെ നാട്ടിലും ഉണ്ടായേനെ. എത്രയോ വലിയ സംഖ്യകൾ അടിയന്തിരങ്ങൾക്കായും കേസുകൾക്കായും വിനോദങ്ങൾക്കായും നാം ചെലവിടുന്നു. നമ്മുടെ സദുദ്ദേശമനസ്ഥി

തി അല്ലായിരുന്നു എങ്കിൽ മേൽപറഞ്ഞ സംഗതികൾക്കു ചെലവിടുന്നതിൽ ക്ലൃപ്തമായ സംഖ്യകൾ ദൈവികകാര്യങ്ങൾക്കു നാം സസന്തോഷം ചെലവിട്ടുമായിരുന്നു.

വേറൊരുകൂട്ടം ആളുകൾ ആദ്ധ്യാത്മികകാര്യങ്ങൾക്കു ചെലവു ചെയ്യുന്നതിനു് ഏറക്കുറെ മനസ്സുള്ളവരാണു്. എന്നാൽ അവരുടെ ആദ്ധ്യാത്മിക പ്രവൃത്തിരംഗത്തിന്റെ പരിധി സ്വന്തം ഇടവകയാണു്. ഇടവകയിലെ ദൈവാരാധനസ്ഥലം ആരാധനസ്ഥലത്തിന്റെ മഹിമയ്ക്കും വേണ്ടി ചെലവിടുവാൻ അവർ ഏറക്കുറെ തയാറാണു്. എന്നാൽ പ്രവൃത്തിരംഗം അകന്നുപോയാൽ അവരുടെ ദാനശീലം കുറഞ്ഞുപോകയോ ഇല്ലാതായി പോകയോ ചെയ്യുന്നു. ഈ മനസ്ഥിതി രണ്ടുകാരണങ്ങളിൽനിന്നുത്ഭവിക്കുന്നു. ഒന്നാമത്തേതു് ക്രൈസ്തവർ തങ്ങളുടെ സൽപ്രവൃത്തികൾക്കു ലൌകികമായ ഒരു പ്രതിഫലത്തെ ഇച്ഛിക്കുന്നു. തങ്ങളുടെ പ്രവൃത്തിയെ മറ്റുള്ളവർ പ്രശംസിക്കുമല്ലോ എന്നോ മറ്റോ അവർ വിചാരിക്കുന്നു. ടി വിചാരം പ്രത്യക്ഷമായിട്ടില്ലെന്നു വന്നേക്കാം. അവരുടെ ഹൃദയത്തിന്റെ ആഴം പരിശോധിക്കുന്നുവെങ്കിൽ അതവിടെ കാണും. ഇങ്ങനെയുള്ള മനസ്ഥിതികൊണ്ടു നമ്മുടെ സൽപ്രവൃത്തികളുടെ ഫലം കുറഞ്ഞുപോകയോ ഇല്ലാതെ തന്നെ ആയിപ്പോകയോ ചെയ്യുന്നു. ലൌകികഉദ്ദേശ്യത്തോടുകൂടെമാത്രം ചെയ്യുന്ന പ്രവൃത്തികൾക്കു സ്വർഗ്ഗത്തിൽ യാതൊരു ഫലവുമില്ല. അവയുടെ ഫലം ഈ ലോകത്തിൽതന്നെ കിട്ടിപ്പോയി. അലൌകികമായ ദൈവരാജ്യത്തെപ്രതി എന്നുള്ള പരിശുദ്ധഉദ്ദേശ്യമാണു നമുക്കുണ്ടായിരിക്കേണ്ടതു്. അതുമാത്രമാണെങ്കിൽ നമ്മുടെ പ്രവൃത്തിയുടെ ഫലം പരിപൂർണ്ണമായിരിക്കും. ഏതുമാത്രം ലൌകികഉദ്ദേശ്യംകൂടെ സംബന്ധിക്കുമോ അതുമാത്രം പ്രവൃത്തിയുടെ വിലയും ഫലവും കുറഞ്ഞുപോകുന്നു. അതുകൊണ്ടു ദൈവത്തെമാത്രം ഓർത്തുകൊണ്ടു നാം ധർമ്മം ചെയ്യണം. അങ്ങിനെ ആകുമ്പോൾ എവിടെയാണു നാം ധർമ്മം കൊടുക്കേണ്ടതു് എന്നു തീരുമാനിക്കുവാൻ വളരെ എളുപ്പമാണു്. എവിടെയാണു നമ്മുടെ ധർമ്മം ആവശ്യമുള്ളതു്; എവിടെയാണു ദൈവസ്തുതി അധികം വർദ്ധിപ്പിക്കുവാനുള്ളതു്, എവിടെയാണു് ആത്മരക്ഷ ക്ലൃപ്തമായി സാധിക്കുവാനുള്ളതു്; എന്നൊക്കെ നാം ആരായുന്ന പക്ഷം നമ്മുടെ ധർമ്മം പരിശുദ്ധമായ ഉദ്ദേശ്യത്തോടുകൂടെ യഥാസ്ഥാനത്തുചെന്നു് അതു ലഭിക്കുന്നവരെയും കൊടുക്കുന്നവരെയും ഒരേസമയത്തു ധന്യരാകും. സകല ചെലവും കഴിഞ്ഞു ആണ്ടിനൊരു ആറേഴായിരം രൂപാ ആദായം മിച്ചം വരുന്ന ഒരു പള്ളിയിലെ ധനാഢ്യനായ ഒരു ഇടവകക്കാരനോടു ഞാൻ വേദപ്രചാരണാ

ത്ഥം ധനസഹായം ആവശ്യപ്പെട്ടപ്പോൾ മുന്നൂറമ്പതുരൂപാ വിലവരുന്ന ഒരു സാമാനം അയാൾ ഇടവകപ്പള്ളിക്കു വാങ്ങിക്കൊടുക്കുവാൻ വിചാരിക്കുന്നതുകൊണ്ടു തൽക്കാലം എന്റെ അഭ്യർത്ഥന സ്വീകരിക്കാൻ വിഷമമാണെന്നു പറഞ്ഞതുകേട്ടു ഞാൻ വളരെ വിസ്മയിച്ചുപോയി. എന്നാൽ ആവശ്യം അനുസരിച്ചു ധർമ്മം ചെയ്യുന്നവർ നമ്മുടെ ഇടയിലും ഉണ്ടെന്നു മദ്ധ്യസ്ഥൻ വായനക്കാർപിറകെ അറിയുന്നതാണു്.

ഇടവകയുടെ അഭിവൃദ്ധിയെ അതിലംഘിക്കുന്ന പ്രവൃത്തിരംഗം ഇല്ലാതെ വരുന്നതിന്റെ രണ്ടാമത്തെ കാരണം, മറ്റുള്ളവരുടെ ആവശ്യത്തെ അറിയുവാൻകഴിയായ്കയില്ലാത്ത സ്വാർത്ഥപരമായ ഒരുമനസ്ഥിതി ആണു്. ഉണ്ടു നിറഞ്ഞിരിക്കുന്നവനു് വിശക്കുന്നവന്റെയും അന്ധഗാത്രനു രോഗിയുടെയും വിഷമങ്ങൾ അറിവാൻ പലപ്പോഴും സാധിക്കാതെ വരുന്നു. എന്നാൽ ഈ മനസ്ഥിതി മാറാതെ അഭ്യുന്നതിയിലേക്കു ഒരു അടിപോലും മുന്നോട്ടുവയ്ക്കുവാൻ നമുക്കു സാധിക്കയില്ല. കാണപ്പെട്ടുന്ന സഹോദരന്റെ ആവശ്യം അറിവാൻ വഹിയാത്തവൻ കാണപ്പെടാത്ത ദൈവത്തിന്റെ ഹിതം അറിയുകയില്ല. നമുക്കു മറ്റുള്ളവരോടു അനുകമ്പയില്ലെങ്കിൽ ദൈവത്തിനു നമ്മോടു അനുകമ്പയുണ്ടാകുന്നതെങ്ങനെ? നമ്മുടെ കൂടക്കാരോടു നാം ക്ഷമിക്കുന്നതുപോലെമാത്രമേ നമ്മുടെ കടങ്ങൾ ദൈവം നമ്മോടു ക്ഷമിക്കയുള്ളൂ.

വേറൊരു കൂട്ടരുണ്ടു്. അവർക്കു ദൈവാരാധനയ്ക്കും മറ്റും ചെലവു ചെയ്യുന്നതു സന്തോഷമാണു്. കുർബാനചൊല്ലിക്കും, പള്ളിയിൽനേർച്ചകാഴ്ചകൾ ധാരാളമായി ചെയ്യും. നേരിട്ടു ദൈവമഹത്വത്തിനായി ചെയ്യുന്ന സൽപ്രവൃത്തികളോടു് അവർക്കു വളരെ പ്രതിപത്തിയാണു്. അങ്ങനെയുള്ള സൽപ്രവൃത്തികളുടെ ഫലം തങ്ങൾക്കു നേരിട്ടു കിട്ടുമല്ലൊ എന്നു വിചാരിച്ചു അവർ സമാധാനപ്പെടുന്നു. എന്നാൽ മറ്റുള്ളവരുടെ ആത്മാവു രക്ഷപ്പെടുന്നതുകൊണ്ടു തങ്ങൾക്കെന്തുഗുണമാണുണ്ടാകുന്നതു് എന്നു് അവർ വിചാരിച്ചു പോകുന്നു. തിരുവല്ലായിലോ മാരാമണ്ണിലൊ ഏതാനുംപേർ സത്യവിശ്വാസികളായതുകൊണ്ടു് നമുക്കെന്തു്? വടക്കെങ്ങാണ്ടു് ഏതാനും പുലയർ കത്തോലിക്കരായതുകൊണ്ടു നമുക്കെന്തുപുണ്യം? ഈവകചോദ്യങ്ങൾ അവരുടെ ഹൃദയാന്തർഭാഗങ്ങൾ പരിശോധിച്ചാൽ അവിടെ കാണും. ഹാ! എത്രയോ ശോചനീയമായ മനസ്ഥിതി! എത്ര ഭയങ്കരമായ അന്ധത! ഈ മനസ്ഥിതി ദൈവത്തിനുണ്ടായിരുന്നുവെങ്കിൽ നമ്മുടെ രക്ഷ എങ്ങനെ സാധിക്കുമായിരുന്നു?

ദൈവത്തിന്റെ മനുഷ്യാവതാരവും കഷ്ടപ്പാടും മരണവുംകൊണ്ടു നിങ്ങൾക്കുള്ള പ്രയോജനമുണ്ട്. യാതൊന്നുമില്ല. ക്രിസ്തുവിനെപ്പോലെ നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി ത്യാഗം അനുഷ്ഠിക്കുന്നതിനു വേണ്ടമാത്രമനസ്സുത നമുക്കില്ലെങ്കിൽതന്നെയും ദൈവകല്പന അനുസരിക്കുന്നതിനും ദൈവഹിതം നിറവേറ്റുന്നതിനും നമുക്കു പരലോകത്തിൽ സമ്പാദ്യം ഉണ്ടാകുന്നതിനും ആയി നാം മറ്റുള്ളവരുടെ ആത്മരക്ഷമേൽ ശ്രദ്ധ കാണിയുള്ളവരായിരിക്കണം. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ എന്നും കാണപ്പെട്ടുന്ന സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നില്ല എന്നും നമ്മുടെ അരുമനാഥൻ അരുളിച്ചെയ്യുന്നു. ക്രിസ്തു നമുക്കുവേണ്ടി ജീവനെ ബലികഴിച്ചതുപോലെ നാം നമ്മുടെ സഹോദരന്മാർക്കുവേണ്ടി ജീവനെ ബലികഴിക്കണം എന്നു വി. യാക്കോബു പറയുന്നു. "ഒരു ശിശുവിനെ തന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ തന്നെ കൈക്കൊള്ളുന്നു"വെന്നും "എന്റെ ഈ ഏറ്റം ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തതെല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു" എന്നും നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നു. "നിന്റെ രാജ്യം വരണമെ" എന്നു പ്രാർത്ഥിപ്പാൻ കർത്താവു നമ്മോടു കൽപിക്കുന്നുണ്ടല്ലൊ. വിസ്താരഭയത്താൽ കൂടുതൽ പറയുന്നില്ല.

തീർത്ഥയാത്ര.

അറുന്നൂറ്റിമംഗലം കുരിശുമലയിൽ പതിവുപോലെ ൪-ാം വെള്ളിയാഴ്ച തീർത്ഥയാത്ര ചെയ്യുന്നവർക്കു കഴിവുള്ള സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നതാണു്. തീർത്ഥയാത്രക്കാരുടെ ആത്മികാവശ്യങ്ങൾ സാധിക്കുന്നതിനു വേണ്ടതൊക്കെ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

എന്നു്,

അറുന്നൂറ്റിമംഗലം പള്ളി വികാരി.

ക്രിസ്തുമസ് കഴിഞ്ഞുവെങ്കിലും വേദപ്രചാരവേല അവസാനിച്ചിട്ടില്ല. തിരുവല്ലായിലും പള്ളത്തും ആരംഭിച്ച പള്ളിപണി അവസാനിച്ചിട്ടില്ല. വേറെയും ചില സ്ഥലങ്ങളിൽ ആരാധനസ്ഥലം ഉണ്ടാക്കികൊടുക്കുന്നതിനും എല്ലാ മിഷ്യൻ സ്ഥാനങ്ങളിൽ ആരധന നടത്തുന്നതിനും മറും ആയി ചെലവുകൾഉണ്ട്. അതുകൊണ്ട് ക്രിസ്തുമസ് അവസരത്തിൽ ധനസഹായം ചെയ്യാതിരുന്നവരും, യഥാശക്തി ചെയ്യുവാൻ മടി കാണിച്ചവരും ഓരോരുത്തരുടെ ശക്തിക്കനുസരണമായിട്ട ഈ ദൈവിക കാര്യത്തിനു ധനസഹായം ചെയ്യണമെന്നു അഭ്യർത്ഥിച്ചു കൊള്ളുന്നു. ഒന്നു കൊടുത്തവനോടു ഒന്നും പത്തു കൊടുത്തവനോടു പത്തും, ദൈവം കൊടുത്തതിനനുസരണമായി ചോദിക്കുന്നു എന്നുനാം മനസ്സിലാക്കണം. ഒരു പാപിയെ മാനസാന്തരപ്പെടുത്തുന്നവൻ കർത്താവിന്റെ വേലയെ പൂർത്തീകരിക്കുന്നുവെന്നും ദൈവ കാര്യത്തിനു നാം കൊടുക്കുന്ന ധർമ്മം പലപ്പോഴും ലോകൈശ്വര്യത്തിനും എല്ലായ്പോഴും നമ്മുടെ ആത്മിക വളർച്ചക്കും പരലോക സമ്പാദ്യത്തിനും പര്യാപ്തമാകുന്നുവെന്നുള്ള നിത്യസത്യം, നമ്മുടെ ഉള്ളിൽ കടന്നിരുന്നുവെങ്കിൽ, ഹാ ദൈവമെ ഇന്നു നമുടെ ചുറും കാണുന്ന പുറജാതി മതങ്ങളും അകത്തോലിക്കാ സഭകളും എത്രയൊ വേഗത്തിൽ നാമാവശേഷമായിപ്പോകുമായിരുന്നു. നിൻറെ രാജ്യം വരണമെ!!

ക്രിസ്തുമസ്സ് സംബന്ധമായ പിരിവുവിവരം.

		രൂ.	ച.	കാ
1.	കുമരകം നസ്രത്തുപള്ളിയിൽനിന്നും വരവു്	6	14	0
2.	തലയോലപ്പറമ്പുപള്ളിയിൽനിന്നും	42	0	0
3.	ചെങ്ങളം പള്ളിയിൽ നിന്നും	60	0	0
4.	മിത്രക്കരി പള്ളിയിൽ നിന്നും	4	0	0
5.	കൊഴുവനാ പള്ളിയിൽ നിന്നും	75	0	0
6.	ചങ്ങനാശേരി പള്ളിയിൽ നിന്നും	48	0	0
7.	ചിറക്കടവു പള്ളിയിൽ നിന്നും	200	0	0
8.	പൂവരണി പള്ളിയിൽ നിന്നും	25	0	0
9.	നീറന്താനം പള്ളിയിൽ നിന്നും	15	0	0
10.	കാഞ്ഞിരപ്പള്ളിപള്ളിയിൽ നിന്നും	150	0	0
11.	കടനാട്ടുപള്ളിയിൽ നിന്നും	25	0	0
12.	കുമരകം വടക്കേകര പള്ളിയിൽ നിന്നും	10	0	0

13.	കടുത്തുരുത്തി പള്ളിയിൽ നിന്നും	78	5	10
14.	തുക്കുടിസ്ഥാനത്തു പള്ളിയിൽ നിന്നും	7	10	8
15.	ചേപ്പുങ്കൽ പള്ളിയിൽ നിന്നും	15	0	0
16.	പുതുക്കരി പള്ളിയിൽ നിന്നും	5	0	2
17.	നരിയങ്ങാനം പള്ളിയിൽ നിന്നും	20	0	0
18.	കടപ്ലാമറ്റം പള്ളിയിൽ നിന്നും	25	0	0
19.	എലഞ്ഞി പള്ളിയിൽ നിന്നും	60	0	0
	ആകെ.	871	—1—	12

ലോകരക്ഷിതാവേ!
റഷ്യയെ രക്ഷിക്കണമേ!

റവ. ഡോക്ടർ സിറിയക്ക് കാപ്പിൽ പി. എച്ച്. ഡി.

മേൽ ഉദ്ധരിച്ച സുകൃതജപം പരിശുദ്ധ പിതാവ് ഫ്രാ-ാം പീയൂസിന്റെ ഹൃദയാന്തർഭാഗത്തു നിന്നുതന്നെ പുറപ്പെട്ടതാണെന്നുള്ളതിനു സംശയമില്ല. റഷ്യയിൽനടക്കുന്ന അതി ദാരുണമായ വേദഞെരുക്കത്തെ കണ്ടിട്ടു തന്റെ പൈതൃകഹൃദയം അനുഭവിക്കുന്ന വേദനയുടെ ഏതാണ്ടൊരു ലക്ഷ്യമാണ് രണ്ടുമാസത്തിനു മുമ്പു പുറപ്പെട്ട ചാക്രിക ലേഖനം അഥവാ പരസ്യകല്പന.

റഷ്യാ മഹാരാജ്യത്തിൽ മതധ്വംസനം ആരംഭിച്ചിട്ടു കൊല്ലങ്ങൾ പലതായി. മഹാ യുദ്ധത്തോട്ടുകൂടി അതു പുറത്തേയ്ക്കു കേട്ടുതുടങ്ങി. ലെനിൻ പ്രഭൃതികളുടെ യുദ്ധം മനുഷ്യരോടെന്നതിനേക്കാൾ ദൈവത്തോടായിരുന്നു. ദൈവത്തിൽ നിന്നു റഷ്യയെ രക്ഷിക്കണമെന്നാണൊ അവർ ഉദ്ദേശിച്ചതു്? ദൈവത്തെ ഓടിക്കണമെന്നു് അവർ നിനച്ചതു കൊണ്ടായിരിക്കണം യുദ്ധാനന്തരം ക്ഷാമദേവത അവിടെ നൃത്തമാടിയതു്. റഷ്യൻ ജനതതിയെ നാശഗർത്തത്തിൽ നിന്നു വിമുക്തരാക്കുന്നതിനു പത്രോസിന്റെ പിൻഗാമിയും സമാധാന രാജാവുമായ ഫ്രാ-ാം പീയൂസ് തന്റെ ഭരണാരംഭത്തിൽ തന്നെ ശ്രമം തുടങ്ങി. "ദാസന്മാരുടെ ദാസൻ" എന്നു തന്നത്താൻ അഭിധാനം ചെയ്യു

ന്നെങ്കിലും റഷ്യാക്കാർക്കുവേണ്ടിയാണു താൻ ആദ്യം ഭിക്ഷക്കാരനായതു്. മാപ്പുപ്പാ ഫൻഡു—ൽ സ്വന്തം പേരു വച്ചു് റഷ്യക്കുവേണ്ടി ധനസഹായമഭ്യർത്ഥിച്ചുകൊണ്ടു ഒരു അപേക്ഷ അയച്ചു. അതു വെറും വനരോദനമല്ലായിരുന്നു. ലക്ഷക്കണക്കിനുവന്ന പണം ഒരു പ്രത്യേക കമ്മീഷൻ മുഖാന്തിരം, പഞ്ഞംകൊണ്ടു സ്വന്തം കുഞ്ഞുങ്ങളെ കൊന്നുഭക്ഷിച്ച റഷ്യക്കു വിതരണം ചെയ്തു. കഷ്ടിച്ചു എണീറ്റു നില്ക്കാറായപ്പോൾ "ഉണ്ടചോറിനു നന്ദിയില്ലാതെ" റഷ്യൻ ബോൾഷവിക്കുകാർ മതദ്രോഹമാരംഭിച്ചു. അനേകം വൈദികരേയും വൈദികാദ്ധ്യക്ഷന്മാരേയും വാളിനു ഇരയാക്കുകയും കാരാഗൃഹത്തിൽ അടയ്ക്കുകയും ചെയ്തു.

വേദ തെരുക്കം എന്നു സാധാരണ പറയുന്നതു് ഒരു മതവിഭാഗത്തെ തെരുക്കുന്നതിനാണു്. എന്നാൽ റഷ്യയിലെ വേദ തെരുക്കം സകല വേദങ്ങളോടും മായതിനാൽ ലോക ചരിത്രത്തിൽ അതിനൊരു നവീനത്വമുണ്ടു്. അതിനെ "ദൈവ തെരുക്കമെന്നു പറയുകയായിരിക്കും ഭംഗി. ക്രിസ്ത്യാനി എന്നും യഹൂദനെന്നും, മഹമ്മദനെന്നു മുള്ള വ്യത്യാസം റഷ്യൻ മതദ്രോഹികൾക്കില്ല. എല്ലാ മതങ്ങളേയും ദൈവത്തെത്തന്നെയും റഷ്യയിൽനിന്നോടിക്കുകയാണു് അവരുടെ പുറപ്പാടു് 1933—ൽ ദൈവാരാധനയ്ക്കായുള്ള ഒരു സ്ഥലവും റഷ്യയിലുണ്ടായിരിക്കരുതെന്നാണു് അവരുടെ വ്രതം!!

എന്നാൽ കത്തോലിക്കാ സഭയോടു് സോവിയേറ്റു റഷ്യക്കു് കൂടുതൽ വിരോധമുണ്ടു്. അതിനുള്ള കാരണം അനിതരമതസാധാരണമായ അവളുടെ സംഘടനാവിശേഷവും വിശുദ്ധിയും തന്നെ. ഈ കാരണത്താൽ ദേവാലയങ്ങളെ കൊള്ളചെയ്തു് കൊള്ളിവയ്ക്കുന്നതിലും വിശുദ്ധ വസ്തുക്കളേയും സ്വരൂപങ്ങളേയും അഗ്നിക്കിരയാക്കുന്നതിലും വൈദികരെ പീഡകളും മരണവുമനുഭവിപ്പിക്കുന്നതിലും അവർ ബദ്ധശ്രദ്ധരായിരിക്കുന്നു; ബാലികാബാലന്മാരെ അസന്മാർഗ്ഗികളും മതദ്രോഹികളുമാക്കുന്നു; മാതാപിതാക്കന്മാർക്കു മക്കളുടെ മേൽ കർത്തവ്യമൊന്നുമില്ലെന്നു ആജ്ഞാപിക്കുന്നു; കുട്ടികളെ അസന്മാർഗ്ഗികളായ അദ്ധ്യാപകന്മാർ തുളുമാരിൽ നിന്നും നിർബ്ബന്ധം പിടിച്ചെടുക്കുന്നു; ദേവാലയങ്ങളും വൈദിക സ്ഥാപനങ്ങളും കണ്ടുകെട്ടുന്നു. ഇതു നിമിത്തം ഭവനരഹിതരായി റഷ്യൻ തെരുവുകളിൽ അലഞ്ഞുനടക്കുന്ന വിവിധ മതാനുയായികളായ വൈദികരുടെ സംഖ്യ ദൈനംദിനം വർദ്ധമാനമായിരിക്കുന്നു.

ഇതു നികൃഷ്ടവും, നീചവും ക്രൂരിയവുമായ ഇവരുടെ പ്രവൃത്തിക

ൽ പരിഷ്കൃതലോകത്തെ ഭയവിഹ്വലവും സോവ്യേററ് റഷ്യയുടെ ശത്രുവുമാക്കിയിരിക്കുന്നു. ഈ നിഷ്ഠൂരകൃത്യങ്ങൾ പുറത്തേക്കറിയാതിരിപ്പാൻവേണ്ടി ചട്ടംകെട്ടുകൾചെയ്തിട്ടുണ്ടെങ്കിലും സത്യത്തെ മറയ്ക്കുവാനസാദ്ധ്യമായതിനാൽ റഷ്യയിലെ വാസ്തവസ്ഥിതികൾ ഇതിനകംലോകത്തിന്റെ എല്ലാമൂലയിലുമറിഞ്ഞുകഴിഞ്ഞു. പ. പിതാവിന്റെ തിരുവെഴുത്തു് സകലമാനപേരുടെയും അഭിനന്ദനത്തിനു പാത്രീഭവിച്ചു. യൂറോപ്പിലെ മിക്ക ഭരണസ്ഥാപനങ്ങളിലും റഷ്യൻ മതപീഡനത്തെ സംബന്ധിച്ചു് പ്രതിഷേധസ്വരം പുറപ്പെട്ടുകഴിഞ്ഞു. ബോൾഷേവിക്കുസ്മായുള്ള വേഴ്ചവിടുന്നതിനുപോലും പലരും സന്നദ്ധരായിരിക്കുന്നു:

വേദപ്രചാരണപ്പിരിവു്

		ക്ര.	ച.	കാ
വാച്ചാപറമ്പിൽ പൈ. ബ. സ്കറിയാച്ചൻ	ഹാംതവണ	5	0	0
കുഴമ്പിൽ ബ" തോമ്മാച്ചൻ		5	0	0
മുരിക്കൽ പൈ. ബ. യാക്കോച്ചൻ	,,	7	0	0
ശ്രീമതി അന്ന ജോസപ്പു് തുമ്പശേരി കൊല്ലം	,,	5	0	0
ശ്രീമതി വലിയപറമ്പിൽ റോസ മുട്ടുചിറ	,,	1	0	0
മുരിക്കൽ ചാക്കൊ അവുസേപ്പു് അ...ൽ	,,	3	0	0
ചങ്ങനാശേരി ചാക്കോ ഔസേപ്പു് അ...ൽ	,,	1	0	0
മേലുക്കുന്നേൽ തൊമ്മൻ അ...ൽ	,,	1	0	0
ടി വക്കി അ...ൽ	,,	1	0	0
ടി ഔസേപ്പു് അ...ൽ	,,	1	0	0
മാഞ്ഞൂരാൻ ഔസേപ്പു് അ...ൽ	,,	1	0	0
പാലാക്കാരൻ ഔസേപ്പു് അ...ൽ	,,	1	0	0
ചില്ലറതുകകൾ		10	6	0
ആകെ.		42	6	0

ചങ്ങനാശേരി
1930-മാച്ചുമാസം 21-ാംനു-

മുരിക്കൽ പീലിപ്പോസ് ക.
വേദപ്രചാര അസി. ഡയറക്ടർ.
(ഒപ്പു)

ജാതിമതഭേദംകൂടാതെ മാച്ച് ഫൻ-ാം നു- പ. പിതാവിൽെറ നിയോഗപ്രകാരം സകലരും ദൈവത്തിങ്കലേക്കു അവരുടെ സ്വരമുയർത്തിക്കഴിഞ്ഞു. അതെ "ഹാബേലിൻെറ രക്തം നീതിക്കായിപ്രലപിച്ചു" കഴിഞ്ഞു.

ഇഹത്തിൽതെരുക്കം സഭയുടെ ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരംശമാണ്; എന്തെന്നാൽ "നരകവാതലുകൾ അതിനെ വെല്ലുകയില്ലെങ്കിലും" എതിർക്കും. ലോകം ദൈവത്തേയും തൻെറഭരണത്തേയും വെറുക്കുന്നു. സഭയുടെകഴിഞ്ഞ രണ്ടായിരംകൊല്ലത്തെ ചരിത്രം നിരന്തരമായ പോരാട്ടത്തിൻെറയും വിജയത്തിൻെറയും ഒരു ചരിത്രമല്ലാതെ എന്താണു്? എപ്പോഴും പുതിയതും അതേസമയത്തുതന്നെ പഴയതുമായ ഖഡ്ഗത്തിൻെറ നാളാഗമമല്ലയൊ സഭാചരിത്രം? അതു് ലോകാവസാനത്തോളവും ഇപ്രകാരമായിരിക്കും.

കാൽവറി മലമേൽ സമർപ്പിക്കപ്പെട്ട ബലി ഒരു പാപപരിഹാരബലി മാത്രമല്ലായിരുന്നു. അതൊരു ദിവ്യവേദസാക്ഷിത്വം കൂടിയായിരുന്നു. സഭാചരിത്രം പീഡാനുഭവത്തിൻെറ തുടർച്ചയും പൂരണവുമല്ലാതെ മറെറന്താണു? തൻെറ ദ്വാദശ ശിഷ്യരും അവരുടെ പിൻഗാമികളും അവരുടെ ക്രൂശിക്കപ്പെട്ട ഗുരുവിനെ അനുഗമിച്ചു. ആദ്യത്തെ രണ്ടു നൂറാണ്ടുകളിൽ പത്രോസിൻെറ സിംഹാസനത്തെ അലങ്കരിച്ചവരും, അയിരക്കണക്കിനു മെത്രാന്മാരും, കോടി കണക്കിനു വിശ്വാസികളും വേദത്തെ പ്രതിദേഹത്തെ വെടിഞ്ഞു.

മിശിഹായ്ക്കുവേണ്ടി ജീവിക്കുന്നതു ഭാഗ്യമാണെങ്കിൽ തനിക്കുവേണ്ടി മരിക്കുന്നതു മഹാഭാഗ്യമാണ്. അതിനാൽ റഷ്യൻ മതപീഡനത്തെ കത്തോലിക്കാസഭ ഭയപ്പെട്ടുനില്ല. എന്നാൽ റഷ്യൻ സഹോദരങ്ങൾ ജീവിക്കുന്നെങ്കിലും മരിക്കുന്നെങ്കിലും മിശിഹായ്ക്കുവേണ്ടിയാകുവാൻ പ്രാർത്ഥിക്കുന്നതിനാണ് സഭാമാതാവു് ഉപദേശിക്കുന്നതു്. അടുത്തുവരുന്ന ഉയിർപ്പു തിരുനാളും, വി. യൗസേപ്പിൻെറ മദ്ധ്യസ്ഥതിരുനാളും മതപീഡനം സഹിക്കുന്ന റഷ്യക്കുവേണ്ടി അപേക്ഷിക്കാൻ പ്രത്യേകം പറഞ്ഞ അവസരങ്ങളാണു.

മരണത്തെ ജയിച്ചവൻ മരണത്തെ ഭയപ്പെടാതിരിക്കുന്നതിനുള്ള ധൈര്യം അവർക്കു നൽകുന്നതിനും ഹേറോദേശിൻെറ വാളിൽ നിന്നും ദിവ്യപൈതലിനെ രക്ഷിച്ചവൻ റഷ്യൻപൈതലിനേയും കാത്തു രക്ഷിക്കുന്നതിനും ഇടയാകട്ടെ. "ലോകരക്ഷിതാവെ! റഷ്യയെ രക്ഷിക്കു

ണമേ" എന്നുള്ള സ്വരം കോപിച്ചിരിക്കുന്ന ദൈവ നീതിയെ ശാന്തമാക്കും. റഷ്യയിൽ സമാധാനം താമസവിനാ ഉണ്ടാകും. ഉണരുവിൻ, പ്രാർത്ഥിപ്പിൻ.

N. B:—റഷ്യയുടെ സംരക്ഷകയായി പ പിതാവു് നിശ്ചയിച്ചിരിക്കുന്ന വി. കൊച്ചുത്രേസ്യായോടുള്ള ഈ ജപം ചൊല്ലുന്നതനുകരണീയവും ഉപകാരപ്രദവുമായിരിക്കും.

"സൗമ്യയും ദീനദയാലുവുമായ പുണ്യവതീ! സുദീർഘവും കഠിനവുമായ വേദ ഞെരുക്കത്താൽ പീഡിപ്പിക്കപ്പെടുന്ന ഞങ്ങളുടെ റഷ്യൻ സഹോദരങ്ങളെ സഹായിക്കണമേ! വിശ്വാസത്തിൽ സ്ഥിരതയും, ദൈവ സ്നേഹത്തിൽ വർദ്ധനവും, ദൈവത്തിന്റെ ഭാഗ്യവതിയായ മാതാവിൽ വിശ്വാസവും അടുപ്പവും അവർക്കു പ്രാപിച്ചു കൊടുക്കേണമെ. പരിശുദ്ധ പരമ ദിവ്യകാരുണ്യത്തോടു ചെയ്യപ്പെടുന്ന നിന്ദാവമാനങ്ങളെ പരിഹരിക്കത്തക്ക വൈദികർ അവർക്കുണ്ടാകാൻ ഇടയാക്കേണമേ. വിശിഷ്യ മാലാഖായിക്കുട്ടത്ത ശുദ്ധതയും ക്രിസ്തീയ പുണ്യവും യുവജനങ്ങളിൽ സജീവമാക്കി, ഉയർത്ത മിശിഹായുടെ സ്നേഹഹൃദയം പത്രോസിനേയും പിൻഗാമികളേയുമേൽപ്പിച്ച ഏക തൊഴുത്തിലേക്കു ഈ ശ്രേഷ്ഠജനം സ്വ മനസ്സാലെ തിരിച്ചുവന്നു് കാലക്രമത്തിൽ വി. കത്തോലിക്കാസഭയുടെ ഐക്യത്തിലഭിമാനിക്കുന്നതിലുള്ള സന്തോഷത്തെ അറിവാൻ ഇടയാക്കണമേ." ആമ്മേൻ.

സ൦ഗ. ദി. ദ. വി.

ലോകരക്ഷിതാവേ! റഷ്യയെ രക്ഷിക്കണമേ.

പ്രകൃതിപാഠക്ലാസ്സിൽ.

വാദ്ധ്യാർ:—കോഴിയുടെ വയസ്സു നിശ്ചയിക്കുന്നതെങ്ങനെ?.

കുട്ടി:—അതിനല്ലേസാറേ പല്ലുള്ളതു്.

വാദ്ധ്യാർ:—കോഴിക്കൊണ്ടോ പല്ലുള്ളു?

കുട്ടി:—അല്ല സാറേ ഇനിക്കു പല്ലുണ്ടെന്നാ പറഞ്ഞതു്.

——:*:——

പത്രാധിപക്കുറിപ്പുകൾ.

ക. ഞങ്ങളെപ്പറ്റി.

"വേദപ്രചാരമദ്ധ്യസ്ഥൻ" മാസികയുടെ ക-ം ക-ം ലക്കങ്ങൾ ഒരുമിച്ച് ഇതാ മാന്യവരിക്കാരുടെ സ്വീകരണത്തിനായി അയച്ചുകൊള്ളുന്നു. വലിയ നോമ്പുപ്രമാണിച്ചു സകല കത്തോലിക്കാ ഭവനങ്ങളിലും വായിക്കുന്നതിനുതക്ക വിശിഷ്ടലേഖനങ്ങളെ കൂട്ടിച്ചേർത്തുള്ള ഒരു വിശേഷാൽപ്രതി പുറപ്പെടുവിക്കുന്നതു നന്നായിരിക്കുമെന്നുള്ള പല പത്രബന്ധുക്കളുടെയും അഭ്യർത്ഥനയനുസരിച്ചു ഞങ്ങൾ ഇപ്രകാരം ചെയ്തിട്ടുള്ളതാണ്. ഗദ്യമായിട്ടും പദ്യമായിട്ടും ഈലക്കം മാസികയിൽ പ്രസിദ്ധം ചെയ്തിരിക്കുന്ന സദുപദേശങ്ങൾ മാന്യവായനക്കാരുടെ സവിശേഷശ്രദ്ധയ്ക്കും പ്രീതിക്കും പാത്രീഭവിക്കുമെന്നു ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു. വിശിഷ്ടലേഖനങ്ങളെക്കൊണ്ടും ചിത്രങ്ങളെക്കൊണ്ടും മാസികയെ കഴിയുന്നത്ര ഉപയോഗപ്രദവും ആകർഷണീയവുമാക്കി തീർക്കുന്നതിനു ഞങ്ങൾ കഴിയുന്നത്ര പരിശ്രമിച്ചിട്ടുള്ളതും പൂർവാധികം പരിശ്രമിക്കുന്നതുമാണ്. എന്നാൽ മാസികയുടെ കോശസ്ഥിതി അത്യന്തം പരുങ്ങലിലാണെന്നുള്ള വസ്തുത ഞങ്ങളെ അത്യന്തം സന്തപ്തമനസ്കരാക്കുന്നുണ്ട്. ഈ വിഷയം സംബന്ധിച്ചു ബ. മാനേജർ കഴിഞ്ഞതിയിരിക്കുന്ന വിജ്ഞാപനത്തിൽ മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധ പതിയണമെന്നു ഞങ്ങൾ ഹൃദയപൂർവമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഖ. റഷ്യൻ മതപീഡനം.

കഷ്ടാനുഭവങ്ങൾമൂലം ലോകപരിത്രാണനം ചെയ്ത മിശിഹായുടെ സഭയിൽ മതപീഡനകൾ എല്ലായ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. മെക്സിക്കോയിലെ മതപീഡനം ഒട്ടു ശമിച്ചപ്പോൾ ഇതാ! റഷ്യയിൽ വേറൊരു മതപീഡനം തുടങ്ങിയിരിക്കുന്നു. റഷ്യയിലെയും മെക്സിക്കോയിലേയും റോമയിലെയും ഇൻഡ്യയിലേയും എന്നുവേണ്ട ഭൂലോകമാസകലമുള്ള കത്തോലിക്കവിശ്വാസികളെല്ലാംതന്നെ മിശിഹായുടെ ജ്ഞാനശരീരത്തിലെ വിവിധാംഗങ്ങളാണെന്നും, അയതിനാൽ ഓരോ ദേശങ്ങളിലെ പീഡനകൾ

ളിലും സകല കത്തോലിക്കരും സംഘടിപ്പിക്കേണ്ടവരാണെന്നും വിശേഷാൽ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. റഷ്യയിൽ ദൈവത്തോടും മതത്തോടും സന്മാർഗ്ഗ നിയമങ്ങളോടും ചെയ്യപ്പെടുന്ന നിന്ദകളും അവമാനങ്ങളും ക്രൈസ്തവ ലോക പിതാവായ മാർപ്പാപ്പായുടെ ഹൃദയത്തെ എത്രത്തോളം വേദനപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും, റഷ്യയിലെ ദൈവ വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കേണമെന്നു പരിശുദ്ധപിതാവ് എത്ര ശക്തിയായി ആഗ്രഹിക്കുന്നുണ്ടെന്നുള്ളതും അന്യത്ര ചേർത്തിരിക്കുന്ന സുദീർഘലേഖനത്തിൽനിന്നു വിശദമാകുന്നതാണ്. വേദപ്രചാരമദ്ധ്യസ്ഥനായ മാർ യൗസേപ്പുപിതാവിന്റെ മരണത്തിരുനാളിൽ റഷ്യയ്ക്കുവേണ്ടി മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു വർത്തിക്കാൻ ദേവാലയത്തിൽവച്ചു ഒരു ദൈവദ്രോഹപരിഹാരകുർബാനയും വിശേഷപ്രാർത്ഥനകളും നടത്തിയതായും, ഇതിന്റെ തലേ ഞായറാഴ്ചതന്നെ ഇംഗ്ലണ്ടിലുള്ള വിവിധപ്രോട്ടസ്റ്റന്റു വകുപ്പുകാർ ഈ രാജ്യത്തിനുവേണ്ടി വിശേഷപ്രാർത്ഥനകൾ നടത്തിയതായും കാണുന്നു. റഷ്യൻ വിപ്ലവകാരികളുടെ ചില ശിഷ്യന്മാരും അനുയായികളും നമ്മുടെ നാട്ടിലും തലപൊക്കിത്തുടങ്ങിയിരിക്കുന്ന സ്ഥിതിക്കു പ്രത്യേകിച്ചും, ദൈവദ്രോഹികളായ റഷ്യൻ വിപ്ലവകാരികൾക്കു വേണ്ടിയും അവരുടെ മർദ്ദനത്തിൽപെട്ടു വലയുന്ന സാധുജനങ്ങൾക്കുവേണ്ടിയും ലോകരക്ഷകനായ മിശിഹായോടു നാം ഇടവിടാതെ ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

---

൩. കേരളീയ കത്തോലിക്ക് കോൺഗ്രസ്സ്.

കേരളീയ കത്തോലിക്ക് കോൺഗ്രസ്സിന്റെ സംഘടനാപരിശ്രമങ്ങൾ ഏറെക്കുറെ ഉൽജ്ജിതത്തിൽനടന്നുവരുന്നുവെന്നു കാണുന്നതിൽ ഞങ്ങൾ നിർവ്യാജം സന്തോഷിക്കുകയും ഈ ശുഭപരിശ്രമങ്ങളിൽ ഉൾപ്പെട്ടു സമുദായസേവനം ചെയ്യുന്നവരെ ഹാർദ്ദമായി അനുമോദിക്കുകയും ചെയ്യുകൊള്ളുന്നു. ഇടവകശാഖാസംഘങ്ങൾ സ്ഥാപിക്കപ്പെട്ടുവരുന്ന ഇക്കാലത്ത് അവയുടെ പ്രവൃത്തിപദ്ധതിയെപ്പറ്റി രണ്ടുവാക്കു പറയേണ്ടതുണ്ട്. രാഷ്ട്രീയവും സാമുദായികവുമായ പല സംഗതികൾ ഈ ശാഖാസംഘങ്ങൾ വഴി ചെയ്യാവുന്നതും ചെയ്യേണ്ടതുമാണ്. കത്തോലിക്കാ സഭയുടെ മൂലതത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സകല ലൗകികപ്രവർത്തനങ്ങളും സാക്ഷാൽ കത്തോലിക്കാ പരിശ്രമങ്ങളായിരിക്കുന്നതാണ്. എന്നാൽ അങ്ങനെയുള്ള പരിശ്രമങ്ങൾചെയ്യുന്നതിനോടുകൂടി തന്നെ അതിൽ കൂടുതലായി മതത്തെ നേരിട്ടു സ്പർശി

ക്കുന്ന പരിശ്രമങ്ങളിലും നമ്മുടെ ഇടവകശാഖാസംഘങ്ങൾ പ്രവത്തിക്കുവുന്നതും പ്രവത്തിക്കേണ്ടതുമാകുന്നു. നമ്മുടെ ഓരോ ഇടവകകളിലുമുള്ള പുലയർ പറയർ മുതലായ അധഃകൃത്രേയും മറ്റു അജ്ഞാനികളെയും അകത്തോലിക്കരേയും സത്യസഭയിലേക്കു വഴികാണിക്കുന്നതിനുള്ള പരിശ്രമം നമ്മുടെ ഇടവകശാഖാസംഘങ്ങളുടെ അഭിമുഖ്യത്തിൽ നടത്തരുതോ? അതുപോലെ തന്നെ ഒരിടവകയിൽ മദ്യപാനം തുടങ്ങിയ ദുർമ്മാർഗജീവിതസമ്പ്രദായമുണ്ടെങ്കിൽ ആയതിനെ വിവേകപൂർവം തടയുന്നതിനു നമ്മുടെ കത്തോലിക്കു സംഘാംഗങ്ങളിൽ ഒരു ഭാഗത്തിനു ശ്രമിക്കരുതോ? ചെറുകുട്ടികളുടെ വേദാദ്ധ്യാപനവിഷയത്തിൽ ഏർപ്പെട്ടു ബ. വികാരിയെ സഹായിക്കുന്നതിനും ഈ സംഘാംഗങ്ങൾക്കു സാധിച്ചില്ലെന്നുവരുമോ? വേറൊരു സ്ഥലത്തു് യുവജനങ്ങൾ തൊഴിലില്ലാതെ അലഞ്ഞു നടക്കുന്നുണ്ടെങ്കിൽ അവക്കുപജീവനമുണ്ടാക്കിക്കൊടുക്കുന്നതിനു വേണ്ട മാർഗങ്ങൾ നമ്മുടെ ഇടവകയോഗത്തിൽനിന്നു ചെയ്യരുതോ? കത്തോലിക്കു പുസ്തകങ്ങളേയും മാസികകളേയും ധാരാളമായി വരുത്തി ഒരു വായനശാല നടത്തുന്നതിനോ, കത്തോലിക്കു വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനോ നമ്മുടെ സംഘങ്ങൾക്കു സാധിച്ചില്ലെന്നു വരുമോ? ഇവയൊക്കെയും വേഗത്തിൽ സാധിക്കുവുന്നതും സാധിക്കേണ്ടതുമാണു്. ജോലിയില്ലാത്ത അവയവങ്ങൾ കാലക്രമേണ നശിച്ചുപോകുമെന്നു ശരീരശാസ്ത്രജ്ഞന്മാർ പറയുന്നതു നമ്മുടെ ഇടവകയോഗങ്ങളെക്കുറിച്ചും വാസ്തവമായി തീരാനിടയുണ്ടു്. അതുകയാൽ നമ്മുടെ ശാഖാസംഘങ്ങൾ മേൽപറഞ്ഞ കത്തോലിക്കു പരിശ്രമപദ്ധതിയെ പ്രവൃത്തിയിൽ വരുത്താൻ ശ്രമിക്കട്ടെ. എന്നാൽ മാത്രമേ പ്രസ്തുത സംഘങ്ങൾക്കു ജീവനും ദീർഘായുസ്സും ഉണ്ടാകയുള്ളു. ജീവനുണ്ടെന്നു കാണുന്ന പക്ഷം ശരിയായ ക്രമീകരണവും മേൽനോട്ടവും ഉണ്ടാകാതെയിരിക്കുകയില്ല.

ക്രിസ്തു നമ്മോടു്.

ഗാഥ.

(റവ. ഫ്രാൻസർഫിലിപ്പു് കണ്ടങ്കരി.)

ക്രിസ്തുവാംകത്താവു നമ്മോടുചൊല്ലുന്നീ-
വസ്തുത പ്രത്യേകം ശ്രദ്ധിക്കേണം.

"നാഥൻ" ഞാനാണെന്നു നിങ്ങൾ പറയുന്നീ—
നാഥനെകീഴ് വഴങ്ങിടുന്നുണ്ടോ?

"പാഥ" ഞാനാണെന്നു നിങ്ങൾ പറയുന്നീ
പാഥയിലൂടെ നടന്നിടുന്നോ?

"പ്രകാശം" ഞാനെന്നു ചൊല്ലുന്ന നിങ്ങളെൻ
പ്രകാശംതെല്ലുമേ തേടിടുന്നോ?

"ജീവൻ" ഞാനാണെന്നു ചൊല്ലുന്ന നിങ്ങളെൻ
ജീവിതരീതിയെ കാംക്ഷിക്കുന്നോ?

"ജ്ഞാനി" ഞാനാണെന്നു ചൊല്ലുന്നനിങ്ങളെൻ
ജ്ഞാനത്തേപിൻചെന്നു പോരുന്നുണ്ടോ?

"സമ്പന്ന" നാണെന്നു നിങ്ങൾപറയുന്നെൻ
സമ്പത്തിലേതാനും ചോദിക്കുന്നോ?

"സുന്ദരൻ" ഞാനെന്നു ചൊല്ലുന്ന നിങ്ങളെൻ
സൌന്ദര്യമാരാനും സ്നേഹിക്കുന്നോ?

"നിത്യൻ" ഞാനാണെന്നു ചൊല്ലുന്ന നിങ്ങളെൻ
നിത്യത്വം സത്യമായ് തേടുന്നുണ്ടോ?

"കാരുണ്യവാ" നെന്നു നിങ്ങൾ വിളിക്കുന്നെൻ
കാരുണ്യമാക്കാനുമാശ്രയമോ?

"ശ്രേഷ്ഠൻ" ഞാനാണെന്നു ചൊല്ലുന്ന നിങ്ങളെ—
ന്നിഷ്ടത്തെയാണാവോ ചെയ്തീടുക?

"ശക്തൻ" ഞാനാണെന്നു ഘോഷിക്കും നിങ്ങളെൻ
ശക്തിയെതെല്ലുണ്ടു മാനിക്കുന്നോ?

"നീതിമാൻ" ഞാനെന്നു ചൊല്ലുന്ന നിങ്ങളെൻ
നീതിയെ വേണ്ടവോൽ പേടിക്കുന്നോ?

നിങ്ങൾക്കുശിക്ഷഞാൻനൽകുമെന്നാകിലോ
നിങ്ങൾക്കുഖേദിപ്പാൻന്യായമുണ്ടോ?

കത്തോലിക്കു് സാഹിത്യം.

അനന്തനിക്ഷേപം

ജീവിതപ്രാരബ്ധങ്ങളിൽ പെട്ടുനട്ടം തിരിയുന്ന സാധാരണജനങ്ങൾ ചിന്താകുലന്മാരായി സമയം കഴിച്ചുകൂട്ടുന്നു എന്നുള്ളതു് സർവസമ്മതമായ ഒരു കാര്യമാണെന്നിരുന്നാലും, പലരുടേയും 'ചിന്ത,ഭൗമികകാര്യങ്ങളിന്മേലാകുന്നു. മനുഷ്യന്റെ ഉത്ഭവം, ജീവിതോദ്ദേശ്യം അന്ത്യം, മുതലായ നിത്യസത്യങ്ങളെപ്പറ്റി ദിവസംതോറും ചിന്തിക്കുന്നവനാണു് സാക്ഷാൽ 'ഹൃദയത്തിൽ ചിന്തിക്കുന്നവൻ'. ഈദൃശമായചിന്ത, അഥവാധ്യാനം, മനുഷ്യർക്കു് അത്യന്തം ഫലപ്രദവും അവശ്യാവശ്യവുമാണെന്നു കാണിച്ചു് ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന പരിശുദ്ധപിതാവുതിരുമനസ്സുകൊണ്ടു് ഒരു തിരുവെഴുത്തുവിളംബരം പ്രസിദ്ധീകരിച്ചിട്ടു് ഇന്നിയും അധികകാലമായിട്ടില്ല. എന്നാൽപ്രസ്തുതഅനന്തസത്യങ്ങളെപ്പറ്റിയുള്ള ചിന്തകൾ ഒരു ക്രിസ്ത്യാനിക്കു് ലഭിക്കേണ്ടതു് ലോകരക്ഷകനായ മിശിഹായുടെ ജീവിതത്തിൽനിന്നും തിരുവാമൊഴികളിൽ നിന്നുമാകയാൽ ഈ രണ്ടുവിഷയങ്ങളെയും കൂട്ടിഇണക്കിയുള്ള ഒരു പ്രതിദിനധ്യാനഗ്രന്ഥം സകലക്രിസ്തീയ ഭവനങ്ങളിലും ഒരു നിത്യസഖി ആയിരിക്കേണ്ടതു് അത്യാവശ്യമാണു്. മഞ്ഞുമ്മേൽ കർമ്മലീത്താസന്യാസമന്ദിരത്തിലെ ബ്രദർ ലീയോപ്പോൾഡ് ടി. ഒ. സി. ഡി. അവർകൾ ഇംഗ്ലീഷിൽ നിന്നും ഭാഷാന്തരം ചെയ്തു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന "അനന്തനിക്ഷേപം" എന്നഗ്രന്ഥം ഈവിധത്തിലുള്ള ഒരു വിശിഷ്ടഗ്രന്ഥമാണു്. ഇപ്പോൾ മൂന്നുഭാഗമായി അച്ചടിച്ചു പ്രസിദ്ധം ചെയ്തിരിക്കുന്ന ഈ മഹൽഗ്രന്ഥം, അച്ചടി, കടലാസ്സു് ഇവയുടെ മെച്ചംകൊണ്ടും സുഗമവും ലളിതവുമായ ഭാഷാശൈലികൊണ്ടുംകേരളീയകത്തോലിക്കു് വായനക്കാർക്കു് തുലോം യോജിച്ച ഒരു പുസ്തകമാണു്. "ചെറുപുഷ്പമുദ്രാലയം മഞ്ഞുമ്മേൽ" എന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

"യുക്തിവാദിയുടെ യുക്തിവധം"

യൂറോപ്പിലെ പരിഷ്കാരചിഹ്നങ്ങളും ഇൻഡ്യയിലെ പരിഷ്കാരചിഹ്നങ്ങളും തമ്മിൽ ഒരു നൂറ്റാണ്ടത്തെ കാലവ്യത്യാസമുണ്ടെന്നു് ഒരു അനുഭവസ്ഥൻ പണ്ടൊരിക്കൽ പറഞ്ഞിട്ടുള്ളതിന്റെ ര

സികതാം ഇന്നയിടേയാണു് ഞങ്ങൾക്കു ശരിയായി മനസ്സിലാകുന്നതു്! പാശ്ചാത്യലോകത്തിൽ പൻ–ാം നൂറ്റാണ്ടിന്റെ ആരംഭവേളയിൽ ഒരുവക നിരീശ്വരവാദികളും മതവിധ്വംസകന്മാരും സന്മാർഗ്ഗനിയമവിരോധികളും പ്രത്യക്ഷപ്പെട്ടിരുന്നു. എന്നാൽ അക്കാലത്തു് നമ്മുടെ നാട്ടിലാകട്ടെ ഈദൃശവികൃതികളൊന്നും പ്രത്യക്ഷപ്പെട്ടില്ലെന്നതന്നെയല്ല ക്രിസ്തുമതത്തിന്റെ ആരോഗ്യപ്രദമായ രശ്മികൾ പൊതുജനമദ്ധ്യത്തിൽ ഭാസ്വരമായി പ്രകാശിക്കുകൂടി ചെയ്തിരുന്നു. എന്നാൽ ഈ ഇരുപതാം നൂറ്റാണ്ടോടുകൂടി "യുക്തിവാദികൾ"എന്നും "ഉന്നതവിമർശകന്മാ"രെന്നും സ്വയം അഭിധാനം ചെയ്തുവന്നിരുന്ന ഇക്കൂട്ടരുടെ കോലാഹലങ്ങളെല്ലാം തെല്ലുശമിക്കുകയും പൊതുജനങ്ങളുടേയും വിദ്വാന്മാരുടേയും ഇടയിൽ നിരീശ്വരപ്രസ്ഥാനത്തിന്റെ നിലകേട്ടും വിലയില്ലായ്മയും പ്രത്യക്ഷമാകുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. അപ്പോഴിതാ! പടിഞ്ഞാറൻ ചന്തകളിൽ ചെലവാക്കാൻ പ്രയാസമുള്ള പഴഞ്ചരക്കുകളും പേറിക്കൊണ്ടു്, യുക്തിവാദികൾ കിഴക്കൻ ദിക്കുകളിലേക്കു പുറപ്പെട്ടിരിക്കുന്നു! വിദ്യാഭ്യാസവിഹീനതകൊണ്ടും രാജ്യഭരണകൂഴപ്പങ്ങൾകൊണ്ടും അനാഥസ്ഥിതിയിൽ കിടന്ന റഷ്യാരാജ്യത്തിൽ ഈ പഴഞ്ചരക്കുവ്യാപാരം തകൃതിപൊടിച്ചു നടന്നുവരുന്നു. ഈ കാലകോലാഹലകലാപത്തിന്റെ മാറ്റൊലികേട്ടു് ഇളകിവശായിട്ടുള്ള ചില കേരളീയ "യുക്തിവാദികളു"ടെ സാക്ഷാൽ നിറമെന്തെന്നു് ആധുനികശാസ്ത്രജ്ഞന്മാരുടേയും ചിന്തകന്മാരുടേയും വാക്കുകളെയും യുക്തികളേയും അസ്പഷ്ടമാക്കി കാണിച്ചുകൊടുക്കുന്ന ഒരു ചെറുഗ്രന്ഥമാണു് ഞങ്ങളുടെ മുൻപിലിരിക്കുന്ന "യുക്തിവാദിയുടെ യുക്തിവധം" എന്ന ചെറുഗ്രന്ഥം. കേരളീയകത്തോലിക്കർക്കു സുപരിചിതനായ ഫാദർ ജേക്കബു് നടുവത്തുശ്ശേരി അവർകളാൽ എഴുതപ്പെട്ടതും എറണാകുളം മാർ ളൂയിസു് മെമ്മോറിയൽ പ്രസ്സിൽ മുദ്രണം ചെയ്യപ്പെട്ടതുമായ ഈ ലഘുലേഖ കത്തോലിക്കു് സാഹിത്യത്തിനു് ഒരു ഗണ്യമായ സമ്പാദ്യമാണു്.

"ഏവ ലക്ഷം ഇഴവക്കു
ക്രീസ്തു അല്ലാതെ
ഗത്യന്തരമില്ല"

ഹിന്ദുവഗ്ഗത്തിൽപെട്ട ഒരു പ്രസിദ്ധസമുദായത്തിൽ ജനിച്ചു് ഇൻഡ്യയുടെ പുരാതന നാഗരികത്തിന്റെയും സംസ്കാരത്തിന്റെയും

സ്വഭാവത്തെക്കുറിച്ചു് അനല്പമായ അറിവു് സിദ്ധിക്കുവാൻ ഇടയായിട്ടുള്ള ഒരു ഹൈക്കോർട്ടു വക്കീലാണു് ഈ പ്രസിദ്ധഗ്രന്ഥത്തിന്റെ കർത്താവായ ശ്രീമാൻ സി. എൻ. മാധവൻപിള്ള എം. എ. ബി. എൽ. അവർകൾ. ഡെമി എട്ടുവലുപ്പത്തിൽ ക്രൗൺ-ൽ ശിഷ്ടം വശങ്ങളുള്ള ഈ പുസ്തകത്തിൽ, ഈഴവരും ക്രിസ്തുവും, ഈഴവരും നായർമതവും, ഹിന്ദുമതത്തിലെ കപട പ്രമാണങ്ങൾ, ക്രിസ്തുവും ഇൻഡ്യയും എന്നിങ്ങനെ നാലു ടിഷ്ല ഉപന്യാസങ്ങളാണു് അടങ്ങിയിരിക്കുന്നതു്. ഈ ഗ്രന്ഥകർത്താവു പ്രദർശിപ്പിച്ചിരിക്കുന്ന അഭിപ്രായധീരതയും, യുക്തിയുടെ അനിഷേധ്യതയും പാണ്ഡിത്യ ഗാർഢ്യവുംമൂലം അത്യേഹത്തിനു് കേരളത്തിലെന്നല്ല ഭാരതഖണ്ഡത്തിൽതന്നെയുള്ള ചിന്തകന്മാരുടെയിടയിൽ ഗണ്യമായ ഒരു സ്ഥാനം അവകാശപ്പെടുകഴിഞ്ഞിരിക്കുന്നു. "ബ്രാഹ്മണന്റെ പാദശുശ്രൂഷക്കായി ബ്രാഹ്മാവു് ഈഴവരാദിയായവ" "ശൂദ്രരേ സൃഷ്ടിച്ചു" എന്നു ഹിന്ദുധർമ്മംപറയുന്നു. "നീ നിന്റെ അയൽക്കാരനെന്നിന്നെപ്പോലെ സ്നേഹിക്കണം" എന്നു ക്രിസ്തുധർമ്മം ഉപദേശിക്കുന്നു. ഈഴവ സ്വാതന്ത്ര്യത്തിനു ഇതിൽ ഏതു ധർമ്മം കേരളത്തിൽ വിജയിക്കേണമെന്നു് ഈഴവർതന്നെ ബുദ്ധിപൂർവം തീർച്ചയാക്കട്ടെ." എന്നുള്ള മി. മാധവൻപിള്ളയുടെ ഉപസംഹാര വാക്യങ്ങളോടു് ഞങ്ങളും സംപൂർണ്ണമായിയോജിക്കുന്നു.

നി. വ. ദി. ശ്രീ കാളാശേരിൽ മാർ ജയിംസു് മെത്രാനച്ചൻ തിരുമനസ്സിലെ ജീവചരിത്ര സംക്ഷേപം.

ഇപ്പോൾ ചങ്ങനാശേരി മിസ്സത്തെ ഭാഗ്യമോടെ ഭരിച്ചുവരുന്ന തിരുമനസ്സിലെ ജീവിതത്തിലെ വിവിധഘട്ടങ്ങളെ ഏറ്റവും മനോഹരമായും സംക്ഷേപമായും വിവരിക്കുന്ന ഒരു ചെറുഗ്രന്ഥമാണു ഞങ്ങളുടെ മുമ്പിലിരിക്കുന്ന "ജീവചരിത്രസംക്ഷേപം." മലയാളത്തിൽ രചിക്കപ്പെട്ടിട്ടുള്ള ഇതര ജീവചരിത്രങ്ങളെ അപേക്ഷിച്ചു് ഈ പുസ്തകത്തിനു് ഒരു വിശേഷവിധിയുള്ളതു് ഇതിൽ ധാരാളം പടങ്ങളുണ്ടെന്നുള്ളതാകുന്നു. മെത്രാനച്ചൻ തിരുമേനിയെ, ഒരു ശിശുവായും ഒരു യുവവിദ്യാർത്ഥിയായും ഒരു യുവവൈദികനായും ഒരു മെത്രാനായും ഒരേ സമയത്തു കാണുന്നതിനുള്ള ഭാഗധേയം സിദ്ധിക്കുണമെന്നു മോഹിക്കുന്നവർ ഈ പുസ്തകത്തിലെ വിവിധചിത്രങ്ങളെ തിരിച്ചു മറിച്ചു നോക്കിയാൽ മതിയാകുന്നതാണു്. എന്നാൽ ഈ പുസ്തകം വെറും ഒരു ചി

ത്രഗ്രന്ഥമാണെന്നു പറഞ്ഞുകൂടാ. മെത്രാനച്ചൻ തിരുമനസ്സിലെ കുടുംബം, വിദ്യാഭ്യാസം, ഔദ്യോഗികകൃത്യങ്ങൾ, വിദേശസഞ്ചാരങ്ങൾ, ലേഖനചാതുര്യം, പ്രഭാഷണസാമർത്ഥ്യം, പട്ടാഭിഷേകമഹാമഹം, സമുദായനേതൃത്വം, രൂപതാഭരണം, എന്നീ സംഗതികളെപ്പറ്റി ഈ ചെറുഗ്രന്ഥത്തിൽ കൊടുത്തിരിക്കുന്ന വാക്ചിത്രങ്ങൾ പരിപൂർണ്ണവും ഹൃദ്യവും അതിശയോക്തിവിഹീനവുമാണെന്നു കാണുന്നതിൽ ഞങ്ങൾക്കു അനല്പമായ സന്തോഷമുണ്ട്. മെത്രാനച്ചൻ തിരുമനസ്സിലെ സ്വദേശിയും പരിശ്രമശീലനും ദേശാഭിമാനിയും ആയ ഗ്രന്ഥകർത്താവു മി: കെ. എം. ജേക്കബ് മാപ്പിളയെ ഞങ്ങൾ മനഃപൂർവം അഭിനന്ദിക്കുകയും അദ്ദേഹത്തിന്റെ ഈ കൃതിക്കു സകല വിജയങ്ങളും ആശംസിച്ചുകൊള്ളുകയും ചെയ്യുന്നു. വില രൂപാ ഒന്നുമാത്രം. ഗ്രന്ഥകർത്താവിനോടപേക്ഷിക്കുക.

വിദ്യാർത്ഥിമിത്രം.

വിദ്യാർത്ഥികളുടെ നിർദ്ദോഷമായ മാനസികപരിഷ്കാരത്തേയും സാഹിത്യാഭിവൃദ്ധിയേയും ഉദ്ദേശിച്ചു് കത്തോലിക്കു് ഉടമസ്ഥതയിലും പത്രാധിപത്യത്തിലും ചങ്ങനാശേരിൽനിന്നും പുറപ്പെടുന്ന ഒരുത്തമമാസികയാണു് ഞങ്ങളുടെമുൻപിലിരിക്കുന്ന വിദ്യാർത്ഥിമിത്രം. ഈമാസികയിൽകത്തോലിക്കസാഹിത്യകാരന്മാരായമെസ്സേഴ്സ് ഐ. സി. ചാക്കോ, ബി. ഏബി. എസ്., സി. എൻ്. എക്സ്. കുഞ്ഞൻ ബി. ഏ. ബി. എൽ. കെ.ഇ.ജോബ് എം എ എൽറ്റി, മുതലായവരുടേയുംഅക്രൈസ്തവസാഹിത്യകാരന്മാരായ കൊച്ചി അപ്പൻതമ്പുരാൻതിരുമനസ്സുകൊണ്ടു്, മെസ്സേഴ്സ്. സി.എൻ. അനന്തരാമയ്യാശാസ്ത്രിഎം. എ; പി. അനന്തൻപിള്ള എം. എ. പി. ശങ്കരൻനമ്പ്യാർഎം. എ. കൊട്ടാരത്തിൽശങ്കുണ്ണി മുതലായ പ്രസിദ്ധ ലേഖകന്മാരുടെയും ലേഖനങ്ങൾ ചേർത്തു കാണുന്നുണ്ടെങ്കിലും, കത്തോലിക്കതത്വങ്ങൾക്കെതിരായി യാതൊന്നും ഞങ്ങൾ ഇതേവരെകണ്ടിട്ടില്ല. ഈ ഉദ്ദേശമായ സാഹിത്യ പരിശ്രമങ്ങൾ കത്തോലിക്കരുടെ സവിശേഷമായ ആദരവിനെ അർഹിക്കുന്നതാണെന്നുള്ളതിനു സംശയമില്ല.

കുടുംബദീപം.

ചെറുപുഷ്പമുദ്രാലയത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്ന കുടുംബദീപം എന്ന ഭക്തമാസിക ഇവിടെ അഭിപ്രായത്തിനയച്ചുതന്നിട്ടുള്ളതു് നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. കത്തോലിക്കു് പ്രസിദ്ധീകരണങ്ങൾ എത്രതന്നെ വർദ്ധിച്ചാലും അധികമായിപോകുന്നതല്ല. വിശ്വാസത്തിന്റെ വെളിച്ചത്തെസകല ക്രിസ്തീയ ഭവനങ്ങളിലേക്കും ഈ വൃതിയ സഹജീവി ആനയിപ്പിക്കുമാറാകട്ടെ.

ജപമാലപുസ്തകസഖ്യം.

വിശുദ്ധകർമ്മാനയുടെ

സർവരാജ്യദമ്മേളനം

—:(o):—

(ഏപ്രിൽമാസത്തിലെനിയോഗം.)

ദൈവം ഒരുകാലത്തു ഇസ്രായേല്യന്റെ മദ്ധ്യത്തിൽഇറങ്ങി അവരോടു സംസാരിച്ചിരുന്നുവെന്നും, തന്നിമിത്തം, "ഇസ്രയേലിന്റെദൈവം എത്രനല്ലവനാകുന്നു" എന്നപുറജാതികൾ പറഞ്ഞിരുന്നുവെന്നും വേദപുസ്തകത്തിൽ നാം വായിക്കുന്നു. എന്നാൽഇന്നു ദൈവംതന്റെ ജനത്തിന്റെഇടയിൽ ചിലസമയംമാത്രം പ്രത്യക്ഷനാവുകയല്ലചെയ്യുന്നതു്. "മനുഷ്യമക്കളോടുകൂടിവസിക്കുന്നതാകുന്നുഎന്റെസന്തോഷം" എന്നരുളിച്ചെയ്തുകൊണ്ടു് വിശുദ്ധകർമ്മാനവഴിയായി ഇടവിടാതെ അങ്ങു് നമ്മോടുകൂടിവസിക്കുന്നു. "ദൈവംനമ്മോടുകൂടെ" എന്നുള്ള വിശുദ്ധ ലിഖിതങ്ങളിലെവാക്യംഇന്നു് അനുപദ്ധമായിട്ടുണ്ടു്. "ആകാശത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പമാകുന്നുഞാൻ" എന്നു് ഈ വിശുദ്ധകൂദാശയെ ഉദ്ദേശിച്ചു് ഈശോ പ്രവചിച്ചപ്പോൾ യൂദേയശ്രോതാക്കൾ വിശ്വസിച്ചില്ല. "ഈ പ്രസംഗം കടുത്തതാകുന്നു" എന്നുപറഞ്ഞുകൊണ്ടു് അവർ അകന്നുകളഞ്ഞു. എങ്കിലുംനമ്മെ "അനാഥരായിവിട്ടേച്ചുപോകുവാൻ" ഈശോയുടെസ്നേഹം അനുവദിച്ചില്ല. "എടുത്തുഭക്ഷിപ്പിൻ. ഇതു് എന്റെശരീരമാകുന്നു" എന്നരുളിച്ചെയ്തുകൊണ്ടു് അവിടുന്നു വിശുദ്ധകർമ്മാനയെസ്ഥാപിക്കയും, തദ്വാരാ നമ്മോടുകൂടിവസിക്കയുംചെയ്യുന്നു. മോക്ഷവാസികളുടെ ആരാധനസ്തുതി സ്നേഹസ്തോത്രങ്ങൾക്കും വിഷയമായ ദൈവംതന്നെ സ്നേഹബന്ധനസ്ഥനായി ഭൂമിയിൽവസിക്കുന്നു. അതിനാൽ സ്വർഗ്ഗവാസികളും ഭൂവാസികളും

ഒന്നിച്ചു സാഷ്ടാംഗം നമിച്ചു് വിശുദ്ധകുർബാനയെ ആരാധിച്ചു് സ്തുതിപ്പാൻ ന്യായമായിരിക്കുന്നു. എന്നുവരികിലും ഈ വാസുവം ലോകം വേണ്ടവിധം അറിഞ്ഞിട്ടില്ല. വിശുദ്ധയോഹന്നാൻ എഴുതിയിരിക്കുന്നതുപോലെ നിങ്ങൾ അറിയാത്ത ആൾ നിങ്ങളുടെ മദ്ധ്യത്തിൽ നില്ക്കുന്നുണ്ടു്. ലോകത്തിലേക്കു താൻ വന്നു; ലോകം തന്നെ അറിഞ്ഞില്ല. തനിക്കുള്ളവരുടെ പക്കലേക്കു താൻ വന്നു; അവരും തന്നെ സ്വീകരിച്ചില്ല." ദിവ്യകാരുണ്യ ഈശോയെപ്പറ്റി കേട്ടിട്ടില്ലാത്ത കോടാകോടി അക്രൈസ്തവരുടെ അജ്ഞതയും, കേട്ടിട്ടും വിശ്വസിക്കാത്തലക്ഷോപലക്ഷം അകത്തോലിക്കരുടെ അവിശ്വസവും, വിശ്വസിച്ചിട്ടും സ്നേഹിച്ചുസേവിക്കാത്ത അനേകായിരം കത്തോലിക്കരുടെ നന്ദികേടും ഇവിടെ നാം ചിന്തിക്കണം. "ഇത്രനാൾ ഞാൻ നിങ്ങളോടുകൂടിയായിരുന്നിട്ടും നിങ്ങൾ എന്നെ അറിഞ്ഞില്ലല്ലോ" എന്നുള്ള ഈശോയുടെ ദീനസ്വരം സകല കത്തോലിക്കഹൃദയങ്ങളേയും തട്ടിഉണർത്തേണ്ടതാണു്.

സ്നേഹകുടാശ്രയിലെ ദൈവത്തിന്റെ നേക്കുള്ള നമ്മുടെ വിശ്വാസവും പ്രതിസ്നേഹവും പ്രദർശിപ്പിക്കുന്നതിനുള്ള പ്രധാന മാർഗ്ഗങ്ങൾ, ദിവ്യ പൂജയിൽ സംബന്ധിക്കുക, വി. കുർബാനസ്വീകരിക്കുക, സന്ദർശിക്കുക, ദിവ്യകാരുണ്യ വരസ്യാരാധനകളും മഹായോഗങ്ങളും പ്രദിക്ഷണങ്ങളും നടത്തുക എന്നിവയാകുന്നു. റോമാ, ചിക്കാഗൊ സിഡ്നി എന്നിസ്ഥലങ്ങളിലെ ദിവ്യകാരുണ്യ മഹായോഗങ്ങൾ നമ്മുടെ അടുത്ത ഓർമ്മയിലുള്ളതാണു്. ലണ്ടനിൽവച്ചു ഒരു മഹായോഗം നടത്തിയ അവസരത്തിൽ മ്ശിഹാരാജാവിനു് ആ നഗരത്തിൽകൂടി ഒരു ഘോഷയാത്ര അനുവദിച്ചു കിട്ടിയില്ലെന്നുള്ളതും ആരും മറക്കുന്നതല്ല. അടുത്ത മഹായോഗം കാത്തേജിൽ വച്ചാണല്ലൊ നടത്താനിരിക്കുന്നതു്. അതിന്റെ വിജയംവഴിയായി ക്രിസ്തുരാജാവിന്റെ രാജ്യം പൂർവ്വോപരി വിസ്തൃതമാകുന്നതിനു് തിരുഹൃദയഭക്തർ ഏപ്രിൽ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കയും വിശുദ്ധ കുർബാന സ്വീകരിക്കയും ചെയ്യണമെന്നു് പരിശുദ്ധ പിതാവു് ആഗ്രഹിക്കുന്നു. സൂര്യനെ കേന്ദ്രീകരിച്ചുകൊണ്ടു് ചലിക്കാത്തപക്ഷം അതു് ഭൂമിക്കും മറ്റു് ഗ്രഹങ്ങൾക്കും നാശകാരണമായിരിക്കുന്നതുപോലെ, മനുഷ്യ ഹൃദയങ്ങളും ദിവ്യസൂര്യനായ ദിവ്യകാരുണ്യ ഈശോയെ കേന്ദ്രമാക്കി ജീവിക്കാതെ അവക്കു് സമാധാനവും മുക്തിയും ലഭിക്കയില്ല. "പിതാവായ ദൈവത്തേയും അവിടുന്നയച്ച സുതനായ ഈശോയേയുംഅറിയുന്നതാണല്ലൊ നിത്യജീവൻ".

ഇങ്ങനെ സ്നേഹതടവുകാരനായ ദിവ്യകാരുണ്യ ഈശോയെ ഇപ്പോൾ എല്ലാവരും അറിഞ്ഞു സ്നേഹിച്ചു് ബഹുമാനിക്കുന്നതിനും, കേരളത്തിൽതന്നെ ഒരു നിത്യാരാധനസ്ഥാപനം അവിരേണ ഉണ്ടാകുന്ന

തിനും, "ഞാൻ കാരാഗൃഹത്തിലായിരിക്കയിൽ നിങ്ങൾ എന്നെ സന്ദർശിച്ചതുകൊണ്ട് എന്നെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ" എന്നുള്ള ആശീർവ്വാദ വചനങ്ങൾ ഒടുവിലത്തെ ദിവസം കേൾക്കുന്നതിനും ഇടയാകുവാനായി നമുക്കു പ്രാർത്ഥിക്കാം.

മെയ്മാസം:—ശുദ്ധതയുടെ മാതൃകയും സംരക്ഷകയുമായ പ. കു. മറിയം. (റവ. ഫാദർ മാത്യു, ആലക്കുളം)

വർത്തമാനകുറിപ്പുകൾ

പുനരൈക്യപരിശ്രമങ്ങൾ—കത്തോലിക്കു സഭയിൽനിന്നു ഓരോ കാരണവശാൽ പിരിഞ്ഞു പോയിട്ടുള്ള ജനങ്ങൾക്കു സംഘം ചേർന്നു വീണ്ടും തങ്ങളുടെ മാതൃസഭയിലേക്കു വന്നെത്തണമെന്നുള്ള വിചാരം കൂടുതലായി പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുള്ള ഒരു കാലിഘട്ടമാണ് ഇതു്. ഇംഗ്ലണ്ടിലെ ഹൈചർച്ചുകാരിൽ പലർക്കും ഈ അഭിപ്രായമുള്ളതാണ്. ആധുനിക വൈസ്രോയിയുടെ പിതാവായ ഹാലിഫാക്സ് പ്രഭുവും ബെൽജ്യം മെത്രാപ്പോലീത്തായായിരുന്ന കാർഡിനൽ മെഴ്സിയേയും തമ്മിൽ ഇതുസംബന്ധിച്ചു ചില രഹസ്യസംഭാഷണങ്ങൾ നടന്നിരുന്നതിനെപ്പറ്റി ഈയിടെ ഒരു പുസ്തകം പ്രസിദ്ധീകൃതമായിരിക്കുന്നു. ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റൻറുകാർ കത്തോലിക്കു സഭയിൽ ചേരുന്നപക്ഷം അവർക്കു ഒരു കാർഡിനൽ പാത്രിയർക്കീസിനേയും മറ്റും കൊടുക്കാമെന്നു കാർഡിനൽ മെഴ്സിയേ വാഗ്ദാനം ചെയ്തിട്ടുള്ളതായി ആ പുസ്തകത്തിൽനിന്നു് ആർക്കും തോന്നിപ്പോകും. പക്ഷേ, ഈ രഹസ്യസംഭാഷണങ്ങൾഔദ്യോഗികവാഗ്ദാനങ്ങളല്ലെന്നും, ഇരക്കുന്നതിനു മുൻപിൽ കാലുനീട്ടുവാനുദ്ദേശിക്കുന്നതു ശരിയല്ലെന്നും, ഇംഗ്ലണ്ടിലെ കത്തോലിക്കു പത്രങ്ങൾ തങ്ങളുടെ പ്രോട്ടസ്റ്റൻറു സഹോദരങ്ങളെ അറിയിച്ചുവരുന്നു.

കത്തോലിക്കു വിദ്യാഭ്യാസം—ശിശുക്കളുടെ വിദ്യാഭ്യാസവിഷയത്തിൽ മാതാപിതാക്കന്മാർക്കു തിരുസഭയ്ക്കും ഉള്ള കടമകളേയും അവകാശങ്ങളെയും അവഗണിച്ചും നിസ്സാരമാക്കിയും പല ഗവർമ്മെൻറുകളും നിയമങ്ങൾ പാസ്സാക്കി വരുന്നതിൻെറ അനൌചിത്യത്തെ വിശദീകരിച്ചുകൊണ്ടു മാർപാപ്പാ തിരുമനസ്സുകൊണ്ടു ഒരു തിരുവെഴുത്തുവിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. കുട്ടികളെ മതതത്വങ്ങൾക്കനുസരണമായി വിദ്യാഭ്യാസം ചെയ്യിക്കേണ്ടതിൻെറ ആവശ്യകതയെയുക്തിയുക്തം വിശദീകരിച്ചു രചിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത തിരുവെഴു

ത്തു അനേകം അകത്തോലിക്കു ചിന്തകന്മാരുടെ ശ്രദ്ധയെ ബലാൽ ആകർഷിച്ചുവരുന്നു.

റഷ്യയിലെ ദുരവസ്ഥ—റഷ്യയിലെ നിരീശ്വരപ്രസ്ഥാനത്തിനെതിരായി മാർപാപ്പാ തിരുമനസ്സുകൊണ്ടു ചെയ്യുവരുന്ന പരിശ്രമങ്ങളെപ്പറ്റി അറിഞ്ഞ ഉടനെ റഷ്യായിലെ വിപ്ലവകാരികൾ തങ്ങളുടെ വിക്രിയകളെ പൂർവ്വാധികം വർദ്ധിപ്പിച്ചിരിക്കുന്നു. ഇക്കഴിഞ്ഞ മാച്ചു മൻ-ാംമ- വത്തിക്കാൻദേവാലയത്തിൽവെച്ചു മാർപാപ്പാ റഷ്യയ്ക്കുവേണ്ടിപ്രത്യേകപ്രാർത്ഥനകൾ നടത്തിയഅവസരത്തിൽതന്നെ, അട്ടത്തുവരുന്ന ഉയിർപ്പു തിരുനാളിൽ ജനങ്ങളെ പള്ളിയിൽ കയറാതിരിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി അവർ രൂപീകരിച്ചു ഊർജ്ജിതമായി പ്രവൃത്തി തുടങ്ങിയിരിക്കുന്നു. ഇക്കഴിഞ്ഞ ഏതാനും ആഴ്ചകളിൽ അനേകം ദേവാലയങ്ങൾ പൂട്ടിപ്പൂട്ടുകയും രണ്ടു വൈദികർ വെടിവെച്ചു കൊല്ലപ്പെടുകയും ചെയ്യുവത്രേ. വിശ്വാസങ്ങൾ നശിപ്പിച്ചുചെയ്യുമ്പോൾ ദൈവഭയംമാർ കണ്ണീരു പൊഴിക്കുന്നു.

മതപരിവർത്തനം—ചങ്ങനാശേരിക്കടുത്തുള്ള മിത്രക്കരി ഇടവകയിൽ 12 കോമരത്തറവാട്ടുകാർ കുടുംബസഹിതം കത്തോലിക്കസഭയിൽ ചേരുകയും തൽസംബന്ധമായി നടന്ന വൈദികകർമ്മങ്ങളിലും പൊതുയോഗത്തിലും വന്ദ്യവിയ്യശ്രീ മൊൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ വി. ജി. അവർകൾ പ്രധാനഭാഗം വഹിക്കുകയും, ഒരു വമ്പിച്ച ജനസമൂഹം ഭാഗഭാക്കാകുകയും ചെയ്തിരിക്കുന്നു. ഈഴവരുടെ വൈദികവസ്ത്രത്തിൽപെട്ട ഈ ധീരാത്മാക്കളെ അനുകരിക്കുന്നതിനു വേറെ ആരും ഇല്ലെന്നുവരുമോ?

ക്രിസ്തീയ വേദോപദേശം.

വില്പാൻതയാർ വിലക്കുറവു്.

നല്ലമേനിക്കടലാസിൽ സന്ദർഭോചിതമായ പടങ്ങളോടുകൂടി തയ്യാറാക്കപ്പെട്ട ക്രിസ്തീയ വേദോപദേശം ഒന്നും, രണ്ടും, മൂന്നും, ഭാഗങ്ങളും, ക്രൂശതപരിഷ്കരിച്ചുതയ്യാറാക്കിയ "ദൃകുലപ്രസംഗം," "ശരാധനസംഗ്രഹം" "പതിനെട്ടുലക്ഷം ഈഴവരും ക്രിസ്തുവും" എന്നിവയുടെ കോപ്പികൾ വില്പാൻതയ്യാറായിരിക്കുന്നു.

ആവശ്യക്കാർ താഴെകാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

മാനേജർ, റവ. കെ. സെബാസ്റ്റ്യൻ
സെൻറു സെബാസ്റ്റ്യൻ ബുക്ക്ഡിപ്പോ
പി. പി. ബസ്സാർ, ചങ്ങനാശേരി

ഉപകാരസ്മരണകൾ.

ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും ദൈവമാതാവിന്റെയും വി. യൌസേപ്പുപിതാവിന്റെയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താലും കാലംചെയ്ത കുഴുളച്ചേരി മെത്രാനച്ചന്റെ മദ്ധ്യസ്ഥത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ത്രു. ക.

കെ. ജെ. ജോസഫ് തുരുത്തി.

കല്ലുക്കളം കപ്പേളയിൽ വി. കൊച്ചുത്രേസ്യായോടുള്ള മദ്ധ്യസ്ഥാപേക്ഷയാൽ എന്റെ കാലിന്റെ സുഖക്കേടു ഭേദമായതിനു് ത്രു. ക.

ഈശോയുടെ സഖീനാ. സ.

മാർ യൌസേപ്പുപിതാവിന്റെയും മാർ അന്തോനീസുപുണ്യവാന്റെയും വി. കൊച്ചുത്രേസ്യായുടെയും മദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ത്രു. ക.

അന്തീനാട്ട് ഉലഹന്നൻ കുറിച്ചിത്താനം.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുപകാരസ്മരണ ത്രു. ക.

എം. ഓ. ജോസഫ് കടുത്തുരുത്തി.

വി. ഗീവർഗീസിന്റെയും വി. ദേവസ്യാനോസിന്റെയും മദ്ധ്യസ്ഥത്താൽ സുഖക്കേടു ഭേദമായതിനു് ത്രു. ക.

വട്ടക്കാവിൽ തൊമ്മൻ ഉരുളിക്കുന്നം.

വി. കൊച്ചുത്രേസ്യായുടെമദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ ത്രു. ക.

സെബാസ്യൻ തോമ്മസു് ചേന്നങ്കര എടത്വാ.

എന്റെ ഭാര്യയുടെ അപകടകരമായ സുഖക്കേടു്, വി. യൌസേപ്പുപിതാവിന്റെ ചരടു് ഉപയോഗിച്ചതുകൊണ്ടും മദ്ധ്യസ്ഥനിൽ പ്രസിദ്ധപ്പെട്ടത്താമെന്നു് നേർന്നതുകൊണ്ടും സുഖമായതിനു് ഉപകാരസ്മരണ ത്രു. ക. ജോസഫ് ക്രൂരിപറമ്പിൽ അമ്പാറ.

വി. യൌസേപ്പുപിതാവിന്റെയും കൊച്ചുത്രേസ്യായുടേയും മാർ തോമ്മാമെത്രാനച്ചന്റെയും മദ്ധ്യസ്ഥത്താൽ കുട്ടിയുടെ ദീനം സുഖപ്പെട്ടതിനു ഉപകാരസ്മരണ ത്രു. ക. എളങ്ങുളം.

എന്നെ ബാധിച്ചിരുന്ന കഠിനരോഗത്തിനു് വി. അന്തോനീസിന്റെ സഹായത്താൽ അതിയായ ശമനം വന്നിരിക്കുന്നതിനു് കൃതജ്ഞതയായി ഒരു രൂപാ അയയ്ക്കുന്നു. എം. എം. ഓ. പ്രവിത്താനം.

ചരമവാർത്ത

തമ്പലക്കാട്ട് ഇടവക വട്ടക്കാട്ട വി. സി. ഇട്ടിയവിരാപ്പെബ്രുവരി ൧൯-൹ം൯൨- വ൪ഷം൩മത്തെ വയസ്സിൽ കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു. R. I. P.

കത്തോലിക്കാ ലോകം

൧. വ. പിതാവ് ൧൨-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ഉരുപ്പട്ട സപ്തതിജൂബിലി അടുത്ത ജൂൺമാസാവസാനംവരെ നീട്ടിയിരിക്കുന്നതിനാൽ കഴിഞ്ഞ ആണ്ടുവക ൧-ാം നമ്പർ വരസ്യ കല്പനയിലെ താല്പര്യമനുസരിച്ചുള്ള സൽകർമ്മങ്ങൾ ചെയ്യാൽ ജൂബിലി പ്രമാണിച്ചുള്ള ദണ്ഡവിമോചനങ്ങൾ ജൂലൈ ൧-ാംനു-വരെ പ്രാപിക്കാവുന്നതാണ്.

൨. റഷ്യയിൽ കഠിനമായി വേദനയനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്കുവേണ്ടി വിശ്വാസികൾ പ്രാർത്ഥിക്കുന്നതിനു പുറമെ ഉയിർപ്പുതിരുനാളിലും വി. യൗസേപ്പ് പിതാവിന്റെ മദ്ധ്യസ്ഥതിരുനാളിലും വാഴ്ത്തപ്പെട്ടവരെല്ലാവരും കൂടിസ്സമ്മതിച്ച് വി. കുർബാന കൈക്കൊണ്ടു റഷ്യയിൽ സമാധാനമുണ്ടാകുന്നതിനു കാഴ്ച വയ്പ്പാൻ ബ. വികാരിമാരും മറ്റ് ആത്മപാലകന്മാരും ജനങ്ങളെ അറിയിക്കേണ്ടതാണ്.*

൩. ഇവിടെ ബോധിപ്പിക്കുന്ന ഹർജികൾ അപേക്ഷകൾ മുതലായവയും വകപ്പുകളും മേലാൽ ഈ കച്ചേരിമുഖേന അതിനുള്ള കടലാസിൽ മഷികൊണ്ടു എഴുതി ബ. വികാരിയുടെ സാക്ഷിയോടുകൂടി ബോധിപ്പിക്കേണ്ടതാണെന്നും കച്ചേരിക്കടലാസുകൾ ഇവിടെനിന്നോ അതാതിടവക പള്ളികളിൽനിന്നോ വാങ്ങിക്കാവുന്നതാണെന്നും ബ. വികാരിമാർ ജനങ്ങളെ അറിയിച്ചുകൊള്ളണം.

൪. ബ. അച്ചന്മാരുടെ സ്ഥലം മാറ്റം.

കല്ലുപ്പുറമ്പിൽ	ബ. ഗ്രിഗോറി	ക. കാവാലം അസി.
കോയിപ്പള്ളി	,, വുഗീസു	ക. കൈനടി വികാരി.
മുക്കാട്ടുകുന്നേൽ	,, ജേക്കബ്ബ്	ക. കേസറിയാ വി.
എട്ടൊന്നിൽ	,, പീലിപ്പ്	ക. വിളക്കുമാടം അസി.

* "ലോകരക്ഷിതാവേ! റഷ്യയേരക്ഷിക്കണമെ" എന്നലേഖനവും അതോടനുബന്ധിച്ച പ്രാർത്ഥനയും കാണുക. മ. വ.

കുന്നത്തുപുരയിടത്തിൽ	ബ.	ദേവസ്യാ ക. തുരുത്തി അസി.
മണക്കാട്ട	,,	തോമ്മാ ക. മുട്ടുചിറ അസി.
പഴയപറമ്പിൽ	,,	തോമസ്സ് ക. കാഞ്ഞിരത്താനം അസി.
പുന്നക്കാട്ട	,,	ജോർജ്ജ് ക. എല ഞ്ഞി അസി.
താഴത്തേട്ട	,,	തോമസ്സ് ക. ക്രൂട്ടല്ലൂർ അസി.
ചെമ്പകശ്ശേരിൽ	,,	സെബാസ്റ്റ്യൻ ക. ചങ്ങനാശേരി അസി.
വകശ്ശേരി	,,	ഫ്രാൻസിസ്സ് ക. കിഴപറയാറ് അസി.
കാപ്പിൽ	,,	കുരുവിള ക. വായിപ്പു പഴയപള്ളി വി.
കോടിക്കളത്തു	,,	മത്തായി ക. വെളിച്ചിയാനി വി.
വടക്കേമുറി	ബ.	അബ്രാഹം ക. കടയിനിക്കാട്ട, മുണ്ടന്താനം വി
അറാംഞ്ഞേരി	,,	ജോൺ ക. മുളക്കുളം വി.
മുണ്ടിയാനിക്കൽ	,,	തോമ്മാ ക. മറ്റക്കര വി.
മറ്റത്തിൽ	,,	ഫിലിപ്പ് ക. പാളയം വി.
പെരുമ്പള്ളി	,,	ജോസഫ് ക. കോളങ്ങാലി പിറവം. വി.
പൂവത്തുങ്കൽ സ്റ്റോറിയാ	,,	ക. പാലാ ഫൊ. അസി. (നെല്ലിയാനി.)

ഫ. അരമന.
ഫ—ര—ന ാ

വി. ജി.

സെണ്ട്റൽബാങ്ക്
(ക്ലിപ്തം) പാലാ.

ഡിപ്പോസിറ്റുകൾ സ്വീകരിച്ചു താഴെ കാണുന്ന നിരക്കിൽ പലിശ കൊടുക്കപ്പെടും.

കറൻറ് ഡിപ്പോസിറ്റ്	....	ന്നു	ശതമാനം.
സേവിംഗ്സ്	....	ൽ	,,
സ്ഥിരം ആറു മാസത്തേക്കു്	....	ൽ	,,
,, ഒരു വർഷത്തേക്കു്	....	ൻ	,,
,, രണ്ടുവർഷത്തേക്കും അധികവും	ഫ		,,

കൂടുതൽ വിവരങ്ങൾക്കു് താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

കയ്യാലക്കകത്തു് ജോസഫ് അഗസ്തി,
മാനേജിംഗ് ഡയറക്ടർ.

വരിക്കാർക്കു പ്രത്യേക വിജ്ഞാപനം.

മദ്ധ്യസ്ഥൻ മാസികയുടെ രണ്ടാം പുസ്തകം അവസാനിക്കാറായിരിക്കുന്നു. ഇതു ചുരുങ്ങിയ വരിസംഖ്യക്കു് ഇതു വലുപ്പത്തിൽ നടത്തപ്പെടുന്ന വേറൊരു മാസിക ഈ മലയാള രാജ്യത്തിൽ വേറെ ഉണ്ടെന്നുതോന്നുന്നില്ല. എങ്കിലും ഞങ്ങളുടെ മാന്യവരിക്കാരിൽ പലരുടെയും അശ്രദ്ധയും കരുണയില്ലായ്മയും മൂലം ഞങ്ങൾക്കു അനുഭവിക്കുന്ന ബുദ്ധിമുട്ടു കുറെക്കു കണക്കില്ല. അതുകയാൽ മാന്യവരിക്കാർ തങ്ങൾക്കു അടച്ചു തീർക്കുവാനുള്ള വരിസംഖ്യ ഉടൻ അയച്ചുതന്നു ഞങ്ങളെ സഹായിക്കുവാനപേക്ഷിച്ചുകൊള്ളുന്നു.

മൂന്നാം പുസ്തകം മുതൽ മാസികവരിപ്പണം ഒരു രൂപ അയിരിക്കുന്നതും, എന്നാൽഓരോകൊല്ലവും ജൂലൈമാസം-ാം നു-യ്യതുകം ഇവിടെ വരിസംഖ്യ അയച്ചു തരുന്നവക്കു് പതിവുപോലെയുള്ള ഫർണ. സൌജന്യനിരക്കു് കൊടുക്കുന്നതുമാണു്. ഏജൻറന്മാർവഴി മാസിക വാങ്ങിക്കുന്നവക്കെന്നപോലെ തന്നെ അഞ്ചൽവഴി വാങ്ങിക്കുന്നവക്കും മേലാൽ ഈ സൌജന്യനിരക്കു് ഉപകരിക്കുന്നതായിരിക്കും.

എന്നു് മാനേജർ
"വേദപ്രചാര മദ്ധ്യസ്ഥൻ"
ചങ്ങനാശ്ശേരി.


വിൽപ്പാൻ തയാർ.

ചരക്കുമെച്ചം! വില സഹായം!!

പള്ളി ആവശ്യത്തിലേക്കുള്ള അൾത്താരതിൻമേഴുകു തിരികളും, സ്പ്രിംഗിലേക്കുള്ള പെരുതരം തിരികളും കൂടാതെ തിരിവാക്കാനുള്ള വെള്ളക്കുട്ടികളും വില്പാൻ തയ്യാർ.

കുന്നത്തു ഔസേപ്പ് ഔസേപ്പ്,
തുരുത്തി, ചങ്ങനാശ്ശേരി.

ഹാർമ്മോണിയങ്ങൾ.



ഇവിടെ എല്ലാത്തരത്തിലുമുള്ള ചവിട്ട് ഹാർമ്മോണിയങ്ങളും, റീഡ്സ്, സിലലോയിഡ് മുതലായ ഫിറ്റിംഗ്സുകളും എപ്പോഴും മിതമായ വിലയ്ക്കു കൊടുപ്പാൻ തയ്യാർ. ആവശ്യക്കാർ താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

എം. റ്റി. ജേക്കബ്
മണ്ണമ്പിലാക്കൽ.
A. O. ചിറക്കടവു്
P. O. കാഞ്ഞിരപ്പള്ളി.

പഞ്ചാംഗം

ഏപ്രിൽ=നാ.

ഇം.	മല.	
ര.	ഉദ.	ആദ്യവെള്ളി.
സ.	വ്യ.	✠ നോ: ദി—ാം തൊയ്. അ. സ. അറ.
ക്ഷ.	ച.	✠ നോ: സ—ാം ഞാ. ഓശാന. അ. ഒ. അറ.
ഛ.	ദി.	പെസഹാവ്യാഴം
ഫ.	ന്ന.	ദുഃഖവെള്ളി.
ക്ഷ.	ഒ.	ദുഃശനി.
ഠ.	വ.	✠ ഉയിർപ്പ് ഞാ. ക. ച. കദ്. (ക്യൂതാ.)
ഡ.	ഛദ.	✠ ഉയിർപ്പിന്റെ ച—ാംഞാ.

മെയ് നാ.

ച.	ക്ഷ.	വ്യാ. വ. ക. മ. വണക്കമാസാരംഭം.
ര.	ഉദ.	✠ ഉയിർപ്പിന്റെ ഉ—ാം ഞാ. അ. സ. മെസ്.
ഛ.	ഡ.	✠ ഉയിർപ്പിന്റെ സ—ാം ഞാ. വി. യൊ. മാദ്ധ്യസ്ഥ ത്രി. } കദ്. ര. അറ.
ഫ.	ദ	✠ ഉയി: ര—ാം തൊയ. അറ. ദി. കദ്.
ഖ.	ഛദ.	ഉയി: ദി—ാം തൊയ. കദ്. സ്ന. മെസ്.
ഡ.	ഛന്ന	✠ വ്യാഴം സ. ക. സ്വർഗ്ഗാരോഹണം.

Reg. No. T. 213. വേ. പ്ര. മദ്ധ്യസ്ഥൻ.

"മദ്ധ്യസ്ഥൻ" ബുക്ക്ഡിപ്പോവിൽ

വിൽപാനുള്ള പുസ്തകങ്ങൾ.

	Rs.	as.	p.
Holy Bible	4	4	0
Imitation of Christ	0	12	0
New Testament	0	12	0
വേദോപദേശം	0	3	6
രാജാക്കന്മാരുടെ പുസ്തകം	1	2	0
ശ്രീയേശുക്രിസ്തു	1	8	0
ശ്രീയേശുവിജയം മഹാകാവ്യം മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള	1	0	0
രീത്തിയുത്ഥാനകൾ			
റവ. സിറിയക്കൊച്ചിൽ	0	8	0
തിരുഹൃദയാനുകരണം	1	14	0
കേരളത്തിലെ ഉപനിഷത്തുകൾ			
കെ. ഇ. ജോബ			
M. A. L. T.	1	0	0
ഹിന്ദുമതതത്വശാസ്ത്രനിരൂപണം	1	10	0
മഹാദേവയ്യർ	0	8	0
പ്രത്യക്ഷവരുവും ദാനിയേൽ നിരൂപണവും	0	4	0
ഒരു കയ്യൂ വി. ഒ. വ			
ഗ്രീസ് വാളക്കഴി	0	3	0
വാപ്പായുടെ അധിപത്യവും മിസ്റ്റർ കെ. എൻ. ഡാനിയേലും കെ.സി.യോ			
മസ് B. A. L. T.	0	8	0

	Rs.	as.	p.
ഗ്രന്ഥോപദേശക	0	8	0
വരിനെല്ലിക്കുന്നേൽ ഇയ്യ വക്കു കുന്നുപള്ളിയത്ത് ഗീവന്നാമിക്കുസ്സ്.എൻ.മാധവൻപിള്ള M A B.L.	10	0	
ഫാർഡറിക്ക് ഒന്നാമൻ	0	8	0
കോട്ടയം കോൺഫറൻസുപ്രസംഗങ്ങൾ	0	8	0
ശ്രീയേശുസന്ദേശം	0	4	0
രാത്രവാദി	0	8	0
ഒരു വഞ്ചിയോ വഞ്ചിയോ	0	2	0
മതനിഗ്രഹത്തിന്റെ റവ. മൊ. ആന്റണി			
പുതുശ്ശേരി	0	1	0
സത്യാന്വേഷികൾക്കു ശ്രവണപ്രിയം	0	1	4
കത്തോലിക്കാസഭയും വേദപുസ്തകവും റവ. സ്റ്റാറിയാ പുവത്തുങ്കൽ	0	1	0
കത്തോലിക്കാസഭ എന്നായിരിക്കുന്നില്ല? റവ. ഫാദർ കാർട്ടി S. J.	0	1	0
വേദപുസ്തകം മാത്രമോ	0	1	0
മാപരിവർത്തനം	0	1	0
ഒരുവാക്ക് റവ. ജേക്കബ് വെള്ളരിങ്ങാട്ട്	0	1	0

അപേക്ഷിക്കേണ്ടതു മേൽവിലാസം,
മാനേജർ, മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ,
ചങ്ങനാശ്ശേരി.

Printed and published by *Rev. Fr. M. Alakalam* at the St. Joseph's Orphanage Press: Changanacherry.